# CHURCH OF SOUTH INDIA
# MADHYA KERALA DIOCESE

ദക്ഷിണേന്ത്യാ സഭ

# പഞ്ചാംഗം 2021

# ALMANAC - 2021

## CYCLE - B

For Literature Board
DIOCESAN PUBLICATIONS
KOTTAYAM 686 001

## ദക്ഷിണേന്ത്യാ സഭ

# പഞ്ചാംഗം 2021

**പുതുക്കിയ ആവർത്തനചക്രം**
**അനുസരിച്ചുള്ള അപേക്ഷകളും**
**വേദഭാഗങ്ങളും.**

## CYCLE - B

*സാഹിത്യ ബോർഡിനുവേണ്ടി*
**ഡയോസിസൻ പബ്ലിക്കേഷൻസ്**
സി. എം. എസ്. പ്രസ്., കോട്ടയം 686 001
ഫോൺ: 04812567278

# ദക്ഷിണേന്ത്യാ സഭ – മദ്ധ്യകേരള മഹായിടവക

## പഞ്ചാംഗം 2021

ഈ പഞ്ചാംഗത്തിൽ ചേർത്തിരിക്കുന്ന ഞായറാഴ്ചകളിലും മറ്റു പ്രത്യേക നാളുകളിലും ഉപയോഗിക്കുന്നതിനു തെരഞ്ഞെടുത്തിരിക്കുന്ന വിഷയങ്ങളും വേദഭാഗങ്ങളും "ഇൻഡ്യയിലെ സഭകളുടെ ഐക്യകൂട്ടായ്മ"യുടെ (സി. എസ്. ഐ., സി. എൻ. ഐ., മാർത്തോമ്മാ ഐക്യ കൗൺസിൽ) "ആരാധനയും ദൗത്യവും"എന്ന കമ്മീഷൻ സഭകളുടെ ഐക്യ കൂട്ടായ്മ പൊതുവായി അംഗീകരിച്ച പൊതു പഞ്ചാംഗത്തിലെ മൂന്ന് ആരാധനാചക്രങ്ങളിൽ രണ്ടാമത്തേതിൽനിന്ന് എടുത്തിട്ടുള്ളതാണ്.

സ്ഥിരീകരണ ശുശ്രൂഷ, ആദ്യഫലപ്പെരുന്നാൾ, ദേവാലയ പ്രതിഷ്ഠ/ വാർഷികം, സിനഡ്/ കൗൺസിൽ മീറ്റിംഗുകൾ എന്നീ അവസരങ്ങളിലേക്കുള്ള വേദഭാഗങ്ങളും അപേക്ഷകളും പഞ്ചാംഗത്തിന്റെ അവസാനം ചേർത്തിരിക്കുന്നു.

വിശുദ്ധ സംസർഗ ശുശ്രൂഷാമദ്ധ്യേ ഉപയോഗിക്കുവാനുള്ള കാലോചിത അവതാരികകൾ, സി. എസ്. ഐ. സഭയിൽ അംഗ മാകുന്നതിനും, വിവാഹം, പുനർ വിവാഹം എന്നിവയ്ക്ക് അപേക്ഷിക്കാനുള്ള നടപടിക്രമങ്ങൾ, സ്ഥിരീകരണ ശുശ്രൂഷ നടത്തുന്നതിനെ സംബന്ധിച്ച് പട്ടക്കാരും ഉപദേശിമാരും അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ, അപേക്ഷകളുടെ ഇംഗ്ലീഷ് പരിഭാഷ എന്നിവ ചേർത്തിട്ടുണ്ട്.



# തിരുവചനം വായിക്കുന്നതിനു മുമ്പുള്ള പ്രാർത്ഥന

ദൈവമേ, നിന്റെ ന്യായപ്രമാണത്തിലെ അത്ഭുതങ്ങളെ കാണേണ്ടതിന് എന്റെ കണ്ണുകളെ തുറക്കേണമേ (സങ്കീ. 119:18).

നിന്റെ വചനം ശ്രദ്ധിക്കുന്നതിനും അതിന്റെ അർത്ഥം ഗ്രഹിക്കുന്നതിനും ഈ ദിവസം മുഴുവനും അത് അനുസരിക്കുന്നതിനു ശക്തി പ്രാപിക്കേണ്ടതിനും ദൈവമേ, കേൾക്കുവാൻ സന്നദ്ധമായ കാതുകളെയും ഗ്രഹിക്കുന്നതിന് ഒരുക്കമുള്ള മനസ്സിനെയും പ്രവർത്തിക്കുന്നതിനു തീരുമാനമെടുക്കുവാൻ ഇച്ഛാശക്തിയെയും ഞങ്ങൾക്കു തരേണമേ.

കർത്താവേ, അങ്ങയുടെ ഉപദേശങ്ങളെ കേൾക്കേണ്ടതിന് ഞങ്ങളുടെ മനസ്സിന്റെ ദൃഷ്ടികളെ തുറക്കേണമേ; നീ ഞങ്ങളുടെ ശരീരങ്ങളുടെയും മനസ്സുകളുടെയും പ്രകാശമാകുന്നുവല്ലോ.

കർത്താവേ, ഞങ്ങൾ നിന്റെ വചനം കേൾക്കുന്നവർ മാത്രമായിത്തീരാതെ അതിനെ അനുസരിക്കുന്നവരുമാകേണ്ടതിന് നിന്റെ പവിത്രമായ ക്രിയകളുടെ വിവരണങ്ങളെ ഞങ്ങളുടെ ഹൃദയങ്ങളിൽ എഴുതേണമേ.

കർത്താവേ, നിന്റെ വചനം ഭക്തിയോടും വിനയത്തോടും സ്വീകരിക്കുവാനുള്ള കൃപ തന്ന് ഞങ്ങളുടെ മനസ്സുകളെ പ്രകാശിപ്പിക്കേണമേ. അതുകൂടാതെ നിന്റെ സത്യം ആർക്കും ഗ്രഹിക്കുവാൻ സാദ്ധ്യമല്ലല്ലോ.

കർത്താവേ, നിന്റെ വചനം ഞങ്ങളുടെ കാലുകൾക്കു ദീപവും ഞങ്ങളുടെ പാതയ്ക്കു പ്രകാശവുമായിരിപ്പാൻ കൃപ ചെയ്യേണമേ (സങ്കീ. 119:105).

പരിചിതമായ വാക്കുകളിൽ പുതിയ അറിവും, അശ്രദ്ധ മായി വിട്ടുകളയുന്നവയും മനസ്സിലാക്കാൻ കഴിയാത്തവയുമായ വേദഭാഗങ്ങളിൽ പുതിയ നിക്ഷേപങ്ങളും കണ്ടെത്തുവാനും, അവയിൽകൂടെ ഉൾക്കാഴ്ചയും അവബോധവും നടത്തിപ്പും വെളിപ്പാടും ദൈവമഹത്വദർശനവും പരിശുദ്ധാത്മാവേ, നിന്റെ കൃപമൂലം ഞങ്ങളിലേക്കു പകരേണമേ.

ഞങ്ങളുടെ കർത്താവായ ദൈവമേ, നിന്റെ വചനം ഞങ്ങ ളുടെ ഹൃദയകാഠിന്യത്താൽ നഷ്ടമായിപ്പോകാതെ നല്ല നില ത്തിൽ വീണ വിത്തുപോലെ ഫലം കായ്പ്പാൻ സഹായിക്കേ ണമേ.

കർത്താവേ, നിത്യജീവന്റെ ഭാഗ്യകരമായ പ്രത്യാശ മുറു കെ പിടിക്കുവാൻ, നിന്റെ തിരുവചനം കേൾക്കുന്നതിനും വായിക്കുന്നതിനും പഠിക്കുന്നതിനും ഗ്രഹിക്കുന്നതിനും ഞങ്ങളെ സഹായിക്കേണമേ. **ആമെൻ.**

# ജനുവരി

## 2021 ജനുവരി 1, വെള്ളി

**പുതുവത്സരം (ഉടമ്പടി ദിനം)**

**ദൈവത്തിന്റെ അനുസ്യൂത കൃപാക്രിയകൾ**

| | | |
|---|---|---|
| രാ. | സെഫ. 3: 14-20 | റോമർ 5:1-11 |
| | സങ്കീ. 136 | ലൂക്കോ. 13:1-9 |
| വൈ. | യോവ. 2:23-27 | വെളി. 3:7-13 |

തങ്കലേക്കു തിരിയുന്നവരെ കൃപയുടെ നിരന്തര പ്രവർത്തനങ്ങളിലൂടെ രക്ഷിക്കുന്ന ഉടമ്പടിയുടെ ദൈവമേ, കഷ്ടത സഹിഷ്ണുതയെയും സഹിഷ്ണുത സിദ്ധതയെയും, സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു എന്നു തിരിച്ചറിഞ്ഞു ഞങ്ങളുടെ കഷ്ടതകളിലും നിനക്കു സ്തുതി പാടുവാൻ ധൈര്യമുള്ളവരായിരിക്കുവാൻ നിന്റെ സ്നേഹത്തിൽ ഞങ്ങളെ പുതുക്കി, ഞങ്ങളുടെ നിന്ദയെ സ്തുതിയാക്കി രൂപാന്തരപ്പെടുത്തി, നിന്നിലേക്കു ഞങ്ങളെ യഥാസ്ഥാനപ്പെടുത്തണമെന്നു ഞങ്ങളെ സ്നേഹിക്കുന്ന പിതാവായ ദൈവത്തിന്റെയും, ഞങ്ങൾ പാപികളായിരിക്കുമ്പോൾ തന്നെ ഞങ്ങൾക്കുവേണ്ടി മരിച്ച ക്രിസ്തുവിന്റെയും, കാലാവസാനം കൂടാതെ ഞങ്ങളുടെ ഹൃദയങ്ങളെ സ്നേഹത്താൽ നിറയ്ക്കുന്ന പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഞങ്ങൾ അപേക്ഷിക്കുന്നു. **ആമേൻ.**

## 2021 ജനുവരി 03, ഞായർ

***ക്രിസ്തുമസ്സിനു പിമ്പ് 2-ാം ഞായർ***

**വിമോചനത്തിനായുള്ള വെളിപാട്**

| | | |
|---|---|---|
| രാ: | യെശ 61:1-11 | വെളിപാട് 5: 1-10 |
| | സങ്കീ: 76 | ലൂക്കോ 4:16-21 |
| വൈ: | യിരെ. 24: 1-7 | അപ്പോ 27:18-26 |

സർവ്വശക്തനും കൃപാലുവുമായ ദൈവമേ, വിമോചന ശബ്ദമായ ക്രിസ്തുവിലൂടെ നിന്നെ തന്നെ വെളിപ്പെടു

ത്തിയതിനായി സ്തോത്രം.ഞങ്ങളുടെ അജ്ഞതയാൽ അടിമത്വത്തിനും ബന്ധനത്തിനും അടിച്ചമർത്തലിനും കാരണഭൂതരായിത്തീരുന്ന സാഹചര്യങ്ങളെ തിരിച്ചറിയുന്നതിനുള്ള പ്രാപ്തി ഞങ്ങൾക്കു നൽകേണമേ. പാപത്തിന്റെ അന്ധകാരത്തിൽ നിന്നും എല്ലാവിധ അടിമത്വങ്ങളിൽ നിന്നും നിന്റെ ജനത്തെ വിമോചിപ്പിക്കുന്ന ഉപകരണങ്ങളായിത്തീരുന്നതിനു, നിന്റെ പരിശുദ്ധാത്മാവിനാൽ നിറയപ്പെടുവാൻ കൃപ അരുളണമെന്നു, നിന്നോടും പരിശുദ്ധാത്മാവിനോടും കൂടെ കാലാവസാനം കൂടാതെ ജീവിച്ചു വാഴുന്ന ഞങ്ങളുടെ കർത്താവും ലോകത്തിന്റെ വിമോചകനുമായ യേശുമശിഹാമൂലം ഞങ്ങൾ അപേക്ഷിക്കുന്നു. **ആമേൻ.**

## 2021 ജനുവരി 6, ബുധൻ

### മഹത്വപ്രകാശനാൾ

### ക്രിസ്തു സകലജനങ്ങളേയും തന്നിലേക്ക് ആകർഷിക്കുന്നു

യെശ. 56: 1-8 വെളി 7:9-17

സങ്കീ. 72 മത്താ. 2: 1-12/മർക്കോ 1:1-9

സകലരാജ്യങ്ങളുടെയും ജനതകളുടെയും ദൈവമേ, അന്ധകാരശക്തിയിൽ നിന്ന് ഞങ്ങളെ വീണ്ടെടുത്തു നിന്നോടു ചേരുവാനും ജീവന്റെ രാജ്യത്തിനവകാശിയാകുവാനും ജീവന്റെ പ്രകാശമായ നിന്റെ പുത്രനായ യേശുക്രിസ്തുവിനെ അയച്ചുവല്ലോ. ഞങ്ങളുടെ ഹൃദയ ദൃഷ്ടികളെ തുറന്നു നിന്നെ കാണുവാനും പൂർണ്ണസമർപ്പണത്തോടെ നിങ്കലേക്കു വരുവാനും ഞങ്ങളെ സഹായിക്കണമെന്നു നിന്നോടും പരിശുദ്ധാത്മാവിനോടും കൂടെ ഏകദൈവമായി കാലാവസാനം കൂടാതെ ജീവിച്ചുവാഴുന്ന യേശുക്രിസ്തുമുഖാന്തരം ഞങ്ങൾ അപേക്ഷിക്കുന്നു. **ആമേൻ.**

## 2021 ജനുവരി 10, ഞായർ

*മഹത്വപ്രകാശ നാളിന് പിമ്പ് 1–ാം ഞായർ*

**വിളിക്കു യോഗ്യമായി ജീവിക്കുക**

| | | |
|---|---|---|
| രാ. | സദൃ. 20: 1–11 | റോമ. 6: 12–21 |
| | സങ്കീ. 14 | മത്താ. 7: 16–23 |
| വൈ. | ന്യായാ. 16: 16–21 | ഗലാ. 5:16–24 |

പരിശുദ്ധനും ഞങ്ങളുടെ സൃഷ്ടിതാവുമായ ദൈവമേ നിന്റെ വിളിക്കുയോഗ്യമായ ജീവിതം നയിക്കുവാൻ ഞങ്ങളെ ശക്തീകരിക്കേണമേ. നിന്റെ നീതിപാതകളിൽ നടക്കുവാനും നിശ്ചയദാർഢ്യത്തോടെ ദൈനംദിന ജീവിതത്തിൽ എല്ലാ തിന്മയിൽ നിന്നും ഒഴിഞ്ഞിരിക്കുവാനും ഞങ്ങളെ സഹായിക്കേണമെ. പാപത്തിന്റെ ആധിപത്യത്തിൽ നിന്ന് ഒഴിയുവാനും ഞങ്ങളുടെ ജീവിതങ്ങളിൽ നിന്റെ കൃപാവാഴ്ച ഉണ്ടാകുവാൻ ഞങ്ങളെ തന്നെ സമർപ്പിക്കുവാനും ഞങ്ങളെ ശക്തീകരിക്കേണമെ. നിന്റെ മുമ്പാകെ നല്ല ഫലം കായ്ക്കുന്ന നല്ല വൃക്ഷങ്ങളായി തീരുവാൻ ഞങ്ങളെ ഉത്സാഹിപ്പിക്കണമെന്നു നിന്നോടും പരിശുദ്ധാത്മാവിനോടും കൂടെ ഏകദൈവമായി കാലാവസാനം കൂടാതെ ജീവിച്ചുവാഴുന്ന യേശുക്രിസ്തുമുഖാന്തരം ഞങ്ങൾ അപേക്ഷിക്കുന്നു. **ആമേൻ.**

## 2021 ജനുവരി 17, ഞായർ

*മഹത്വപ്രകാശ നാളിന് പിമ്പ് 2–ാം ഞായർ*

**ഒരു കർത്താവും ഒരു സ്നാനവും**

| | | |
|---|---|---|
| രാ. | സംഖ്യ. 11: 23–30 | 1 കൊരി. 10: 1–4 |
| | സങ്കീ. 23 | യോഹ. 10: 7–18 |
| വൈ. | ആമോസ് 9:5–12 | 1 യോഹ. 3:1–10 |

പുതുജീവന്റെ ദൈവമേ, വിശുദ്ധിയിലും നീതിയിലും സമാധാനത്തിലും സമത്വത്തിലും ഞങ്ങളെ പുനഃസൃഷ്ടിക്കുവാൻ നീ ആഗ്രഹിക്കുന്നുവല്ലോ. സ്നാപനം എന്ന

കൂദാശയിലൂടെ ഞങ്ങളെ സ്പർശിക്കുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നതിനായി സ്തോത്രം ചെയ്യുന്നു. ക്രിസ്തുയേശുവിൽ സ്നാനപ്പെട്ടവരായ ഞങ്ങൾ പുതിയ ആദമായ യേശുക്രിസ്തുവിന്റെ യോഗ്യതമൂലം പുതുക്കം ധരിച്ചിരിക്കുന്നു എന്ന് തിരിച്ചറിയുവാൻ സഹായിക്കണമെന്നു പിതാവിനോടും പരിശുദ്ധാത്മാവിനോടും കൂടെ ഏകദൈവമായി കാലാവസാനം കൂടാതെ ജീവിച്ചുവാഴുന്ന യേശുക്രിസ്തുമുഖാന്തരം ഞങ്ങൾ അപേക്ഷിക്കുന്നു. **ആമേൻ.**

## 2021 ജനുവരി 24, ഞായർ

***മഹത്വപ്രകാശ നാളിന് പിമ്പ് 3-ാം ഞായർ***

**സഭൈക്യ ഞായർ**

**നീതിക്കും സമാധാനത്തിനുമായുള്ള ഐക്യം**

| | | |
|---|---|---|
| രാ. | യെഹ. 37: 15-28 | ഫിലി. 4: 8-20 |
| | സങ്കീ. 4 | മത്താ. 5: 21-26 |
| വൈ. | ആവ. 15:7-11 | 2 കൊരി. 8:1-15 |

സമാധാനപ്രഭുവായ നിന്റെ പുത്രനെ ഞങ്ങളുടെ വീണ്ടെടുപ്പിനായി അയച്ച സമാധാനത്തിന്റെയും നീതിയുടെയും ദൈവമേ, നീതിയുടെ ആത്മാവിനാൽ ഞങ്ങളെ ശക്തീകരിക്കണമേ. അങ്ങനെ ഞങ്ങൾ വീണ്ടും വരുന്നവനായ ന്യായാധിപനെ കാത്തിരിക്കുവാനും എല്ലാ കാര്യങ്ങളിലും ശരിയായ നിലപാടുകൾ കൈക്കൊള്ളുവാനും നീതിയുടെ ആത്മാവിനാൽ ഞങ്ങളെ ശക്തീകരിക്കണമെന്നു പിതാവിനോടും  പരിശുദ്ധാത്മാവിനോടും ഏകദൈവമായി കാലാവസാനം കൂടാതെ ജീവിച്ചുവാഴുന്ന യേശുക്രിസ്തുമുഖാന്തരം ഞങ്ങൾ അപേക്ഷിക്കുന്നു. **ആമേൻ.**

## 2021 ജനുവരി 25, തിങ്കൾ

### പൗലൊസിന്റെ മാനസ്സാന്തരം

| | |
|---|---|
| യെര. 1: 4–10 | സങ്കീ. 67 |
| അ. പ്ര. 9: 1–18 | മത്താ. 19: 27–30 |

സർവശക്തനായ ദൈവമേ, നിന്റെ അപ്പോസ്തലനായ പൗലൊസിന്റെ അതിശയകരമായ മാനസ്സാന്തരത്തിനായും അവനിൽക്കൂടി സുവിശേഷത്തിന്റെ വെളിച്ചം ലോകത്തിലെങ്ങും പ്രകാശിപ്പിച്ചതിനായും ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു. പൗലൊസിന്റെ പ്രഘോഷണത്തിലെ സത്യം വിശ്വസ്തതയോടെ സ്വീകരിക്കുവാനും അനുസരിക്കുവാനും ഞങ്ങളെ സഹായിക്കേണമേ. പിതാവിനോടും പരിശുദ്ധാത്മാവിനോടും കൂടെ ഏകദൈവമായി കാലാവസാനം കൂടാതെ ജീവിച്ചു വാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മുഖാന്തിരം ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ, **ആമേൻ.**

## 2021 ജനുവരി 26, ചൊവ്വ

### ഉത്തരവാദിത്വമുള്ള പൗരത്വം

### റിപ്പബ്ലിക് ദിനം

| | |
|---|---|
| ആമോ. 5:7–15 | റോമ. 13:1–10 |
| സങ്കീ. 146 | മർക്കൊ.12:13–17 |

ജീവിതത്തെ ക്രമപ്പെടുത്തുന്ന ദൈവമേ, ക്രമരഹിത സാഹചര്യങ്ങളിൽ ജീവൻ പകരുന്ന നിന്റെ കൃപയ്ക്കായി ഞങ്ങൾ നിനക്ക് നന്ദി അർപ്പിക്കുന്നു. വിശക്കുന്നവരെ പോഷിപ്പിക്കുകയും, പീഡിതരെ സ്വതന്ത്രരാക്കുകയും ചെയ്യുന്ന ദൈവരാജ്യത്തിന്റെ പുതിയക്രമത്താൽ ഇപ്പോഴുള്ള ഭരണസാഹചര്യങ്ങളെ പുനഃക്രമീകരിക്കുവാൻ ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു ഞങ്ങളെ നിന്റെ രാജ്യത്തിലെ അംഗങ്ങളെന്ന നിലയിൽ ഉപദേശിച്ചുവല്ലോ.

ദൈവരാജ്യത്തിലെ അംഗങ്ങളെന്ന നിലയിൽ ഉത്തര വാദിത്വമുള്ള പൗരൻമാരായി ജീവിച്ചു നിന്റെ നാമത്തെ മഹത്വപ്പെടുത്താനുള്ള കൃപ ഞങ്ങൾക്ക് നൽകണമെന്നു നിന്നോടും, പരിശുദ്ധാത്മാവിനോടുംകൂടെ എന്നേക്കും ഏകദൈവമായി ജീവിച്ചു വാഴുന്ന ഞങ്ങളുടെ കർത്താ വായ യേശുക്രിസ്തു മൂലം അപേക്ഷിക്കുന്നു. **ആമേൻ.**

## 2021 ജനുവരി 31, ഞായർ

***ഉയിർപ്പിനു മുമ്പ് 9 – ാം ഞായർ***

**സൃഷ്ടിയുടെ നന്മ**

| | | | |
|---|---|---|---|
| രാ. | ഉല്പ. | 1:24–31 | എഫെ. 1:3–14 |
| | സങ്കീ. | 104:1–13 | മത്താ. 6:9–13 |
| വൈ. | പുറ. | 17:1–6 | അപ്പൊ. പ്ര.10:9–16 |

തിരുസാദൃശ്യത്തിലും തിരുസ്വരൂപത്തിലും ഞങ്ങളെ സൃഷ്ടിക്കുകയും ക്രിസ്തുയേശുവിന്റെ രക്തത്താൽ ഞങ്ങളെ വീണ്ടെടുക്കുയും ചെയ്ത സ്രഷ്ടാവായ ദൈവമേ, നിന്റെ വാഗ്ദത്തമായ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ മുദ്രയിടേണമേ. നിന്റെ കൃപയുടെ അത്യന്തധനത്താൽ ഞങ്ങളുടെ അതിക്രമങ്ങളെ ക്ഷമിക്കുകയും സർവ്വസൃഷ്ടി യോടും നിരപ്പ് പ്രാപിക്കുവാൻ ഞങ്ങളെ സഹായിക്കുകയും ചെയ്യേണമേ. അങ്ങനെ ദൈവസൃഷ്ടിയുടെ കാര്യവിചാര കരായ ഞങ്ങൾ, സൃഷ്ടിയുടെ നന്മയെ പരിപോഷിപ്പി ക്കുവാനും, നിന്റെ കൈപ്പണിയായവയോട് ചേർന്ന് നിന്റെ മഹത്വത്തെ വർണ്ണിക്കുവാനും കൃപ നൽകേണമേ. സകല ത്തേയും നല്ലതായി സൃഷ്ടിച്ച ദൈവത്തിന്റെയും സർവ്വ സൃഷ്ടിയേയും വീണ്ടെടുത്ത ക്രിസ്തുവിന്റെയും, ഞങ്ങളെ ദിവ്യസ്നേഹത്തിൽ പരിപാലിക്കുന്ന പരിശുദ്ധാത്മാവി ന്റെയും നാമത്തിൽ ഞങ്ങൾ അപേക്ഷിക്കുന്നു. **ആമേൻ.**

## 2021 ഫെബ്രുവരി 2, ചൊവ്വ

**യേശുവിനെ ദൈവത്തിന് അർപ്പിക്കുന്നതു**

| | |
|---|---|
| 1 ശമു. 1: 19 - 28 | സങ്കീ. 118: 19 - 29 |
| റോമ. 11: 33 - 12: 2 | ലൂക്കൊ. 2: 22 - 40 |

കാരുണ്യവാനായ ദൈവമേ, ജഡാവതാരംചെയ്ത നിന്റെ പുത്രനെ ദൈവത്തിനു വിശുദ്ധമായി സമർപ്പിക്കുവാൻ ദൈവാലയത്തിലേക്കു കൊണ്ടുവന്നപ്പോൾ, അവനെ സൃഷ്ടിയുടെ വീണ്ടെടുപ്പുകാരനായി ശിമയോനും ഹന്നായും സാക്ഷിച്ചുവല്ലോ. ഞങ്ങൾക്കു തിരുസന്നിധിയിൽ സ്തോത്രാർപ്പണമാർഗം തുറന്നുതന്ന ദൈവമേ, ഞങ്ങൾ ഞങ്ങളെത്തന്നെ സമർപ്പിക്കുമ്പോൾ, ഞങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും, നിനക്കു സ്വീകാര്യവും, തിരുസാമീപ്യത്തിൽ നിത്യം നിലനില്ക്കുന്നതുമായ, ജീവനുള്ള യാഗവും, ആത്മാവിലെ ആരാധനയുമായി കൈക്കൊള്ളണമെന്നു നിന്നോടും പരിശുദ്ധാത്മാവിനോടുംകൂടെ കാലാവസാനംകൂടാതെ ജീവിച്ചുവാഴുന്ന യേശുക്രിസ്തു മൂലം അപേക്ഷിക്കുന്നു, **ആമേൻ.**

## 2021 ഫെബ്രുവരി 07, ഞായർ

***ഉയിർപ്പിനു മുമ്പ് 8 – ാം ഞായർ***

**സൃഷ്ടിയുടെ വീഴ്ച**

| | | |
|---|---|---|
| രാ. | ഉല്പ. 3:1–10 | റോമ. 3:21–26 |
| | സങ്കീ. 53 | മത്താ. 18:23–35 |
| വൈ. | 2രാജാ. 21:2–9 | 1 തിമൊ.6:11–16 |

നീതിയുടെ ദൈവമേ, കാണാതെ പോയതിനെ നിരന്തരം അന്വേഷിക്കുന്ന പിതാവേ, നീതിയോടും ന്യായത്തോടും ജീവിക്കുവാൻ ഞങ്ങളുടെ ജീവിതങ്ങളെ രൂപാന്തരപ്പെടുത്തേണമേ. ജീവിതത്തിന്റെ സാധാരണ

സാഹചര്യങ്ങളിൽപോലും പരീക്ഷിക്കപ്പെടുന്ന ഞങ്ങളെ വീണു പോകാതെ നിങ്കലേക്ക് ചേർക്കേണമേ. ഞങ്ങളുടെ കടങ്ങളെ നീ ഞങ്ങളോട് ക്ഷമിച്ചതുപോലെ, ഞങ്ങളോടു കടപ്പെട്ടിരിക്കുന്നവരോടു ക്ഷമിക്കുവാൻ ഞങ്ങളേയും ധൈര്യപ്പെടുത്തേണമേ. നിന്നെ അന്വേഷിക്കുവാൻ നിന്റെ ജ്ഞാനത്താൽ ഞങ്ങളെ പാലിക്കേണമേ. അങ്ങനെ, അനുദിന ജീവിതത്തിൽ നിന്റെ സ്നേഹത്തിന്റെ സാക്ഷാൽക്കാരമാകുവാൻ ഞങ്ങളെ പുതുക്കേണമേ. ഞങ്ങളുടെ രക്ഷ യ്ക്കായി സ്വന്ത ജീവനെ മറുവിലയായി നൽകുകയും, നിന്നോടും, പരിശുദ്ധാത്മാവിനോടും കൂടെ ഏകദൈവമായി കാലാവസാനം കൂടാതെ ജീവിച്ചു വാഴുകയും ചെയ്യുന്ന ഞങ്ങളുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ നാമത്തിൽ അപേക്ഷിക്കുന്നു. **ആമേൻ.**

## 2021 ഫെബ്രുവരി 14, ഞായർ

***ഉയിർപ്പിനു മുമ്പ് 7–ാം ഞായർ***

**നോമ്പ് : അനുരഞ്ജനത്തിന്റെ കാലം**

| | | | |
|---|---|---|---|
| രാ. | ഉല്പ. | 45:1–15 | എഫെ. 2:11–22 |
| | സങ്കീ. | 85 | യോഹ. 2:1–11 |
| വൈ. | ഉല്പ. | 26:22–32 | 2 കൊരി. 5:16–21 |

ക്രിസ്തുയേശുവിലൂടെ ഞങ്ങളെ സ്നേഹിക്കുന്ന കൃപാലുവായ ദൈവമേ, മനുഷ്യനിർമ്മിതമായ വേലിക്കെട്ടുകളേയും തടസ്സങ്ങളേയും അതിജീവിച്ചുകൊണ്ട് നിന്നോടും സർവ്വജനത്തോടും, സകല സൃഷ്ടിയോടും നിരപ്പ് പ്രാപിക്കുവാനുള്ള സന്മനസ്സും, ധൈര്യവും ഞങ്ങൾക്കു നൽകേണമേ. ഞങ്ങളോടും സകല സൃഷ്ടിയോടുമുള്ള നിന്റെ അനുരഞ്ജനത്തിന്റെ അടയാളമായ ക്രിസ്തുവിന്റെ കുരിശിനെ നവവീക്ഷണത്തോടെ ദർശിക്കുവാൻ നോമ്പ് കാലയളവ് സഹായകമാകേണമേ. വിശ്വാസയാത്രയിൽ

നിന്റെ അനുരഞ്ജനത്തിന്റെ നീരുറവകളാകുവാൻ നിന്റെ ആത്മാവിനാൽ ഞങ്ങളെ ശക്തീകരിക്കേണമേ. നിന്നോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി കാലാവസാനം കൂടാതെ ജീവിച്ചു വാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലം അപേക്ഷിക്കുന്നു. **ആമേൻ.**

അല്ലെങ്കിൽ

**സൗഖ്യദായക ഞായർ**

**സൗഖ്യവും സമ്പൂർണ്ണതയും**

| | | |
|---|---|---|
| രാ. | ഇയ്യോ. 42:1–12 | 2 കൊരി. 12:1–10 |
| | സങ്കീ. 6 | യോഹ. 5:1–9 |
| വൈ. | യെശ. 42:1–9 | വെളി. 22:1–5 |

നിന്റെ സൗഖ്യസ്പർശനത്താൽ സർവ്വസൃഷ്ടിയേയും പൂർണ്ണതയിലേക്ക് നയിക്കുന്ന രോഗശാന്തിയുടെ ദൈവമേ, നിന്റെ സൗഖ്യത്തിന്റെ ശബ്ദം ശ്രവിക്കുവാൻ ഞങ്ങളെ സഹായിക്കേണമേ. നിന്റെ സൗഖ്യസ്പർശനം ഉൾക്കൊള്ളുവാനും, കിടക്ക എടുത്ത് നിന്റെ ശക്തിയെയും മഹത്വത്തേയും പ്രഘോഷിപ്പാനും ഞങ്ങളെ സജ്ജരാക്കേണമേ. ഞങ്ങളുടെ ബലഹീനതയിൽ ഞങ്ങൾക്കാവശ്യമായ ശക്തി പകർന്നു ഞങ്ങളെ അനുഗ്രഹിക്കേണമേ. സർവ്വസൃഷ്ടിയേയും അപൂർണ്ണതയിൽ നിന്ന് പൂർണ്ണതയിലേക്ക് നയിക്കുന്ന പിതാവായ ദൈവത്തിന്റേയും ക്ലേശങ്ങളിൽ നിന്ന് ഞങ്ങളെ വിടുവിക്കുന്ന യേശു ക്രിസ്തുവിന്റെയും നിരന്തരം ഞങ്ങളെ ആശ്വസിപ്പിക്കുന്ന പരിശുദ്ധാത്മാവിന്റേയും നാമത്തിൽ അപേക്ഷിക്കുന്നു. **ആമേൻ.**

## 2021 ഫെബ്രുവരി 15, തിങ്കൾ

**രക്തസാക്ഷിയായ സ്തേഫാനോസ്**

2 ദിന. 24: 17-22 സങ്കീ. 31: 1-5

അ. പ്ര. 7: 51-60 മത്താ. 10: 16-22

കൃപാലുവായ ദൈവമേ, തന്നെ എറിയുവാൻ കല്ലുകൾ എടുത്തവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ആദ്യരക്തസാക്ഷിയായ സ്തേഫാനോസിനെ ശക്തീകരിച്ച നിന്റെ ആർദ്രതയ്ക്കായി ഞങ്ങൾ നിനക്കു നന്ദി കരേററുന്നു. നിന്നോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി ജീവിച്ചു വാഴുന്ന, ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ട, ഞങ്ങളുടെ മദ്ധ്യസ്ഥനും കാര്യസ്ഥനുമായ യേശുക്രിസ്തുവിങ്കലേക്കു നോക്കി, സത്യമാർഗത്തിലെ ഞങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുവാനും ഞങ്ങളെ ഉപദ്രവിക്കുന്നവരുടെ പാപക്ഷമയ്ക്കുവേണ്ടി പ്രാർത്ഥിക്കുവാനും ഞങ്ങൾക്കു കൃപ ചെയ്യേണമേ, **ആമേൻ.**

## 2021 ഫെബ്രുവരി 17, ബുധൻ

*ചാമ്പൽ ബുധൻ (നോമ്പ് ആരംഭം)*

**ക്രൂശ് : സ്വയത്യാഗത്തിനുള്ള വിളി**

രാ. യോവേ. 2:12-20 ഗലാ.2:15-21

സങ്കീ. 32 ലൂക്കൊ.9:23-27

ഞങ്ങളുടെ അയോഗ്യതകൾ കണക്കിടാതെ ഞങ്ങളെ നിന്റെ മക്കളായി വിളിച്ചിരിക്കുന്ന ജീവദാതാവായ ദൈവമേ, ഞങ്ങളുടെ സ്വയമല്ല, നീയാണ് ഞങ്ങളിൽ വസിക്കുന്നതെന്ന യാഥാർത്ഥ്യം പലപ്പോഴും ഞങ്ങൾ വിസ്മരിച്ചുപോകുന്നു. കർത്താവായ യേശുക്രിസ്തു ദൈവത്തോടുള്ള സമത്വം മുറുകെപ്പിടിക്കാതെ തന്നെത്താൻ ഒഴിച്ച് ഞങ്ങളെ വീണ്ടെടുക്കാൻ ദാസരൂപമേറ്റല്ലോ. എന്നാൽ

ഞങ്ങളുടെ മാനുഷിക ബലഹീനതകളും തകർച്ചകളും മൂലം ക്രിസ്തുവിൽ കേന്ദ്രീകരിക്കാതെ സ്വയത്തെ കേന്ദ്രീ കരിച്ച് ഞങ്ങൾ ജീവിച്ചുപോകുന്നു. സ്വയത്തെ നിഷേധിക്കാ നുള്ള വിവേകവും ക്രൂശ് എടുത്തു കൊണ്ടു യേശുക്രിസ്തു വിനെ അനുഗമിക്കാനുള്ള ധീരതയും ഞങ്ങൾക്കു നൽകണമെന്നു പിതാവിനോടും പരിശുദ്ധാത്മാവിനോടും കൂടെ ഏക ദൈവമായി കാലാവസാനം കൂടാതെ ജീവിച്ചു വാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലം ഞങ്ങൾ അപേക്ഷിക്കുന്നു. **ആമേൻ.**

## 2021 ഫെബ്രുവരി 21, ഞായർ

***ഉയിർപ്പിനു മുമ്പ് 6-ാം ഞായർ***

**(നോമ്പിൽ ഒന്നാം ഞായർ)**

**"അസ്പർശ്യരെ" സ്പർശിക്കുക**

| | | |
|---|---|---|
| രാ. | 2 രാജാ.5:1-10 | എബ്രാ. 13:8-17 |
| | സങ്കീ. 10:1-12 | മത്താ. 8:1-4 |
| വൈ. | ഉല്പ. 16:7-16 | റോമ. 15:7-13 |

സമത്വത്തിന്റെ ദൈവമേ, നിന്റെ സാദൃശ്യത്തിൽ ഞങ്ങളെ സൃഷ്ടിച്ചതിനാൽ ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു. ഞങ്ങളുടെ ജീവിത സാഹചര്യങ്ങളിൽ വർണ്ണ, വർഗ്ഗ, ജാതി ഭേദങ്ങളാൽ ഭിന്നിച്ച് നിന്റെ സാദൃശ്യത്തെ ഞങ്ങൾ വികലമാക്കിയല്ലോ. നിന്റെ പുത്രനായ യേശു ക്രിസ്തു തൊട്ടു കൂടാത്തവരെന്നു മുദ്രകുത്തപ്പെട്ടവരെ തൊട്ടുകൊണ്ട് എല്ലാ വേർതിരിവുകളെയും അവസാനി പ്പിച്ചു. യേശു അംഗീകരിക്കേണ്ടവരെ അംഗീകരിക്കയും. ആരും സംസാരിക്കാത്തവരോടു സംസാരിക്കയും, അനേ കരെ ബന്ധനങ്ങളിൽ നിന്നു വിമോചിക്കയും ചെയ്തു.

ഇന്ന് ജീവിതം നിഷേധിക്കപ്പെട്ടവർക്ക് ജീവിതത്തിന്റെ പൂർണ്ണത നൽകി അവരെ ഉറപ്പിക്കുവാൻ നിന്റെ ശക്തി ഞങ്ങളിൽ പകരേണമെ. പിതാവിനോടും പരിശുദ്ധാത്മാവിനോടും കൂടെ ഏകദൈവമായി കാലാവസാനം കൂടാതെ ജീവിച്ചു വാഴുന്ന ഞങ്ങളുടെ കർത്താവായ യേശു ക്രിസ്തു മൂലം ഞങ്ങൾ അപേക്ഷിക്കുന്നു. **ആമേൻ.**

## 2021 ഫെബ്രുവരി 28, ഞായർ

***ഉയിർപ്പിനു മുമ്പ് 5 – ാം ഞായർ***

**(നോമ്പിൽ രണ്ടാം ഞായർ)**

**ജീവരക്ഷാദായക വിശ്വാസം**

| | | |
|---|---|---|
| രാ. | 2 രാജാ. 4: 1–7 | സങ്കീ 72 |
| | അ. പ്ര. 5 :12–16 | ലൂക്കൊ. 5: 17–26 |
| വൈ: | ഉല്പ. 22: 1–14 | എബ്രാ. 11 :1–12 |

ജീവരക്ഷാബന്ധങ്ങൾ ഉണ്ടാകുവാൻ ക്രിയാത്മകവും പ്രവർത്തനനിരതവുമായ കൂട്ടായ്മാബന്ധങ്ങളിലേക്കു ഞങ്ങളെ വിളിച്ചിരിക്കുന്ന, ജീവന്റെ ഉറവിടമായ ദൈവമേ, സൗഖ്യദായകചാലകങ്ങളായി,രോഗികളെ ആശ്വസിപ്പിക്കുവാനും, ബലഹീനരെ താങ്ങുവാനും, ആവശ്യത്തിലിരിക്കുന്നവർക്കു നല്ല അയല്ക്കാരായിരിക്കുവാനും ജീവദായക വിശ്വാസം ഞങ്ങളിൽ പകരണമേ. സമൂഹത്തിൽ അഗണ്യമാക്കപ്പെട്ടിരിക്കുന്നവരോടു പക്ഷം ചേർന്നു ഞങ്ങളുടെ സമസൃഷ്ടങ്ങളെ നിങ്കലേക്കു നയിക്കുന്നവരായിരിക്കുവാൻ ഞങ്ങളെ ശക്തീകരിക്കണമേ. നിന്നോടും പരിശുദ്ധാത്മാവിനോടും കൂടെ ഏകദൈവമായി കാലാവസാനം കൂടാതെ ജീവിച്ചു വാഴുന്ന കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ നാമത്തിൽത്തന്നെ, **ആമേൻ**.

# മാർച്ച്

## 2021 മാർച്ച് 7 ഞായർ

*ഉയിർപ്പിനു മുമ്പ് 4 – ാം ഞായർ* (നോമ്പിൽ 3 – ാം ഞായർ)

**മഹായിടവക സ്ത്രീജന ഞായർ**

**സ്ത്രീകൾ: വിമോചനപ്രവർത്തനത്തിൽ ദൈവത്തിന്റെ പങ്കാളികൾ**

| | | | |
|---|---|---|---|
| രാ. | പുറ. 1:15–22 | റോമ. 16:1–16 |
| | സങ്കീ. 148 | മർക്കൊ. 15:37–41 |
| വൈ. | ലേവ്യ. 19:9–18 | യാക്കോ.2:15–17 |

സർവ്വശക്തനും സകല അടിമത്തത്തിൽനിന്നും പാപത്തിൽ നിന്നും മനുഷ്യരെ വിമോചിപ്പിക്കുന്നവനുമായ ദൈവമേ, നിന്റെ പ്രവർത്തനത്തിൽ പങ്കാളികളാകുവാൻ സ്ത്രീകളെയും പുരുഷന്മാരെയും വിളിക്കുന്നതിനാൽ ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. നിന്റെ സഭയെ കനിവോടെ നോക്കേണമെന്നും എല്ലായിടത്തും സമാധാനവും അനുരഞ്ജനവും കൈവരുത്തുന്നതിന് സ്വയം സമർപ്പിക്കാൻ സ്ത്രീകളെയും പുരുഷന്മാരെയും സഹായിക്കണമെന്നും പിതാവിനോടും പരിശുദ്ധാത്മാവിനോടും കൂടെ ഏകദൈവമായി കാലാവസാനം കൂടാതെ ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവായ യേശു ക്രിസ്തുമൂലം ഞങ്ങൾ അപേക്ഷിക്കുന്നു. **ആമേൻ.**

## 2021 മാർച്ച് 14, ഞായർ

*ഉയിർപ്പിനു മുമ്പ് 3 – ാം ഞായർ*

(നോമ്പിൽ 4 – ാം ഞായർ)

*വിമോചനം നൽകുന്ന സത്യാരാധന*

| | | |
|---|---|---|
| രാ. | പുറ. 3:11–18 | അപ്പൊ.പ്ര.16:25–34 |
| | സങ്കീ. 137 | ലൂക്കൊ. 13:10–17 |
| വൈ. | യോശു. 3:1–17 | വെളി. 14:1–7 |

വിമോചകനായ ദൈവമേ, എല്ലാത്തരത്തിലുമുള്ള അടിമത്തത്തിൽനിന്നും അടിച്ചമർത്തലിൽനിന്നും ഞങ്ങളെ

വീണ്ടെടുക്കുവാൻ നിന്റെ പുത്രനും ഞങ്ങളുടെ രക്ഷിതാവുമായ യേശുക്രിസ്തുവിനെ ഈ ലോകത്തിലേക്ക് അയച്ചതിനായി ഞങ്ങൾ നന്ദി അർപ്പിക്കുന്നു. നിന്റെ ജനത്തെ അടിച്ചമർത്തുകയും ചൂഷണം ചെയ്യുകയും ചെയ്യുന്ന പ്രബല ശക്തികളെ വെല്ലുവിളിക്കുന്ന നിന്റെ പ്രവർത്തനത്തിൽ പങ്കു ചേരുവാൻ ഞങ്ങളെ ശക്തീകരിക്കേണമേ. അനീതിയുടെയും അത്യാഗ്രഹത്തിന്റെയും ഇരകളായവരെ വീണ്ടെടുക്കുന്ന നിന്റെ വിമോചക പ്രവർത്തനത്തിൽ ചേർന്നു പ്രവർത്തിക്കാൻ ഞങ്ങളെ നിയോഗിക്കയും ബലപ്പെടുത്തുകയും ചെയ്യണമേ. ഞങ്ങളുടെ പ്രതിദിന ആരാധനയിൽ ദൈവിക സ്വാതന്ത്ര്യത്തിന്റെയും വിടുതലിന്റെയും അടയാളമാകുന്ന പരിശുദ്ധാത്മ ശക്തി അനുഭവിക്കാൻ ഞങ്ങളെ സഹായിക്കണമെന്നു പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി കാലാവസാനം കൂടാതെ ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുമൂലം ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. **ആമേൻ.**

## 2021 മാർച്ച് 21, ഞായർ

***ഉയിർപ്പിനു മുമ്പ് 2-ാം ഞായർ***

**നോമ്പിൽ 5-ാം ഞായർ**

**കഷ്ടാനുഭവ ഞായർ**

***കുരിശ്: മശിഹായുഗത്തിന്റെ നവദർശനം***

| | | |
|---|---|---|
| രാ. | ആവ. 18:15-22 | 2കൊരി. 1:3-11 |
| | സങ്കീ. 73 | ലൂക്കൊ. 18:35-43 |
| വൈ. | ദാനി. 3:14-25 | 1 പത്രൊ. 4:12-19 |

ഞങ്ങളുടെ ഉടയവനായ ദൈവമേ, ഞങ്ങൾക്കുവേണ്ടി നിന്റെ പുത്രനായ യേശുക്രിസ്തു കടുത്ത യാതന അനുഭവിച്ചു. ഞങ്ങളുടെ പാപങ്ങളുടെയും അതിക്രമങ്ങളുടെയും

പരിഹാരത്തിനായി അവൻ മുറിവേറ്റു, കഷ്ടപ്പെട്ടു. പാപ ത്തിന്റെ നികൃഷ്ടതയിൽനിന്നു ഞങ്ങളെ വിടുവിക്കാൻ അവൻ വെറുക്കപ്പെട്ടവനും കുറ്റം ചുമത്തപ്പെട്ടവനുമായി. ഞങ്ങൾക്കു ജീവനുണ്ടാകുവാൻ അവൻ മരണം വരിച്ചു വെന്ന് അവന്റെ കുരിശ് ഞങ്ങളെ നിരന്തരം ഓർമ്മപ്പെടു ത്തുന്നു. കുരിശ് ഉയർത്തുന്ന വെല്ലുവിളി സ്വീകരിച്ച് നീതി ക്കുവേണ്ടി കഷ്ടപ്പെടുവാനും മശിഹായുടെ വരവിനു വേണ്ടി ഒരുങ്ങാനും ഞങ്ങളെ സഹായിക്കണമെന്നു പിതാ വിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി കാലാവസാനംകൂടാതെ ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുമൂലം ഞങ്ങൾ നിന്നോട പേക്ഷിക്കുന്നു. **ആമേൻ.**

## 2021 മാർച്ച് 25, വ്യാഴം
## വി. കന്യക മറിയാമിനോടുള്ള അരുളപ്പാട്

| | | |
|---|---|---|
| രാ. | യെശ. 7:10-14 | ഗലാ. 4:1-7 |
| | സങ്കീ. 40:1-10 | ലൂക്കൊ.1:26-38 |

ദൈവമേ, നിന്റെ പുത്രനായ ക്രിസ്തുവിന്റെ തിരു അവ താരം ഒരു മാലാഖയുടെ അരുളപ്പാടിനാൽ അറിഞ്ഞിരി ക്കുന്ന ഞങ്ങളെ ക്രിസ്തുവിന്റെ ക്രൂശുകൊണ്ടും കഷ്ടപ്പാ ടുകൊണ്ടും അവന്റെ മഹത്വപൂർണ്ണമായ പുനരുത്ഥാനത്തിന് ഓഹരിക്കാരാക്കണം എന്ന് നിന്നോടും പരിശുദ്ധാത്മാവി നോടുംകൂടെ ഏകദൈവമായി കാലാവസാനം കൂടാതെ ജീവിച്ചുവാഴുന്ന യേശുക്രിസ്തു മൂലം ഞങ്ങൾ അപേക്ഷി ക്കുന്നു. **ആമേൻ.**

## 2021 മാർച്ച് 28, ഞായർ

*ഹോശന്നാ ഞായർ*

**ഹോശന്നാ: ദൈവാലയത്തിൽ പുതിയ രാജാവ്**

| | | |
|---|---|---|
| രാ. | യെശ. 56:1-8 | 1 കൊരി. 3:16-23 |
| | സങ്കീ. 24 | മത്താ. 21:1-17 |
| വൈ. | സെഖ. 9:1-12 | 2കൊരി. 6:11-18 |

ഞങ്ങളുടെ വിമോചകനായ ദൈവമേ, ദാസരൂപത്തിൽ വന്ന രാജാവായ യേശുക്രിസ്തുവിന്റെ യെരുശലേമിലേക്കുള്ള മഹത്വപ്രവേശനം വാഴ്ചകളുടെയും അധികാരങ്ങളുടെയുംമേൽ കൈവരിച്ച വിജയത്തിന്റെ ശക്തമായ അടയാളമായിരുന്നു. ക്രിസ്തു എഴുന്നള്ളിവന്ന് ദൈവാലയത്തെ ശുദ്ധീകരിച്ചതും ഞങ്ങളോർക്കുന്നു. യേശുക്രിസ്തു ഇന്നു സഭയെ ഭരിക്കുകയും ഞങ്ങളെ എല്ലാ അഭക്തിയിൽനിന്നും ശുദ്ധീകരിക്കുകയും ചെയ്യണമേ. പാപത്തെക്കുറിച്ച് അനുതപിക്കാനും പ്രത്യാശയിൽ സന്തോഷിക്കാനും നിന്റെ ജനമായ ഞങ്ങളെ സഹായിക്കേണമേ. പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി കാലാവസാനം കൂടാതെ ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുമൂലം ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. **ആമേൻ.**

## ഏപ്രിൽ

## 2021 ഏപ്രിൽ 01 വ്യാഴം

**പെസഹാ വ്യാഴം**

**വിശുദ്ധ യൂക്കറിസ്റ്റ്: ഓർമ്മയുടെ ആഘോഷം**

| | |
|---|---|
| പുറ. 12:1-17 | 1 കൊരി. 11:23-34 |
| സങ്കീ. 116 | മത്താ. 26:17-30 |

യേശുക്രിസ്തുവിലൂടെ ഞങ്ങളെ വീണ്ടെടുത്ത ദൈവമേ, ലോകത്തെ വീണ്ടെടുക്കുന്ന നിന്റെ പ്രവർത്തനത്തിൽ പങ്കാളികളാകുവാൻ നീ ഞങ്ങളെ വിളിക്കുന്നു എന്ന്

ഞങ്ങളെ ഓർമ്മപ്പെടുത്തേണമേ. സമൃദ്ധിയായ ജീവൻ ഞങ്ങൾക്കു നൽകുവാൻ ക്രിസ്തു സ്വയം സമർപ്പിച്ചതു പോലെ ഞങ്ങളുടെ സഹജീവികളുടെ രക്ഷയ്ക്കായി ഞങ്ങളും സ്വയം സമർപ്പിക്കാനും ഞങ്ങളുടെ ജീവിതത്തെ മറ്റുള്ളവർക്കു പകർന്നു നൽകാനും ഞങ്ങളെ സഹായിക്കേണമേ. നിന്റെ പുത്രന്റെ ആത്മദാനത്തിന്റെ അടയാളമായ കുരിശിനെ ഓർക്കുവാനും നിത്യജീവിതത്തിൽ സാക്ഷാത്കരിക്കാനും ഞങ്ങളെ ബലപ്പെടുത്തേണമേ. പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏക ദൈവമായി കാലാവസാനം കൂടാതെ ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുമൂലം ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. **ആമേൻ.**

## 2021 ഏപ്രിൽ 02 വെള്ളി

### വലിയവെള്ളി

### കുരിശ്: മരണത്തിന്മേൽ ജയം

| | |
|---|---|
| സംഖ്യ. 21:1-9 | 1 കൊരി. 15:50-58 |
| സങ്കീ. 22 | മത്താ. 27:1-56 |

കരുണയുള്ള ദൈവമേ, സർവ്വ സൃഷ്ടിയോടുമുള്ള അപരിമേയ സ്നേഹത്താൽ നിന്റെ പ്രിയ പുത്രന്റെ കുരിശുമരണത്തിലൂടെയും പുനരുത്ഥാനത്തിലൂടെയും നീ മരണത്തെ ജയിച്ചല്ലോ. യേശു ചൊരിഞ്ഞ രക്തത്താൽ മരിച്ചവർക്ക് ആശ്വാസവും പ്രത്യാശയും നൽകി. എല്ലാ പീഡിതരെയും വീണ്ടെടുക്കണമെന്ന് ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. തിരുവിഷ്ടം ചെയ്യാൻ ബലഹീനരായ ഞങ്ങളെ ഉണർത്തുകയും പ്രകാശിപ്പിക്കുകയും ചെയ്യണമേ. ഈ ലോകത്തിലേക്കു സ്വന്ത പുത്രനെ അയച്ച പിതാവായ ദൈവത്തിന്റെയും കുരിശിൽ മരണത്തെ കാൽക്കീഴിൽ ചതച്ചുകളഞ്ഞ ക്രിസ്തുവിന്റെയും ഞങ്ങളുടെ ബലഹീനതകളിൽ പിന്തുണ നൽകുന്ന പരിശുദ്ധാത്മാവിന്റെയും നാമത്തിൽതന്നെ. **ആമേൻ.**

## 2021 ഏപ്രിൽ 03, ശനി

### വിശുദ്ധ ശനി

### പുതുജീവനായുള്ള പ്രത്യാശ

| | |
|---|---|
| ദാനി. 12:1-4 | 1 പത്രോ. 4:12-19 |
| സങ്കീ. 4 | മത്താ. 27:62-66 |

പ്രത്യാശയില്ലാത്തിടത്ത് പ്രത്യാശ പ്രദാനം ചെയ്യുന്ന പുതുജീവന്റെ ദൈവമേ, ഞങ്ങൾ അസ്വസ്ഥരായിരിക്കുമ്പോൾ, ശാന്തത പാലിക്കുവാൻ ഞങ്ങളെ സഹായിക്കേണമേ. ഞങ്ങൾ നിന്നെ വിളിച്ചപേക്ഷിക്കുമ്പോൾ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ. ഭയം കൂടാതെ വിശ്രമിക്കാനും സമാധാനത്തോടെ ഉറങ്ങുവാനും ഞങ്ങളെ സഹായിക്കേണമേ. നിരാശയിൽനിന്നും അങ്കലാപ്പിൽനിന്നും ഞങ്ങളെ വിടുവിക്കേണമേ. പൊള്ളയായ വാക്കുകളെയും അസത്യ പ്രസ്താവനകളെയും വെറുക്കാനും പഠിപ്പിക്കേണമേ. ബുദ്ധിമാന്മാർ ആകാശമണ്ഡലത്തിന്റെ പ്രഭപോലെയും പലരെയും നീതിയിലേക്കു തിരിക്കുന്നവർ നക്ഷത്രങ്ങളെപ്പോലെയും പ്രശോഭിക്കുന്ന നാളിനായി ആശയോടെ കാത്തിരിക്കാൻ ഞങ്ങളെ ഉപദേശിക്കേണമേ. സൃഷ്ടാവായ ദൈവത്തിന്റെയും പ്രത്യാശയുടെ ഉറവിടമായ പുത്രന്റെയും പ്രത്യാശ നിലനിർത്തുന്ന പരിശുദ്ധാത്മാവിന്റെയും നാമത്തിൽതന്നെ. **ആമേൻ.**

## 2021 ഏപ്രിൽ 4, ഞായർ

### ഉയിർപ്പു ഞായർ

### ഉയിർപ്പ്: രക്ഷയുടെ സന്തോഷം ആഘോഷിക്കുക

| | | |
|---|---|---|
| രാ. | പുറ. 14:5-31 | കൊലൊ. 3:1-11 |
| | സങ്കീ. 118:14-29 | മത്താ. 28:1-10 |
| വൈ. | യെശ. 12:1-6 | 1 തെസ്സ. 4:13-18 |

നിത്യനും ജീവന്റെ ആധാരവുമായ ഞങ്ങളുടെ ദൈവമേ, നിന്റെ പുത്രനായ യേശുക്രിസ്തുവിന്റെ മരണത്തിലൂടെയും ഉയിർപ്പിലൂടെയും ഞങ്ങളെ വീണ്ടെടുക്കു

വാൻ ക്രിസ്തുവിനെ ലോകത്തിലേക്കയച്ച അനന്തമായ സ്നേഹത്തിനായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ജീവൻ നൽകുന്ന നിന്റെ ശക്തിയാൽ പാപത്തിന്റെ ദോഷഫല ങ്ങളെ ക്രൂശിൽ വച്ചു തകർക്കുകയും യേശുക്രിസ്തുവിന്റെ ഉയിർ പ്പിലൂടെ ഞങ്ങൾക്കു രക്ഷ സൗജന്യദാനമായി നൽകുകയും ചെയ്തതിനായി ഞങ്ങൾ നിനക്ക് നന്ദി അർപ്പിക്കുന്നു. പ്രപഞ്ചത്തിലെ സർവ്വസൃഷ്ടികളോടും ചേർന്ന് ജീവനെ ആഘോഷിക്കാൻ ഞങ്ങളെ ശക്തീകരി ക്കണമെന്ന് പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി കാലാവസാനം കൂടാതെ ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുമൂലം ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. **ആമേൻ.**

## 2021 ഏപ്രിൽ 11, ഞായർ

***ഉയിർപ്പിനു പിമ്പ് 1-ാം ഞായർ***

**പുനരുത്ഥാനം ചെയ്ത കർത്താവുമായുള്ള അഭിമുഖം**

| | | |
|---|---|---|
| രാ. | ഉല്പ. 32:22-32 | അപ്പൊ. പ്ര. 9:1-18 |
| | സങ്കീ. 40 | യോഹ. 20:24-29 |
| വൈ. | സങ്കീ. 27 | വെളി. 1:1-8 |

സർവ്വവ്യാപിയായ ദൈവമേ, യാക്കോബിനും പൗലോ സിനും നീ പ്രത്യക്ഷനായതുപോലെ ഞങ്ങളുടെ ജീവിത യാത്രകളിൽ നീ ഞങ്ങളെ കണ്ടുമുട്ടുന്നുവല്ലോ. ഞങ്ങൾ നിന്നോടു മത്സരിക്കുമ്പോൾപോലും ഞങ്ങളെ സ്പർശി ക്കേണമേ. രൂപാന്തരപ്പെടുത്തുന്ന നിന്റെ സാന്നിദ്ധ്യത്തെ ക്കുറിച്ച് സാക്ഷ്യം വഹിക്കാനും സമാധാനത്തിന്റെയും അനുരഞ്ജനത്തിന്റെയും ദൂതുവാഹകരായി മനുഷ്യ

നിർമ്മിതമായ അതിരുകൾക്കപ്പുറത്തേക്കു പോകുവാനും ഞങ്ങളെ സഹായിക്കേണമേ. പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി കാലാവസാനം കൂടാതെ ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുമൂലം ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. **ആമേൻ.**

## 2021 ഏപ്രിൽ 18, ഞായർ

*ഉയിർപ്പിനു പിമ്പ് 2–ാം ഞായർ*

**തൊഴിലിടങ്ങളിൽ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ തിരിച്ചറിയുക**

| | | |
|---|---|---|
| രാ. | രൂത്ത് 2:1–18 | അപ്പൊ.പ്ര. 9:36–43 |
| | സങ്കീ. 15 | യോഹ. 21:1–14 |
| വൈ. | 1 രാജാ.19:19–21 | അപ്പൊ.പ്ര.16: 6–15 |

ഞങ്ങളെ ബലപ്പെടുത്തുന്ന ദൈവമേ, ഞങ്ങളുടെ തൊഴിലിടങ്ങളിൽ നീ ഞങ്ങളെ കണ്ടെത്തുന്നുവല്ലോ. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ ഞങ്ങളുടെ തൊഴിൽ മേഖലകളിൽ കണ്ടു തിരിച്ചറിയാൻ ഞങ്ങളെ സഹായിക്കേണമേ. കടലിലെ അദ്ധ്വാനത്തിനിടയിൽ ശിഷ്യന്മാർ കർത്താവിനെ കണ്ടുമുട്ടിയതുപോലെ കഠിനാദ്ധ്വാനം ചെയ്യുന്നവരുടെ മദ്ധ്യേ ക്രിസ്തുവിന്റെ പ്രകാശ പൂർണ്ണമായ സാന്നിദ്ധ്യം വേറിട്ടറിയുവാൻ ഞങ്ങളെ സഹായിക്കേണമേ. നിസ്സഹായരായവരെ ഉൾക്കൊള്ളുവാനും അവരോടു കരുണ കാണിക്കാനും അവർക്കു സുരക്ഷയും ആശ്വാസവും പ്രത്യാശയും ലഭിക്കുന്നതിനുവേണ്ടി പ്രവർത്തിക്കാനും ഞങ്ങളെ പ്രാപ്തരാക്കണമെന്ന് ഞങ്ങളുടെ സന്തത സഹചാരിയും നിന്റെ പുത്രനുമായ യേശുക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങൾ അപേക്ഷിക്കുന്നു. **ആമേൻ.**

## 2021 ഏപ്രിൽ 25, ഞായർ

*ഉയിർപ്പിനു പിമ്പ് 3-ാം ഞായർ*

**ഉയിർപ്പിന്റെ അനുഭവത്തിൽ സമൂഹ രൂപീകരണം**

| | | |
|---|---|---|
| രാ. | യെശ. 25:1-9 | അപ്പൊ. പ്ര. 4:32-37 |
| | സങ്കീ. 126 | ലൂക്കൊ. 24:13-35 |
| വൈ. | യെശ. 65:17-25 | അപ്പൊ. പ്ര. 2:43-47 |

ഉയിർത്തെഴുന്നേറ്റ കർത്താവേ, ഐക്യത്തിൽ വേരൂന്നിയ സമൂഹങ്ങൾ നിർമ്മിക്കാൻ നീ ഞങ്ങളെ ഉപദേശിച്ചല്ലോ. ഒരുമയുടെയും പങ്കിടലിന്റെയും അനുഭവം ഞങ്ങൾക്കു തരേണമേ. സ്വാർത്ഥതയെ ഉപേക്ഷിച്ച് നിസ്സഹായരുമായി ഞങ്ങളുടെ വിഭവങ്ങൾ പങ്കുവയ്ക്കുവാനും മറ്റുള്ളവരുടെ ആവശ്യങ്ങളിൽ സഹായിക്കാനും ഞങ്ങളെ പ്രാപ്തരാക്കേണമേ. ദരിദ്രർക്കും ആവശ്യത്തിലിരിക്കുന്നവർക്കും അഭയം നൽകാനും അവരുമായി ഐക്യദാർഢ്യം ഉണ്ടാക്കുവാനും സുവിശേഷം പങ്കിടുവാനും സഹായിക്കണമേ. ഞങ്ങളോടൊപ്പമുള്ള നിന്റെ സാന്നിദ്ധ്യം തിരിച്ചറിയാനുള്ള പരിജ്ഞാനം ഞങ്ങൾക്കു നൽകണമെന്ന് നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. **ആമേൻ.**

or

## 2021 ഏപ്രിൽ 25

**സുവിശേഷകനായ മർക്കൊസ്**

| | | |
|---|---|---|
| രാ. | ഹോശേ. 6:1-6 | 2 തിമൊ.4:1-11 |
| | സങ്കീ.119:1-8 | മർക്കൊ.14:43-52 |

സർവ്വശക്തനായ ദൈവമേ, നിന്റെ സുവിശേഷകനായ വിശുദ്ധ മർക്കൊസിന്റെ പ്രചോദനാത്മകമായ സാക്ഷ്യത്താൽ നിന്റെ വിശുദ്ധ സഭയെ പ്രകാശിപ്പിച്ചുവല്ലോ. സുവിശേഷത്തിന്റെ സത്യത്തിൽ ശക്തിയോടെ ഉറച്ചുനിന്ന്,

വാക്കിലും പ്രവൃത്തിയിലും അതിന്റെ ഉപദേശത്തിൽ വിശ്വസ്തരായിരിപ്പാൻ ഞങ്ങളെ സഹായിക്കണമെന്ന് പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി കാലാവസാനംകൂടാതെ ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലം അപേക്ഷിക്കുന്നു. **ആമേൻ.**

## മെയ്

### 2021 മെയ് 01, ശനിയാഴ്ച

**ലോക തൊഴിലാളി ദിനം**

**പ്രവൃത്തിയിൽ ദൈവത്തോടൊപ്പം**

| | |
|---|---|
| പുറ. 36:1–13 | അപ്പൊ. പ്ര. 9:36–43 |
| സങ്കീ. 104:23–35 | യോഹ. 4:34–38 |

കൃപാലുവായ ദൈവമേ, ഞങ്ങളുടെ തകർന്ന ബന്ധങ്ങൾ പുനഃസ്ഥാപിക്കുവാൻ നിന്റെ പുത്രനായ യേശുക്രിസ്തുവിനെ ലോകത്തിലേക്കയച്ചുവല്ലോ. തച്ചനായ യോസേഫിന്റെയും മറിയയുടെയും മകനായി വളർന്ന ഞങ്ങളുടെ കർത്താവ് കഠിനാധ്വാനം ചെയ്തും വിയർപ്പൊഴുക്കിയും സ്വകുടുംബത്തിന്റെ ചുമതലകളിൽ പങ്കുചേർന്നല്ലോ. ഞങ്ങളും ദൈവം ഏൽപ്പിച്ചിരിക്കുന്ന വലുതും ചെറുതുമായ കർത്തവ്യങ്ങളിലും ഉത്തരവാദിത്വങ്ങളിലും വിശ്വസ്തരായിരിക്കാൻ ഞങ്ങളെ സഹായിക്കണമെന്ന് പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി കാലാവസാനംകൂടാതെ ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുമൂലം ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. **ആമേൻ.**

## 2021 മേയ് 02, ഞായർ

*ഉയിർപ്പിനു പിമ്പ് 4 – ാം ഞായർ*

**ഉയിർപ്പ്: ക്രിസ്തുവിലുള്ള വിശ്വാസം**

| | | |
|---|---|---|
| രാ. | 2 രാജാ. 4:27–37 | അപ്പൊ.പ്ര.26:12–23 |
| | സങ്കീ. 90 | യോഹ. 11:17–28 |
| വൈ. | 1 രാജാ. 17:17–24 | 1 പത്രോ. 1:3–12 |

സർവ്വശക്തനായ ദൈവമേ, യേശുക്രിസ്തുവിനെ നീ ഉയർത്തുകയും സകലത്തിന്റെയും കർത്താവാക്കുകയും ചെയ്തല്ലോ. പുനരുത്ഥാനവും നിത്യജീവന്റെ ഉറവയുമായ ക്രിസ്തുവിൽ വിശ്വസിക്കാനും അവനെ അനുഗമിക്കാനും ആവശ്യമായ വിശ്വാസവും ധീരതയും ഞങ്ങൾക്കു നൽകേണമേ. ക്രിസ്തുവിന്റെ ജീവിതത്തെയും രക്ഷണ്യപ്രവൃത്തിയെയും വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും സാക്ഷിപ്പാൻ ഞങ്ങളെ സഹായിക്കേണമേ. എല്ലാ അവിശ്വാസവും അവിശ്വസ്തതയും വെടിയുന്നതിന് ഞങ്ങളുടെ കണ്ണുകളെ തുറക്കുകയും ഞങ്ങളെ സഹായിക്കുകയും ചെയ്യണമെന്ന് പിതാവിനോടും പരിശുദ്ധാത്മാവിനോടും കൂടെ ഏകദൈവമായി കാലാവസാനംകൂടാതെ ജീവിച്ചു വാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുമൂലം ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. **ആമേൻ.**

## 2021 മേയ് 6, വ്യാഴം

**അപ്പൊസ്തലനും സുവിശേഷകനുമായ**
**വി. യോഹന്നാൻ**

| | | |
|---|---|---|
| പുറ. | 33:18–23 | 1യോഹ. 1:1–4 |
| സങ്കീ. | 27 | യോഹ. 21:20–25 |

സർവ്വശക്തനായ ദൈവമേ, വ്യാജോപദേശങ്ങളുടെ മദ്ധ്യേ അപ്പൊസ്തലനായ വിശുദ്ധ യോഹന്നാൻ മുഖാന്തരം നിന്റെ പുത്രനായ യേശുക്രിസ്തുവിലുള്ള

സത്യം സ്ഥിരപ്പെടുത്തിയല്ലോ. കർത്താവേ, വഴിയും സത്യവും ജീവനും പ്രകാശവുമായ നിന്റെ പുത്രനിൽ വെളിപ്പെട്ട സത്യത്തിൽ ഉറച്ചു നിൽക്കേണ്ടതിനു ഞങ്ങളെ സഹായിക്കണമെന്ന് പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി കാലാവസാനം കൂടാതെ ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലം അപേക്ഷിക്കുന്നു. **ആമേൻ.**

## 2021 മേയ് 9, ഞായർ

***ഉയിർപ്പിനു പിമ്പ് 5 – ാം ഞായർ***

**ദൗത്യനിർവ്വഹണത്തിന് ക്രിസ്തു ക്ഷണിക്കുന്നു**

| | | |
|---|---|---|
| രാ. | യെഹ. 34:25–31 | 1പത്രോ. 2:1–10 |
| | സങ്കീ. 47 | യോഹ. 20:19–23 |
| വൈ. | സങ്കീ. 96 | എഫെ. 5:1–14 |

ആർദ്രവാനും കരുതുന്നവനുമായ ദൈവമേ, സ്നേഹത്തിന്റെയും ക്ഷമയുടെയും ദൂതറിയിക്കാൻ പരിശുദ്ധാത്മശക്തി സഭയുടെമേൽ പകർന്നതിനായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. പരിശുദ്ധാത്മാവിനോടു ചേർന്ന് നീതിയും സമാധാനവും സ്ഥാപിക്കുന്നതിന് ഞങ്ങളെ ശക്തീകരിക്കേണമേ. ക്രിസ്തുവിന്റെ ആഹ്വാനം സ്വീകരിച്ച് ദൈവികദൗത്യ ത്തിൽ പങ്കുചേരുവാൻ ഞങ്ങളെ ഒരുക്കേണമേ. നിനക്ക് സ്വീകാര്യമായ ആത്മികയാഗം അർപ്പിക്കുന്ന വിശുദ്ധ പുരോഹിതവർഗമാകുന്നതിന് നീ പണിയുന്ന ആത്മീയ ഗൃഹത്തിന്റെ ജീവനുള്ള കല്ലുകളായി ഞങ്ങളെ തീർക്കേണമേ. യേശുക്രിസ്തു മുഖാന്തരം ഞങ്ങൾ അപേക്ഷിക്കുന്നു. **ആമേൻ.**

## 2021 മേയ് 13, വ്യാഴം
### സ്വർഗാരോഹണ നാൾ
### ക്രിസ്തു– സകലത്തിന്റെയും കർത്താവ്

| | |
|---|---|
| ദാനി. 7:9–14 | അപ്പൊ. പ്ര. 1:1–11 |
| സങ്കീ. 47 | ലൂക്കൊ. 24:50–53 |

കാരുണ്യവാനായ ദൈവമേ, മനുഷ്യരെ നിന്റെ ഗണത്തിലേക്കു ചേർക്കുന്നതിനായി നിന്റെ പുത്രനെ ഞങ്ങളിൽ ഒരുവനായി കഷ്ടതയും മരണവും അനുഭവിക്കാനും മരിച്ചവരിൽനിന്ന് ഉയിർക്കുവാനും നീ അയച്ചല്ലോ. സ്വർഗാരോഹണം ചെയ്ത യേശുക്രിസ്തുവിലേക്ക് ഞങ്ങളുടെ ഹൃദയങ്ങളെയും മനസ്സുകളെയും ഉയർത്തുന്നു. സമൂഹത്തിലെ പാർശ്വവത്കരിക്കപ്പെട്ടവരുടെ ഉദ്ധാരണത്തിനുവേണ്ടി പ്രയത്നിക്കാൻ ഞങ്ങളെ സഹായിക്കേണമേ. ഞങ്ങളുടെ കർത്താവും സകലത്തിന്റെയും കർത്താവുമായ ക്രിസ്തുവിനെ ആരാധിക്കാനും നിന്റെ രക്ഷയെ ഭൂമിയുടെ അറ്റത്തോളം പ്രഘോഷിക്കാനും നിന്റെ ആത്മാവിനെ ഞങ്ങൾക്കു നൽകേണമേ. ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലം തന്നെ. അവൻ നിന്നോടും പരിശുദ്ധാത്മാവിനോടുംകൂടെ എന്നും ഏക ദൈവമായി ജീവിച്ചുവാഴുന്നുവല്ലോ. **ആമേൻ.**

## 2021 മേയ് 16, ഞായർ
### *ഉയിർപ്പിനു പിമ്പ് 6 – ാം ഞായർ*
### പരിശുദ്ധാത്മാവിനായുള്ള കാത്തിരിപ്പ്

| | | |
|---|---|---|
| രാ. | യെശ. 40:25–31 | അപ്പൊ. പ്ര. 1:1–11 |
| | സങ്കീ. 51 | ലൂക്കൊ. 24:44–49 |
| വൈ. | സങ്കീ. 42 | യോഹ. 14:15–21 |

സർവ്വാധികാരിയായ ദൈവമേ, പരിശുദ്ധാത്മാവിനായി കാത്തിരുന്ന ശിഷ്യർക്ക് സമൃദ്ധമായ അനുഗ്രഹങ്ങളെ നീ നൽകിയല്ലോ. ഉത്കണ്ഠ നിറഞ്ഞതും അതിലോലവുമായ

ഞങ്ങളുടെ ജീവിതത്തെ ശക്തീകരിക്കുകയും പരിപോഷിപ്പിക്കുകയും നിലനിർത്തുകയും ചെയ്യുന്ന പരിശുദ്ധാത്മാവിന്റെ അനുഗ്രഹത്തിനായി ഞങ്ങൾ അപേക്ഷിക്കയും കാത്തിരിക്കയും ചെയ്യുന്നു. നിന്റെ ശുദ്ധീകരിക്കുന്ന ശക്തിയാൽ ഞങ്ങളെ തിന്മയുടെ പിടിയിൽനിന്നും അനീതിയുടെ ലോകത്തുനിന്നും വീണ്ടെടുക്കേണമേ. അങ്ങനെ നിന്റെ സുവിശേഷം ലോകത്തിന്റെ അറ്റത്തോളം പ്രഘോഷിക്കാൻ നിന്റെ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ സഹായിക്കേണമെന്ന് നിന്നോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏക ദൈവമായി ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുമൂലം ഞങ്ങൾ അപേക്ഷിക്കുന്നു. **ആമെൻ.**

## 2021 മേയ് 23, ഞായർ

### പെന്തക്കൊസ്തു ഞായർ

### പരിശുദ്ധാത്മാവേ വരിക, ഞങ്ങളെ നവീകരിക്ക

| | | |
|---|---|---|
| രാ. | യെഹ. 37:1–14 | അപ്പൊ. പ്ര. 2:1–13 |
| | സങ്കീ. 104:24–35 | യോഹ. 16:1–11 |
| വൈ. | യോവേൽ 2:28–32 | തീത്തൊ. 3:5–8 |

പരിശുദ്ധാത്മദാതാവും പുതുക്കത്തിന്റെ ഉറവിടവുമായ കൃപാലുവായ ദൈവമേ, പെന്തക്കൊസ്തുനാളിൽ പ്രകടമായ അടയാളങ്ങളായ അഗ്നിനാവുകളിലൂടെയും കൊടുങ്കാറ്റിന്റെ ശബ്ദത്തിലൂടെയും ജീവദാതാവായ പരിശുദ്ധാത്മാവിന്റെ ആഗമനത്തിന്റെ ദർശനം ഞങ്ങളുടെ പൂർവ്വികർക്കു നൽകിയതിനായി ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു. ഞങ്ങളെ പരിശുദ്ധാത്മ ശക്തിയാൽ നിരന്തരം പുതുക്കുവാനും നിന്നോടുള്ള പ്രാർത്ഥനയിലുടെ പെന്തക്കൊസ്തിന്റെ ശക്തി സംഭരിക്കാനും ഞങ്ങളെ സഹായിക്കേണമേ. വിമോചനത്തിന്റെ സന്ദേശം എപ്പോഴും

പ്രഖ്യാപിക്കാനും ഭയംകൂടാതെ സ്നേഹത്തോടും ആർദ്ര തയോടും യേശുക്രിസ്തുവിനു സാക്ഷ്യം വഹിക്കാനും ഞങ്ങളെ സഹായിക്കേണമേ. പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി കാലാവസാനംകൂടാതെ ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുമൂലം ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. **ആമേൻ.**

## 2021 മേയ് 30, ഞായർ

*പെന്തക്കോസ്തിനു പിമ്പ് 1-ാം ഞായർ*

**ത്രിത്വ ഞായർ**

**ത്രിയേക ദൈവത്തെ ഞങ്ങൾ ആരാധിക്കുന്നു**

| | | |
|---|---|---|
| രാ. | ഉല്പ. 1:1-28 | 2കൊരി. 13:11-14 |
| | സങ്കീ. 2 | യോഹ. 1:1-18 |
| വൈ. | ഉല്പ. 18:1-15 | 1യോഹ. 1:1-10 |

വാഴ്ത്തപ്പെട്ട ത്രിയേക ദൈവമേ, നിന്നിലൂടെ കാണപ്പെട്ടതും കാണപ്പെടാത്തതുമായ സകലത്തെയും നിർമ്മിച്ചവനും ദൂരസ്ഥരും സമീപസ്ഥരുമായ സകലരുടെയും രക്ഷിതാവുമായവനെ ഞങ്ങൾ അറിയുന്നു. നിന്റെ ആത്മാവിനാൽ നിന്നെ ആരാധിപ്പാനും നിന്റെ ദൈവിക മഹത്വത്തെ പാടിസ്തുതിക്കാനും ഞങ്ങളെ ബലപ്പെടുത്തേണമേ. അപ്രകാരം സൈന്യങ്ങളുടെ ദൈവമായ കർത്താവ് പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ, ആകാശവും ഭൂമിയും നിന്റെ മഹത്വംകൊണ്ട് നിറഞ്ഞിരിക്കുന്നു. മഹോന്നതനായ കർത്താവേ, നിനക്കു മഹത്വമുണ്ടാകട്ടെ, എന്നു സ്വർഗത്തിലെ സകല സംഘത്തോടും ചേർന്ന് നിന്നെ പാടി പുകഴ്ത്തുവാൻ ഞങ്ങൾക്കു കൃപ നൽകേണമേ. പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി കാലാവസാനംകൂടാതെ ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുമൂലം അപേക്ഷിക്കുന്നു. **ആമേൻ.**

# ജൂൺ

## 2021 ജൂൺ 6, ഞായർ

*പെന്തക്കോസ്തിനു പിമ്പ് 2-ാം ഞായർ*

**വിദ്യാർത്ഥി ഞായർ**

**ഉയരത്തിൽനിന്നുള്ള ജ്ഞാനം**

| | | |
|---|---|---|
| രാ. | 1 രാജാ. 3:16-28 | യാക്കോ.1:1-8 |
| | സങ്കീ. 119:33-40 | ലൂക്കൊ.10:21-24 |
| വൈ. | സ. വാ. 23:13-26 | ഫിലി. 4:4-9 |

ജ്ഞാനത്തിന്റെ ഉറവയും സത്യാന്വേഷകരുടെ ലക്ഷ്യവുമായ ദൈവമേ, ഞങ്ങൾക്കു തന്നിരിക്കുന്ന ബുദ്ധിക്കായും അന്വേഷണ കൗതുകത്തിനായും പരിചിന്തനത്തിനുള്ള പ്രാപ്തിക്കായും ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ദൈവത്തിനുമാത്രം തരാൻ കഴിയുന്ന ഉയരത്തിൽനിന്നുള്ള ജ്ഞാനത്തെ അന്വേഷിക്കാനും കണ്ടെത്താനും ഞങ്ങളെ സഹായിക്കേണമേ. അങ്ങനെ ഈ ലോകജീവിതത്തിലുണ്ടാകാവുന്ന തിന്മകളെയും പരീക്ഷകളെയും അതിജീവിച്ച് ജയംനേടാൻ ഞങ്ങളെ സഹായിക്കേണമേ. യഥാർത്ഥ ജ്ഞാനം ദൈവത്തെ അറിയുന്നതാണെന്നും എല്ലാ സത്യാന്വേഷണത്തിന്റെയും ലക്ഷ്യം അതുതന്നെയാണെന്നും ഞങ്ങൾ തിരിച്ചറിയുന്നു. ആ സത്യം കണ്ടെത്തുന്നതിലൂടെ ഞങ്ങൾ രൂപാന്തരപ്പെട്ട ജയജീവിതം നയിക്കാൻ ഇടയാക്കണമെന്ന് നിന്നോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏക ദൈവമായി എന്നും ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുമൂലം ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. **ആമേൻ.**

## 2021 ജൂൺ 11, വെള്ളി

**അപ്പൊസ്തലനായ ബർന്നബാസ്**

| | | |
|---|---|---|
| രാ. | ഇയ്യോ. 29:7–16 | അ.പ്ര. 11:19–26,13:1–3 |
| | സങ്കീ. 34 | മത്താ. 5:13–16 |

സർവ്വശക്തനായ ദൈവമേ, നിന്റെ അപ്പൊസ്തലനായ ബർന്നബാസിന്റെ മാതൃകകളെ പിൻപറ്റുവാൻ ഞങ്ങളെ സഹായിക്കണമേ. സമൂഹത്തിലെ ഏകാകികളെയും ദുഃഖിതരെയും ഹൃദയം തകർന്നവരെയും ആശ്വസിപ്പിക്കുവാനും സാന്ത്വനപ്പെടുത്തുവാനും ഞങ്ങളെ ശക്തീകരിക്കണമേ. ചെലവിടുന്നതിലൂടെ ഞങ്ങൾക്ക് ധാരാളമായി ലഭിക്കുന്നു എന്ന ചിന്തയോടെ ഞങ്ങൾക്കുള്ളതിനെ അങ്ങയുടെ വേലയ്ക്കും ഞങ്ങളുടെ സമസൃഷ്ടങ്ങളുടെ അനുഗ്രഹത്തിനുമായി വിനിയോഗിപ്പാൻ ഞങ്ങളെ സഹായിക്കണമേ. നവജീവന്റെ സുവിശേഷം പ്രഘോഷിപ്പാനും ക്രിസ്തുവിൽ ജീവന്റെ പുതുക്കം കുറിക്കുന്നവരോടുകൂടെ ആയിരിപ്പാനും ഞങ്ങളെ ശക്തീകരിക്കണമെന്ന് പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി കാലാവസാനംകൂടാതെ ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലം അപേക്ഷിക്കുന്നു. **ആമേൻ.**

## 2021 ജൂൺ 13, ഞായർ

***പെന്തക്കോസ്തിനു പിമ്പ് 3–ാം ഞായർ***

**പരിസ്ഥിതി ഞായർ**

**സൃഷ്ടി ദൈവത്തിന്റെ മഹത്വം വർണ്ണിക്കുന്നു**

| | | |
|---|---|---|
| രാ. | സദൃ. 8:22–31 | വെളി. 21:1–8 |
| | സങ്കീ. 19 | ലൂക്കൊ. 8:22–25 |
| വൈ. | യെശ. 40:21–31 | ഗലാ. 1:9–20 |

സൃഷ്ടിതാവായ ഞങ്ങളുടെ ദൈവമേ, നിന്റെ സൃഷ്ടിയുടെ ധന്യവും സമൃദ്ധവുമായ അനുഗ്രഹങ്ങൾക്കായി ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു. നിന്റെ മഹത്വത്തെ

വർണ്ണിക്കുന്ന നിന്റെ സൃഷ്ടിയോടു ചേർന്ന് ഞങ്ങൾ നിന്റെ വിശുദ്ധനാമത്തെ പുകഴ്ത്തുകയും നിനക്ക് നന്ദി അർപ്പിക്കുകയും ചെയ്യുന്നു. നിന്റെ സൃഷ്ടിയുടെ വിശ്വസ്ത കാര്യവിചാരകരാകാൻ നീ ഞങ്ങളെ വിളിച്ചിരിക്കുന്നു. എന്നാൽ ഞങ്ങളാവട്ടെ, നിന്നോടും നിന്റെ സൃഷ്ടിയോടുമുള്ള ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിൽ അമ്പേ പരാജയപ്പെട്ടിരിക്കുന്നു. ഞങ്ങളെ സകല ദുഷ്ടതയിൽ നിന്നും വിടുവിച്ച് നിന്റെ വിശ്വസ്ത കൈപ്പണിയായിരിക്കാൻ സഹായിക്കണമേ. പ്രകൃതിയോടിണങ്ങി ജീവിക്കാൻ ആവശ്യമായ വിവേകം ഞങ്ങൾക്കു നൽകണമേ. അങ്ങനെ നിന്റെ സൃഷ്ടിയുടെ മഹത്വവും നന്മയും അനുഭവിക്കാൻ ഞങ്ങളെ സഹായിക്കണമെന്ന് പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി എന്നും ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുമൂലം ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. **ആമേൻ.**

## 2020 ജൂൺ 20, ഞായർ

*പെന്തക്കോസ്തിനു പിമ്പ് 4-ാം ഞായർ*

**കർത്താവിനെ ആത്മാവിലും സത്യത്തിലും ആരാധിക്കുക**

| | | |
|---|---|---|
| രാ. | യെശ. 6:1-8 | 2തെസ്സ. 2:13-17 |
| | സങ്കീ. 139 | യോഹ. 4:15-26 |
| വൈ. | പുറ. 32:7-14 | 1യോഹ. 5:6-12 |

സർവ്വശക്തനും നിത്യനുമായ ദൈവമേ, ഞങ്ങളുടെ വിശ്വാസം ഏറ്റുപറയുന്നതിലൂടെ മഹത്തായ ഐക്യത്തിൽ വസിക്കുന്ന നിത്യ ത്രിത്വമായ നിന്നെ അറിയാനും ആരാധിക്കാനും ഞങ്ങൾക്കു കൃപ തന്നിരിക്കുന്നു. ഈ വിശ്വാസത്തിലും ആരാധനയിലും ഞങ്ങളെ ഉറപ്പിച്ച് ഒടുക്കം നിന്റെ നിത്യ മഹത്വത്തിൽ ഞങ്ങൾ നിന്നെ കണ്ട് ആരാധിപ്പാൻ നിന്റെ അടുക്കലേക്കുതന്നെ ഞങ്ങളെ

ചേർത്തുകൊള്ളണമെന്ന് പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ കാലാവസാനം കൂടാതെ ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുമൂലം ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. **ആമേൻ.**

## 2021 ജൂൺ 24, വ്യാഴം

### സ്നാപക യോഹന്നാൻ

മലാഖി 3:1–5 വെളി. 3:14–22

ലൂക്കോ. 1:68–79/യോഹ.3:22–36

സർവ്വശക്തനായ ദൈവമേ, തിരുവിഷ്ടപ്രകാരം അത്ഭുതകരമായി ജനിക്കുവാനും ഞങ്ങളുടെ രക്ഷകനും നിന്റെ പുത്രനുമായവന്റെ വരവിനുവേണ്ടി വഴിയൊരുക്കുവാനും സ്നാപക യോഹന്നാനെ അയച്ചല്ലോ. താൻ ഉപദേശിച്ചതുപോലെ ഞങ്ങൾ യഥാർത്ഥമായി മാനസാന്തരപ്പെടുവാനും തന്റെ മാതൃക പ്രകാരം സത്യത്തെ മുറുകെപ്പിടിക്കുവാനും തിന്മയെ ധീരതയോടെ എതിർപ്പാനും സത്യത്തിനുവേണ്ടി കഷ്ടം സഹിപ്പാനും ഞങ്ങൾക്കു കൃപ നൽകണമെന്ന് പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി കാലാവസാനംകൂടാതെ ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലം അപേക്ഷിക്കുന്നു. **ആമേൻ.**

## 2021 ജൂൺ 27, ഞായർ

***പെന്തക്കോസ്തിനു പിമ്പ് 5–ാം ഞായർ***

### ശിഷ്യത്വത്തിന്റെ വില

| | | |
|---|---|---|
| രാ. | ദാനി. 6:11–23 | 2കൊരി. 6:1–10 |
| | സങ്കീ. 34 | മർക്കൊ. 10:35–45 |
| വൈ. | യിരെ. 38:1–10 | എബ്രാ. 11:23–40 |

ശ്രേഷ്ഠ ഗുരുവായ ദൈവമേ, യഥാർത്ഥ ശിഷ്യത്വത്തിന്റെ വില യേശുക്രിസ്തുവിലൂടെ നീ ഞങ്ങൾക്കു കാട്ടിത്തന്നിരിക്കുന്നു. ഞങ്ങളുടെ ദൈനംദിന ജീവിതത്തിൽ

ക്രിസ്തുവിന്റെ ഉത്തമ ശിഷ്യരായിരിക്കാൻ ഞങ്ങളെ പഠിപ്പിക്കേണമേ. നിന്റെ വചനത്തോട് അനുസരണമുള്ളവരായി ഞങ്ങളെ വളർത്തണമേ. ഞങ്ങളിൽ ഒരു ദാസ ഹൃദയത്തെ രൂപപ്പെടുത്തുകയും ദിനംതോറും നിന്റെ ക്രൂശ് എടുത്തുകൊണ്ട് നിന്നെ പിന്തുടരുവാൻ ഞങ്ങളെ സഹായിക്കുകയും ചെയ്യണമേ. അങ്ങനെ ഞങ്ങൾ എല്ലാ നിഗളത്തിൽനിന്നും ഭയത്തിൽനിന്നും വിടുവിക്കപ്പെട്ട് നിന്നോടൊപ്പം കഷ്ടതയുടെ പാനപാത്രം കുടിക്കാൻ തക്ക വിനയമുള്ളവരാകാനും മറ്റുള്ളവർക്ക് ശുശ്രൂഷ ചെയ്യാനും കഷ്ടതകളെയും പരീക്ഷകളെയും ജയിക്കാനും കൃപ നൽകണമെന്ന് ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലം നിന്നോട് അപേക്ഷിക്കുന്നു. **ആമേൻ.**

**അല്ലെങ്കിൽ**

## 2021 ജൂൺ 29, ചൊവ്വ

### അപ്പൊസ്തലനും രക്തസാക്ഷിയുമായ പത്രോസ്

| | | | |
|---|---|---|---|
| രാ. | യിരെ. | 16:16–21 | അ. പ്ര. 4:32–37 |
| | സങ്കീ. | 18:30–36 | മർക്കോ. 8:1–10 |
| വൈ. | യെശ. | 56:6–12 | 1 പത്രൊ. 4:7–11 |

ദൈവമായ കർത്താവേ, നിന്റെ പുത്രനായ യേശുക്രിസ്തുവിലൂടെ മീൻപിടുത്തക്കാരനായ പത്രോസിനെ മനുഷ്യന്മാരെ പിടിക്കുന്നവനായി വിളിച്ചല്ലോ. ഞങ്ങളുടെ പ്രവർത്തനമേഖലകളിൽ നിന്റെ വിളിയെ തിരിച്ചറിയുവാനും അംഗീകരിക്കുവാനും ക്രൂശിലേക്ക് നിന്നെ പിൻഗമിക്കുവാനും ഞങ്ങളെ സഹായിക്കണമേ. നിശ്ചയദാർഢ്യവും ഉദ്ദേശ്യസ്ഥിരതയും, ചെയ്യേണ്ട കാര്യങ്ങൾ ചെയ്യുവാനുള്ള ജ്ഞാനവും, സഹിപ്പാനുള്ള കൃപയും, പ്രവർത്തിക്കാനാവശ്യമായ ശക്തിയും, പൂർത്തീകരിപ്പാനാവശ്യമായ വൈദഗ്ദ്ധ്യവും നൽകണമേ. ഞങ്ങൾ നിന്റെ ക്രൂശിനു

പങ്കാളികൾ ആകുന്നതിലൂടെ നിന്റെ കിരീടത്തിനു പങ്കാളികളാകുവാനും, നിന്റെ മരണത്തിൽ പങ്കാളികളാകുന്നതിലൂടെ നിന്റെ ജീവനു പങ്കാളികളാകുവാനും ഞങ്ങളെ സഹായിക്കണമെന്ന് പിതാവിനോടും പരിശുദ്ധാത്മാവിനോടും കൂടെ ഏകദൈവമായി കാലാവസാനംകൂടാതെ ജീവിച്ചുവാഴുന്ന യേശുക്രിസ്തുമൂലം അപേക്ഷിക്കുന്നു. **ആമേൻ.**

## 2021 ജൂൺ 30, ബുധൻ

**വിശുദ്ധ പൗലോസും പന്ത്രണ്ട് അപ്പൊസ്തലന്മാരും**

| | |
|---|---|
| യിരെ.23:1-4 | ഗലാ. 2:1-10 |
| സങ്കീ. 2 | മത്താ. 20:25-28 |

യേശുക്രിസ്തുതന്നെ പ്രധാന മൂലക്കല്ലായിരിക്കെ, അപ്പൊസ്തലന്മാരും പ്രവാചകന്മാരുമാകുന്ന അടിസ്ഥാനത്തിന്മേൽ നിന്റെ സഭയെ പണിതിരിക്കുന്ന ഞങ്ങളുടെ ദൈവമേ, അവരുടെ പ്രമാണങ്ങളാൽ ആത്മാവിന്റെ ഐക്യതയിൽ ഏകോപിപ്പിക്കപ്പെട്ട് ഞങ്ങളും സകല വിശുദ്ധന്മാരോടുംകൂടെ നിനക്ക് പ്രസാദമുള്ള ആലയം ആയിരിപ്പാൻ തുണയ്ക്കണമെന്ന് പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി കാലാവസാനംകൂടാതെ ജീവിച്ചുവാഴുന്ന യേശുക്രിസ്തു മൂലം അപേക്ഷിക്കുന്നു. **ആമേൻ.**

# ജൂലൈ

## 2021 ജൂലൈ 3, ശനി

**ഭാരതത്തിന്റെ അപ്പൊസ്തലനായ വി. തോമസ്**

| | |
|---|---|
| യെശ. 52:7-15 | 2തിമൊ.3:10-17 |
| സങ്കീ. 29 | യോഹ. 20:24-29 |

സർവ്വശക്തനും നിത്യനുമായ ദൈവമേ, ഞങ്ങളുടെ ഉറപ്പുള്ള വിശ്വാസത്തിന്റെ അടിസ്ഥാനത്തിനായി നിന്റെ

അപ്പൊസ്തലനായ തോമസിനെ വാക്കിലും കാഴ്ചയിലും നിന്റെ പുത്രന്റെ പുനരുത്ഥാനം ബോദ്ധ്യപ്പെടുംവരെ സംശയാലു ആകുവാൻ അനുവദിച്ചല്ലോ. കാഴ്ചയാലല്ലാത്ത വിശ്വാസം ഞങ്ങൾക്കും നൽകണമെന്ന് പിതാവിനോടും പരിശുദ്ധാത്മാവിനോടും കൂടെ ഏകദൈവമായി കാലാവസാനം കൂടാതെ ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലം അപേക്ഷിക്കുന്നു. **ആമേൻ.**

## 2021 ജൂലൈ 4, ഞായർ

***പെന്തക്കോസ്തിനു പിമ്പ് 6 – ാം ഞായർ***

**കാര്യവിചാരകത്വം: സുതാര്യതയും ഉത്തരവാദിത്വവും**

| | | |
|---|---|---|
| രാ. | പുറ. 36:2–7 | ഫിലി. 4:10–20 |
| | സങ്കീ. 116:12–19 | ലൂക്കൊ. 19:11–27 |
| വൈ. | 2രാജാ. 12:1–6 | അപ്പൊ. പ്ര. 5:1–11 |

എല്ലാ വിഭവങ്ങളുടെയും ദാതാവായ ദൈവമേ, ദൈവരാജ്യത്തിന്റെ വികസനത്തിനായി ദൃശ്യവും അദൃശ്യവുമായ കൈമുതലുകൾ സമൃദ്ധിയായി നീ ഞങ്ങൾക്കു നൽകിയിരിക്കുന്നു. അങ്ങനെ ഞങ്ങളിലുള്ള നിന്റെ വിശ്വാസവും പ്രതീക്ഷയും നീ വെളിപ്പെടുത്തിയിരിക്കുന്നു. നിന്റെ വിഭവങ്ങളുടെ ചുമതലപ്പെട്ട കാര്യവിചാരകരെന്ന നിലയിൽ മറ്റുള്ളവരെ കരുതാനും സംരക്ഷിക്കാനും ഞങ്ങളെ ബലപ്പെടുത്തേണമേ. നിന്റെ രാജ്യത്തിന്റെ വളർച്ചയ്ക്കായി കൂടുതൽ വിഭവങ്ങളെ തന്ന് ഞങ്ങളെ അനുഗ്രഹിക്കേണമേ. പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി കാലാവസാനം കൂടാതെ ജീവിച്ചു വാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുമൂലം ഞങ്ങൾ അപേക്ഷിക്കുന്നു. **ആമേൻ.**

## 2021 ജൂലൈ 11, ഞായർ

*പെന്തക്കോസ്തിനു പിമ്പ് 7-ാം ഞായർ*

**വൈദിക വിദ്യാഭ്യാസ ഞായർ**

**വൈദിക വിദ്യാഭ്യാസം: വിശ്വാസത്തിന്റെ പരിജ്ഞാനവും പ്രായോഗികതയും**

| | | |
|---|---|---|
| രാ. | പുറ. 3:1-12 | 2തിമൊ. 2:1-13 |
| | സങ്കീ. 111 | യോഹ. 12:20-26 |
| വൈ. | യിരെ. 23:23-33 | അപ്പൊ.പ്ര. 8:26-40 |

സർവ്വശക്തനായ ദൈവമേ, ഗോതമ്പുമണി നിലത്തു വീണ്ടു ചത്തു ഫലം കായ്ക്കുന്നതുപോലെ ലൗകികതയെ അതിജീവിക്കാനും നിത്യജീവനെ സ്നേഹിക്കാനും സാധാരണ ജനങ്ങളെ നീ വിളിച്ചല്ലോ. തിരുവചനത്തെ ധ്യാനിക്കുവാനും വ്യാഖ്യാനിക്കുവാനുമുള്ള അറിവും പരിജ്ഞാനവും ഞങ്ങൾക്കു പകർന്നു നൽകണമേ. ദൈവശാസ്ത്ര പഠനത്തിലേർപ്പെടാൻ യുവജനങ്ങൾക്കു മാർഗദർശനവും പ്രചോദനവും നൽകണമേ. വൈദിക വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും നീതിയും ന്യായവും സമാധാനവും നിലനിൽക്കുന്ന ഒരു വ്യവസ്ഥിതിക്കായി പ്രവർത്തിക്കുവാൻ നിന്റെ പരിശുദ്ധാത്മാവിനാൽ നിറയ്ക്കേണമേ. പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി എന്നും ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുമൂലം ഞങ്ങൾ അപേക്ഷിക്കുന്നു. **ആമേൻ.**

## 2021 ജൂലൈ 18, ഞായർ

*പെന്തക്കോസ്തിനു പിമ്പ് 8-ാം ഞായർ*

**ദൈവജനം: ഉപ്പും വെളിച്ചവും**

| | | |
|---|---|---|
| രാ. | യെശ. 49:1-7 | എഫെ. 5:1-5 |
| | സങ്കീ. 27 | മത്താ. 5:13-16 |
| വൈ. | ലേവ്യ. 2:11-16 | റോമ. 13:11-14 |

അന്ധകാരത്തിന്റെ ശക്തികളെ തുരത്തുകയും ഭൂമിയിൽ വെളിച്ചം പകർന്ന് ജീവൻ പരിപാലിക്കുകയും ചെയ്യുന്ന പ്രകാശത്തിന്റെ ദൈവമേ, അങ്ങയുടെ പുത്രനും

ഞങ്ങളുടെ രക്ഷകനുമായ യേശുക്രിസ്തുവിന്റെ ജീവിതവും ശുശ്രൂഷയും മുഖാന്തരം ഈ ഇരുണ്ട ലോകത്തെ അവിടുന്നു പ്രകാശംകൊണ്ടു നിറച്ചു. യേശുവിന്റെ പുനരുത്ഥാനത്തിലൂടെ ഇരുളിന്റെ ശക്തികളിന്മേൽ ആത്യന്തിക വിജയം നേടി നിന്റെ ജനത്തിന് പ്രത്യാശ നൽകിയിരിക്കുന്നു. നിന്റെ ജനമായ ഞങ്ങളെ ഭൂമിയുടെ ഉപ്പും ലോകത്തിന്റെ വെളിച്ചവുമാക്കിത്തീർക്കേണമേ. അങ്ങനെ ലോകത്തെ അർത്ഥവും ലക്ഷ്യബോധവുമുള്ള ഒരു സമൂഹമായി പരിവർത്തനം ചെയ്യുന്ന നിന്റെ ശുശ്രൂഷ ഞങ്ങൾ തുടരുവാൻ സഹായിക്കണമെന്ന് ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലം ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. **ആമേൻ.**

## 2021 ജൂലൈ 22, വ്യാഴം

### മഗ്ദലന മറിയം

| | |
|---|---|
| സെഫ. 3:14-20 | 2യോഹ.1:1-13 |
| സങ്കീ. 116:1-16 | യോഹ.20:11-18 |

സർവ്വശക്തനായ ദൈവമേ, നിന്റെ പുത്രനിലൂടെ മഗ്ദലനക്കാരി മറിയയെ ശരീരത്തിലും ആത്മാവിലും യഥാസ്ഥാനപ്പെടുത്തി പുനരുത്ഥാനത്തിന്റെ ആദ്യസാക്ഷിയാക്കിയല്ലോ. ഞങ്ങളും നിന്നെ എന്നും ഭക്തിയോടെ സേവിപ്പാനായി ഞങ്ങളുടെ പാപങ്ങളെ ക്ഷമിക്കണമെന്നും കൃപയാൽ ഞങ്ങളെ പുതുക്കണമെന്നും ഉയിർത്തെഴുന്നേറ്റ് പിതാവിനോടും പരിശുദ്ധാത്മാവിനോടും കൂടെ ഏകദൈവമായി കാലാവസാനം കൂടാതെ ജീവിച്ചുവാഴുന്ന യേശുക്രിസ്തുമൂലം അപേക്ഷിക്കുന്നു. **ആമേൻ.**

## 2021 ജൂലൈ 25, ഞായർ

*പെന്തക്കോസ്തിനു പിമ്പ് 9-ാം ഞായർ*

**പട്ടത്വശുശ്രൂഷ: ക്രിസ്തുവിന്റെ മുറിവുകളാൽ അടയാളപ്പെടുത്തിയത്**

| | | |
|---|---|---|
| രാ. | 1 ശമു. 22:12-23 | ഗലാ. 6:11-18 |
| | സങ്കീ. 56 | യോഹ. 21:15-19 |
| വൈ. | ലേവ്യാ. 10:16-20 | 2തിമൊ. 2:1-13 |

ഞങ്ങളുടെ പാറയും വീണ്ടെടുപ്പുകാരനുമായ ദൈവമേ, ക്രിസ്തുവിന്റെ ശരീരമായ സഭയ്ക്കുവേണ്ടിയും പരിശുദ്ധാത്മ സഹായത്താൽ സഭയിലൂടെ നിർവ്വഹിക്കപ്പെടുന്ന വൈവിധ്യമാർന്ന ശുശ്രൂഷകൾക്കായും ഞങ്ങൾ നിനക്കു സ്തോത്രമർപ്പിക്കുന്നു. പട്ടക്കാരായ നിന്റെ സേവകർ നേരോടും വിശ്വസ്തതയോടും സമർപ്പണത്തോടും തങ്ങളുടെ ശുശ്രൂഷകൾ നിർവ്വഹിക്കുവാൻ സഹായിക്കേണമേ. ജാഗ്രതയോടെ ക്രിസ്തുവിനെ അനുകരിച്ച് നല്ല ഇടയന്മാരായി തങ്ങളുടെ ആട്ടിൻകൂട്ടങ്ങളെ നയിക്കാനും കാത്തുസൂക്ഷിക്കാനും അവരെ സഹായിക്കണമേ. അവരുടെ ശുശ്രൂഷയിലൂടെ തിരുനാമം മഹത്വപ്പെടുമാറാകണമെന്ന് ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുമൂലം ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. **ആമേൻ.**

## 2021 ജൂലൈ 25, ഞായർ

### *മഹായിടവക ദിനം*

***അപ്പൊസ്തലനും രക്തസാക്ഷിയുമായ വി. യാക്കോബ്***

| | |
|---|---|
| യിരെ. 26:10-15 | അ. പ്ര. 11:27-12:3 |
| സങ്കീ. 16 | മർക്കൊ.10:35-45 |

കരുണയുള്ള ദൈവമേ, നിന്റെ അപ്പൊസ്തലനായ വിശുദ്ധ യാക്കോബ് നിന്റെ പുത്രനായ യേശുക്രിസ്തുവിന്റെ വിളിയെ താമസംകൂടാതെ അനുസരിച്ച് തന്റെ പിതാ

വിനെയും തനിക്കുള്ള സകലത്തെയും വിട്ട് യേശുവിനെ അനുഗമിച്ചതുപോലെതന്നെ ഞങ്ങൾ ലൗകികമായ എല്ലാ മോഹങ്ങളെയും ഉപേക്ഷിച്ച് നിന്റെ വിശുദ്ധ കൽപ്പനകളെ അനുസരിച്ചു നടപ്പാൻ എപ്പോഴും ഒരുക്കമുള്ളവരാകേണ്ട തിന് കൃപയരുളണമെന്ന് പിതാവിനോടും പരിശുദ്ധാത്മാ വിനോടുംകൂടെ ഏകദൈവമായി കാലാവസാനംകൂടാതെ ജീവിച്ചുവാഴുന്ന യേശുക്രിസ്തു മൂലം ഞങ്ങൾ അപേക്ഷി ക്കുന്നു. **ആമേൻ.**

## 2021 ജൂലൈ 29, വ്യാഴം

### ബഥാന്യയിലെ മാർത്തയും മറിയയും ലാസറും നമ്മുടെ കർത്താവിന്റെ തോഴർ

ലൂക്കോ. 10:38-42 യോഹ. 11:1-27

ഞങ്ങളുടെ ഭവനവും കുടുംബവും ഞങ്ങൾക്കു ദാന മായി നൽകിയ ദൈവമേ, ബഥാന്യയിലെ മാർത്തയുടെയും മറിയയുടെയും ലാസറിന്റെയും കുടുംബത്തിൽ നീ പാർത്ത തുപോലെ ഞങ്ങളുടെ കുടുംബത്തിലും വസിക്കണമെന്ന് ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. നിന്റെ നിരന്തര സാ ന്നിദ്ധ്യവും സ്നേഹം നിറഞ്ഞ ദയാവായ്പും പുനരുത്ഥാ നത്തിന്റെ പുതുശക്തിയും അനുഭവിക്കുവാൻ ഞങ്ങളെ ഒരു ക്കണമേ. പ്രാർത്ഥനയിൽ ഉറ്റിരിക്കുന്നവരായും സ്നേഹ ത്തിൽ വിശ്വസ്തരായും ജീവിതത്തിൽ ചൈതന്യമുള്ളവ രായും നിലപാടുകളിൽ ഉറപ്പുള്ളവരായും ജീവിക്കുവാൻ നിന്റെ കൃപയാൽ ഞങ്ങളെ ശക്തീകരിക്കണമേ. വേദനക ളുടെയും എതിർപ്പുകളുടെയും മദ്ധ്യത്തിൽപ്പോലും ഞങ്ങളെ ധൈര്യത്തോടെ പ്രവർത്തിക്കുന്നവരാക്കി ത്തീർക്കണമെന്ന് പിതാവിനോടും പരിശുദ്ധാത്മാവി നോടുംകൂടെ ഏകദൈവമായി കാലാവസാനം കൂടാതെ ജീവിച്ചു വാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലം അപേക്ഷിക്കുന്നു. **ആമേൻ.**

# ആഗസ്റ്റ്

## 2021 ആഗസ്റ്റ് 01, ഞായർ

*പെന്തക്കോസ്തിനു പിമ്പ് 10 – ാം ഞായർ*

**അത്മായ ഞായർ**

**അത്മായർ – സമാധാന സുവിശേഷത്തിന്റെ ചാലകർ**

| | | |
|---|---|---|
| രാ. | 1 ശമു. 25:14–28 | 1 തെസ്സ. 4:1–12 |
| | സങ്കീ. 23 | ലൂക്കോ. 10:25–37 |
| വൈ. | സങ്കീ. 34 | 1 തെസ്സ. 5:12–22 |

കാരുണ്യവാനായ ദൈവമെ അങ്ങ് ഞങ്ങളെ അവിടുത്തെ ശക്തിയുടെയും സാന്നിദ്ധ്യത്തിന്റെയും ചാലകങ്ങൾ ആയി വിളിച്ചുവല്ലോ. സകലസൃഷ്ടികളോടും ദയ വർത്തിക്കുവാനും കഷ്ടതകളെ ദർശിക്കുവാനും അവരുടെ ഞരുക്കങ്ങൾ കേൾക്കുവാനും, ആവശ്യത്തിലിരിക്കുന്ന എല്ലാവരോടും പ്രതികരിക്കുവാനും അനുരഞ്ജനത്തിലേക്കു നയിക്കുന്ന സമാധാനസുവിശേഷം പ്രഘോഷിക്കുവാനും കൃപനൽകണമെന്ന് നിന്നോടും പരിശുദ്ധാത്മാവിനോടും കൂടെ എപ്പോഴും ജീവിച്ചു വാഴുന്ന യേശുക്രിസ്തു മൂലം ഞങ്ങൾ അപേക്ഷിക്കുന്നു. **ആമേൻ.**

## 2021 ആഗസ്റ്റ് 6, വെള്ളി

**മറുരൂപനാൾ**

**ക്രിസ്തുവിന്റെ രൂപാന്തരം**

| | | |
|---|---|---|
| പുറ. | 24:12–18 | 2പത്രോ. 1:16–19 |
| സങ്കീ. | 110 | ലൂക്കോ. 9:28–36 |

നിത്യദൈവമേ, വിശുദ്ധ പർവ്വതത്തിൽ തെരഞ്ഞെടുക്കപ്പെട്ട സാക്ഷികളുടെ മുമ്പാകെ നിന്റെ പുത്രനായ യേശുക്രിസ്തു അതിശയകരമായി രൂപാന്തരപ്പെടുകയും യരുശലേമിൽ താൻ നിർവ്വഹിക്കാനിരിക്കുന്ന പുറപ്പാടിനെക്കുറിച്ചു സംസാരിക്കുകയും ചെയ്തല്ലോ. വരുവാനുള്ള ലോക

ത്തിൽ താൻ ആയിരിക്കുന്നതുപോലെ യേശുവിനെ കാണേണ്ടതിന് തന്റെ ശബ്ദം കേൾക്കുവാനും ഞങ്ങളുടെ ക്രൂശ് വഹിപ്പാനും ഞങ്ങൾക്കു ശക്തി നൽകണമെന്ന് പിതാവിനോടും പരിശുദ്ധാത്മാവിനോടും കൂടെ കാലാവസാനംകൂടാതെ ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുമൂലം അപേക്ഷിക്കുന്നു. **ആമേൻ.**

## 2021 ആഗസ്റ്റ് 8, ഞായർ

***പെന്തക്കോസ്തിനു പിമ്പ് 11-ാം ഞായർ***

**വിവാഹത്തിന്റെ മാന്യത**

| | | |
|---|---|---|
| രാ. | മലാ. 2:13-16 | 1കൊരി. 13:1-14:1 |
| | സങ്കീ. 45 | മർക്കൊ. 10:2-9 |
| വൈ. | ഉത്തമ. 4:9-16 | എബ്രാ. 13:1-6 |

ഞങ്ങളുടെ സ്വർഗസ്ഥ പിതാവേ, തിരുവിഷ്ടം നിവർത്തിക്കാൻ നീ വിവാഹത്തെ നിയമിക്കയും കുടുംബത്തെ സ്ഥാപിക്കയും ചെയ്തതിലൂടെ ഈ ഭൂമിയെ സമ്പന്നമായി അനുഗ്രഹിച്ചിരിക്കുന്നു. യേശുക്രിസ്തുവിന്റെ ത്യാഗാത്മകമായ സ്നേഹം ഞങ്ങളുടെ പരസ്പര ബന്ധത്തിൽ പകർത്തുന്നതിലൂടെ എല്ലാ ഭാര്യാഭർത്താക്കന്മാരും തിരുനാമത്തെ മഹത്വപ്പെടുത്തട്ടെ. സന്തോഷത്തോടും വിനയത്തോടും തിരുമുമ്പിൽ ജീവിക്കുന്നതിലൂടെ തിരുനാമത്തെ ആദരിക്കട്ടെ. കർത്താവിനോടുള്ള അകമഴിഞ്ഞ ഭക്തിയിൽ ജീവിച്ച് അവർ സന്തോഷത്തോടെ രക്ഷയുടെ നീരുറവകളിൽനിന്നു പാനം ചെയ്യുകയും കുടുംബജീവിതത്തിൽ പാവനത കാത്തുസൂക്ഷിക്കുകയും ചെയ്യുമാറാകണമേ. അവരുടെ ജീവിതാനുഭവങ്ങളെ സ്വാർത്ഥരഹിതമായ വിശുദ്ധസ്നേഹത്താൽ പൂരിതമാക്കണമെന്നും അവർ എന്നും കുടുംബജീവിതത്തിന്റെ നന്മയിൽ സന്തോഷിക്കുമാറാകണമെന്നും പിതാവിനോടും പുത്രനോടും പരിശുദ്ധാത്മാവിനോടും കൂടെ ഏകദൈവമായി കാലാവസാനംകൂടാതെ ജീവിച്ചു

വാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുമൂലം ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. **ആമേൻ.**

## 2021 ആഗസ്റ്റ് 15, ഞായർ

*പെന്തക്കോസ്തിനു പിമ്പ് 12–ാം ഞായർ*

**സ്നാനം: ക്രിസ്തുവിനോടു കൂടെ മരണവും ഉയിർപ്പും**

| | | | |
|---|---|---|---|
| രാ. | ഉല്പ. | 7:11–24 | റോമ. 6:1–14 |
| | സങ്കീ. | 29 | യോഹ. 12:20–26 |
| വൈ. | പുറ. | 2:1–10 | 1 പത്രൊ. 3:19–22 |

കാരുണ്യവാനായ ദൈവമേ, നിനക്കു ഞങ്ങളോടുള്ള കൃപയ്ക്കായും ആർദ്രകരുണയ്ക്കായും ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. വിശുദ്ധസ്നാനം എന്ന കൂദാശയാൽ ഞങ്ങൾ ക്രിസ്തുവിനോടു ചേർന്ന് പാപത്തിനു മരിക്കയും നീതിക്കു ഉയിർക്കയും ചെയ്യുന്നുവല്ലോ. ഈ അറിവിലും പരിജ്ഞാനത്തിലും ഞങ്ങൾ വളരേണ്ടതിനും ക്രിസ്തുവിനോടുള്ള കൂട്ടായ്മയിൽ ഞങ്ങളെ ദൈവത്തോടുള്ള ശക്തമായ ബന്ധത്തിലേക്കും അനുരഞ്ജനത്തിലേക്കും നയിക്കുന്ന നിന്റെ കൃപയെക്കുറിച്ച് സാക്ഷ്യം വഹിക്കേണ്ടതിനും സഹായിക്കണമെന്ന് ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുമൂലം ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. **ആമേൻ.**

## 2021 ആഗസ്റ്റ് 15, ഞായർ

**സ്വാതന്ത്ര്യദിനം**

| | | |
|---|---|---|
| ഉല്പ. | 11:1–9 | 2 തിമൊ. 2:14–26 |
| സങ്കീ. | 66 | മത്താ. 5:38–48 |

താതനും മാതാവുമായ ഞങ്ങളുടെ ദൈവമേ, നീ ഞങ്ങൾക്കു തന്നിരിക്കുന്ന ജീവനായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. എന്തുകൊണ്ടെന്നാൽ നീ ജീവന്റെ ഉറവും

നായകനുമാകുന്നു. നീ ഞങ്ങളെയും സർവ്വപ്രപഞ്ചത്തെയും ചിട്ടയോടും ചേർച്ചയോടും സൃഷ്ടിച്ചിരിക്കുന്നു. എന്നാൽ ഞങ്ങൾ സമാധാന ബന്ധങ്ങൾ തകർക്കുന്ന കനത്ത മതിലുകളെ പണിതുയർത്തിയിരിക്കുന്നു. ഞങ്ങളോടു കരുണയുണ്ടായി വേർതിരിവിന്റെ നടുച്ചുവരുകളെ തകർക്കേണമേ. ശാന്തിയും സമാധാനവും ഞങ്ങളുടെ ഇടയിൽ വളരുമാറാക്കണമേ. മനുഷ്യരെല്ലാവരും ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടവരാണെന്നും ദൈവം സ്ഥാപിച്ച വിശ്വകുടുംബത്തിലെ അംഗങ്ങളാണെന്നും ഗ്രഹിക്കാനുള്ള പ്രാപ്തി ഞങ്ങൾക്കു നൽകേണമേ. പിതാവിനോടും പരിശുദ്ധാത്മാവിനോടും കൂടെ ഏകദൈവമായി കാലാവസാനം കൂടാതെ ജീവിച്ചു വാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലം ഞങ്ങൾ അപേക്ഷിക്കുന്നു. **ആമേൻ.**

## 2021 ആഗസ്റ്റ് 22, ഞായർ

***പെന്തക്കോസ്തിനു പിമ്പ് 13–ാം ഞായർ***

**കർത്താവിന്റെ അത്താഴമെന്ന കൂദാശ**

| | | |
|---|---|---|
| രാ. | 2 രാജാ.4:42–44 | 1കൊരി.11:23–30 |
| | സങ്കീ. 100 | യോഹ.6:15–59 |
| വൈ. | ഉല്പ. 22:1–19 | അപ്പൊ. പ്ര.27:27–38 |

കാരുണ്യവാനും നിത്യനുമായ ദൈവമേ, സർവ്വലോകത്തിന്റെയും പാപം പരിഹരിക്കുന്ന യാഗമായി സ്വയം സമർപ്പിച്ച ജീവന്റെ അപ്പമായ ക്രിസ്തുവിനായി ഞങ്ങൾ നിനക്കു സ്തോത്രമർപ്പിക്കുന്നു. ഞങ്ങൾ തിരുമേശയിലേക്കു അടുത്തുവരുമ്പോൾ ക്രൂശിലെ പരമയാഗത്തെ നന്ദിയോടെ ഓർക്കാനും ഞങ്ങളെത്തന്നെ ജീവനുള്ള യാഗമായി കർത്താവിനു വീണ്ടും സമർപ്പിക്കുവാനും സഹാ

യിക്കണമെന്ന് പിതാവിനോടും പരിശുദ്ധാത്മാവിനോടും കൂടെ ഏകദൈവമായി കാലാവസാനം കൂടാതെ ജീവിച്ചു വാഴുന്ന നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. **ആമേൻ.**

## 2021 ആഗസ്റ്റ് 24, ചൊവ്വ

### അപ്പൊസ്തലനും രക്തസാക്ഷിയുമായ

### വി. ബർത്തലോമായി

| | | |
|---|---|---|
| രാ. | ഉല്പ. 28:10–17 | എഫെ. 4:7–16 |
| | സങ്കീ. 25 | ലൂക്കോ. 6:12–16 |

സർവ്വശക്തനും നിത്യനുമായ ദൈവമേ, നിന്റെ അപ്പൊസ്തലനായ ബർത്തലോമായിക്ക് നിന്റെ വചനം വിശ്വസിക്കുന്നതിനും പ്രസംഗിക്കുന്നതിനും കൃപ നൽകി യതിനായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. തിരുവചന ത്തെ സ്നേഹിപ്പാനും വിശ്വസ്തതയോടെ പ്രസംഗിപ്പാനും ആവശ്യമായ കൃപ നിന്റെ സഭയ്ക്കു നൽകണമെന്ന് പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവ മായി കാലാവസാനം കൂടാതെ ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുമൂലം അപേക്ഷിക്കുന്നു. **ആമേൻ.**

## 2021 ആഗസ്റ്റ് 29, ഞായർ

### *പെന്തക്കോസ്തിനു പിമ്പ് 14–ാം ഞായർ*

### മതവൈവിധ്യം: പൊതുമാനവികതയും വിശ്വാസത്തിന്റെ പങ്കിടീലും

| | | |
|---|---|---|
| രാ. | യോനാ 4:1–11 | അപ്പൊ.പ്ര. 8:26–40 |
| | സങ്കീ. 82 | മത്താ. 22:1–14 |
| വൈ. | യെശ. 45:1–8 | അപ്പൊ. പ്ര.21:27–36 |

സർവ്വശക്തനായ ദൈവമേ, നീ നിന്റെ സ്വരൂപത്തിൽ എല്ലാ മനുഷ്യരെയും സൃഷ്ടിച്ചിരിക്കുന്നു. മനുഷ്യരുണ്ടാ ക്കിയ വിഭാഗീയതകളെ ഇല്ലായ്മ ചെയ്യാനും ആഗോള

കുടുംബം എന്ന പൊതു മാനവികതയുടെ ആകർഷകത്വം ആസ്വദിക്കാനും ഞങ്ങളെ സഹായിക്കേണമേ. ഞെരുക്കത്തിലിരിക്കുന്ന ഞങ്ങളുടെ സഹോദരി സഹോദരന്മാരുടെ സുഖദുഃഖങ്ങൾ പങ്കുവയ്ക്കുന്നതിലൂടെ വിശ്വാസത്തിൽ വളരുവാൻ ഞങ്ങളെ സഹായിക്കേണമേ. വ്യത്യസ്ത വിശ്വാസ പാരമ്പര്യങ്ങളുള്ള ഞങ്ങളുടെ സാഹചര്യത്തിൽ ഒരൊറ്റ മനുഷ്യസമൂഹമായി ജീവിക്കാൻ ഞങ്ങൾക്കു തുണയ്ക്കേണമേ. പരസ്പരം വിശ്വാസം പങ്കിടുന്നതിലൂടെ നീതിയും ന്യായവും വാഴുന്ന ഒരു പൊതു സമൂഹത്തെ രൂപപ്പെടുത്തുന്നതിന് കൃപ തരേണമേ. നിന്നോടും പരിശുദ്ധാത്മാവിനോടും കൂടെ ഏക ദൈവമായി ജീവിച്ചു വാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുമൂലം ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. **ആമേൻ.**

## സെപ്റ്റംബർ

### 2021 സെപ്റ്റംബർ 5, ഞായർ

***പെന്തക്കോസ്തിനു പിമ്പ് 15 – ാം ഞായർ***

**ഗായകസംഘഞായർ**

**ആരാധനയിൽ നിന്നും സംഗീതം: സാക്ഷ്യങ്ങളുടെ പ്രഖ്യാപനം**

| | |
|---|---|
| യെശയ്യാവ് 6: 1–8 | വെളി 7: 9–16 |
| സങ്കീ 116: 5 –17 | ലൂക്കോ 1: 68– 80 |

സർവ്വശക്തനായ ദൈവമേ, നീ താഴ്മയും നുറുങ്ങിയ ഹൃദയവും ഉള്ളവരോടുകൂടെ വസിച്ച് അവരുടെ ആരാധന കൈക്കൊള്ളുന്നുവല്ലോ. നിന്റെ ആലയത്തിൽ ഞങ്ങൾ പാടുന്ന പാട്ടുകൾ ഞങ്ങളുടെ ജീവിതാനുഭവങ്ങളിലൂടെ ഉള്ളവയായി തീരേണ്ടതിനും അവ ശുദ്ധിയുള്ള ഹൃദയങ്ങളിൽനിന്നും വെടിപ്പുള്ള അധരങ്ങളിൽ നിന്നും നിന്നിലേക്ക് ഉയരേണ്ടതിനും ഞങ്ങളെ സകലപാപങ്ങളിൽ നിന്നും

കഴുകി കളങ്കം കൂടാതെ കാത്തുകൊള്ളേണമെ. അങ്ങനെ ഞങ്ങളുടെ ആരാധന നിന്റെ പരിശുദ്ധനാമത്തിൽ നടത്തപ്പെടേണ്ടതിന് ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലം കൃപ ചെയ്യേണമെ. അവൻ പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി കാലാവസാനം കൂടാതെ ജീവിച്ചു വാഴുന്നുവല്ലോ. **ആമേൻ.**

## 2021 സെപ്റ്റംബർ 12, ഞായർ

***പെന്തക്കോസ്തിനു പിമ്പ് 16 – ാം ഞായർ***

**വിദ്യാഭ്യാസ ഞായർ, പരമഗുരുവായ യേശു**

| | | |
|---|---|---|
| രാ. | സദൃ. 4:1–19 | അപ്പൊ.പ്ര. 22:1–5 |
| | സങ്കീ. 141 | ലൂക്കൊ. 4:31–44 |
| വൈ. | 1 ശമു. 3:1–10 | കൊലൊ.1:24–29 |

ഞങ്ങളുടെ ഉടയവനായ ദൈവമേ, നിന്റെ പുത്രനായ യേശുക്രിസ്തുവിനെ ഞങ്ങളുടെ ഗുരുവും വഴികാട്ടിയുമായി ഞങ്ങൾ സ്വീകരിക്കുന്നു. യേശു ഞങ്ങളെ ഉപദേശിക്കുക മാത്രമല്ല, ഉപദേശത്തെ സ്വന്ത ജീവിതത്തിലൂടെ തെളിയിച്ചു കാട്ടുകയും ചെയ്യുന്നുവല്ലോ. യേശു അധികാരമുള്ള വാക്കിലൂടെ ജീവൻ പകർന്നു നൽകുകയും ദുഷ്ടാത്മാക്കളെ അടിച്ചോടിക്കുകയും ചെയ്തു. ഞങ്ങൾ കർത്താവിന്റെ വാക്കിനു കീഴ്പ്പെടുന്നു. പരമഗുരുവായ യേശുവേ, കരുതലും ആർദ്രതയുമുള്ളവനെ, നിന്റെ ഉപദേശത്തെ അനുസരിച്ച് അർത്ഥപൂർണ്ണമായ ഒരു ജീവിതം നയിക്കുവാനും വിനയത്തോടെ നടക്കാനും ഞങ്ങളെ സഹായിക്കേണമേ. വിദ്യാഭ്യാസ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവർക്കും നിന്റെ നിരന്തരമായ നടത്തിപ്പും അനുഗ്രഹവും നൽകേണമേ. ഞങ്ങളുടെ കർത്താവായ യേശു ക്രിസ്തു മൂലം ഞങ്ങൾ അപേക്ഷിക്കുന്നു. **ആമേൻ.**

## 2021 സെപ്റ്റംബർ 19, ഞായർ

*പെന്തക്കോസ്തിനു പിമ്പ് 17 – ാം ഞായർ*

**മിഷൻ ഞായർ**

**ദൗത്യനിർവ്വഹണം: ദൈവത്തിന്റെ വേദനകളിൽ പങ്കു ചേരുക**

| | | |
|---|---|---|
| രാ. | യെശ. 6:1–8 | അപ്പൊ.പ്ര.9:10–18 |
| | സങ്കീ. 40: 1–13 | ലൂക്കൊ.10:1–11 |
| വൈ. | ഹോശേ. 11:1–12 | 2കൊരി.11:16–31 |

ശക്തി പകരുന്ന ദൈവമേ, ദൈവരാജ്യം സ്ഥാപിക്കുക എന്ന ദൗത്യം നിർവ്വഹിക്കുന്നതിനുവേണ്ടി സ്വന്ത ജീവൻ ബലിയർപ്പിച്ച യേശുക്രിസ്തുവിന്റെ സഹയാത്രികരാക്കുവാൻ ഞങ്ങളെ വിളിച്ചിരിക്കുന്നതിനായി സ്തോത്രമർപ്പിക്കുന്നു. നിന്റെ സൃഷ്ടിയെ വിമോചിപ്പിക്കുന്ന നിന്റെ രക്ഷണ്യ പദ്ധതിയിൽ പങ്കു ചേരുന്നതിനും അതിനു ക്രിസ്തുവിന്റെ ശിഷ്യന്മാരെപ്പോലെയും അപ്പോസ്തലന്മാരെപ്പോലെയും ജീവൻ അർപ്പിക്കുന്നതിനും ഞങ്ങളെ ശക്തീകരിക്കേണമേ. ദൈവരാജ്യ ദൗത്യനിർവ്വഹണത്തിന്റെ വെല്ലുവിളികളും വേദനകളും യാതനകളും നേരിടാൻ ഞങ്ങളെ സഹായിക്കേണമേ. പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി ജീവിച്ചു വാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലം ഞങ്ങൾ അപേക്ഷിക്കുന്നു. **ആമേൻ.**

## 2021 സെപ്റ്റംബർ 21, ചൊവ്വ

**അപ്പൊസ്തലനും സുവിശേഷകനുമായ മത്തായി**

| | | |
|---|---|---|
| രാ. | സദൃ. 3:13–17 | 2കൊരി.4:1–6 |
| | സങ്കീ. 18:1–6,20–30 | മത്താ. 9:9–13 |

കരുണാസമ്പന്നനായ ഞങ്ങളുടെ ദൈവമേ, നിന്റെ പുത്രനിലൂടെ ചുങ്കക്കാരനായ മത്തായിയെ അപ്പൊസ്തലനായി വിളിച്ചുവല്ലോ. ഞങ്ങൾക്കുള്ളവയെ ഉപയോഗി

പ്പാനും സംതൃപ്തിയോടെ ജീവിപ്പാനും നിന്റെ കൃപ ഞങ്ങളിൽ പകരണമേ. സമ്പന്നനായിട്ടും ഞങ്ങൾക്കുവേണ്ടി ദരിദ്രനായിത്തീർന്ന യേശുവിന്റെ കാൽച്ചുവടുകളെ പിൻപറ്റുവാനും മറ്റുള്ളവരെ ശുശ്രൂഷിക്കുന്നതിന്റെ മഹത്വം ഉൾക്കൊള്ളുവാനുമുള്ള തീവ്രമായ ആഗ്രഹം ഞങ്ങളിൽ ജനിപ്പിക്കണമെന്ന് പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി കാലാവസാനം കൂടാതെ ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലം അപേക്ഷിക്കുന്നു. **ആമേൻ.**

## 2021 സെപ്റ്റംബർ 26, ഞായർ

***പെന്തക്കോസ്തിനു പിമ്പ് 18 – ാം ഞായർ***

**വയോജന ഞായർ – മുതിർന്നവരുടെ പരിജ്ഞാനം**

| | | |
|---|---|---|
| രാ. | ഉല്പ. 24:1–14 | 2തിമൊ. 1:3–14 |
| | സങ്കീ. 92 | ലൂക്കൊ. 1:5–7 |
| വൈ. | ഉല്പ. 48:8–22 | ഫിലെ.8–22 |

ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമേ, ഞങ്ങളുടെ ജീവിതത്തിനും സാക്ഷ്യത്തിനും മാതൃകയായ മുതിർന്നവരെ ബഹുമാനിക്കാൻ നീ ഞങ്ങളെ പഠിപ്പിച്ചല്ലോ. ജീവിതത്തിലും ശുശ്രൂഷയിലും കുറ്റമില്ലാത്തവരായി നിന്റെ വഴിയിൽ നടന്ന സെഖര്യാ പുരോഹിതനെപ്പോലെയുള്ളവരുടെ സമർപ്പണത്തിനായി ഞങ്ങൾ നന്ദി അർപ്പിക്കുന്നു. മറ്റുള്ളവർക്ക് മാതൃകയായി ജീവിച്ചിട്ടുള്ള ആദരണീയരായ മുതിർന്നവർ നടന്ന വഴിയിൽ നടക്കാൻ ഞങ്ങളെ സഹായിക്കേണമേ. പ്രായമായവരെ ബഹുമാനിക്കാനും അവരുടെ അനുഭവജ്ഞാനത്തിൽ നിന്ന് പാഠങ്ങൾ പഠിക്കാനും വേണ്ട കൃപ ഞങ്ങൾക്കു നൽകണമെന്ന് ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങൾ അപേക്ഷിക്കുന്നു. **ആമേൻ.**

## 2021 സെപ്റ്റംബർ 27, തിങ്കൾ

### ദക്ഷിണേന്ത്യാ സഭാദിനം

(സഭയുടെ ഉദ്ഘാടന വാർഷികം)

### ആരാധനയിൽ ഐക്യം

| | | |
|---|---|---|
| രാ. | നെഹ.2:17–20 | റോമ.8:31–39 |
| | സങ്കീ.66 | ലൂക്കൊ.9:1–6 |

സർവ്വശക്തനും നിത്യനുമായ ദൈവമേ, നിന്റെ ആത്മാവിനാൽ സഭയെ ഭരിച്ച് ശുദ്ധീകരിക്കുന്നുവല്ലോ. ദക്ഷിണേന്ത്യാസഭയ്ക്കായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. മത വൈവിധ്യമാർന്ന സമൂഹത്തിൽ ജീവിക്കുന്ന നിന്റെ സഭ വ്യക്തമായ സാക്ഷ്യമുള്ളതായി വിശ്വാസത്തിലും സാക്ഷ്യത്തിലും ഐക്യപ്പെടുവാൻ സഹായിക്കണമേ. ത്രിത്വദൈവത്തെ ആരാധിക്കുന്ന ഞങ്ങൾ ജാതി, വർണ്ണം, ലിംഗം, ഭാഷാ, ഭേദചിന്ത കൂടാതെ പരസ്പരം സ്നേഹിക്കാനും ഒരുമിക്കാനും ഞങ്ങളെ സഹായിക്കണമെന്നു ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുമൂലം ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. **ആമേൻ.**

## 2021 സെപ്റ്റംബർ 29, ബുധൻ

### മീഖായേലും സകലദൈവദൂതന്മാരും

| | |
|---|---|
| 2രാജാ. 6:8–17 | വെളി.12:7–12 |
| സങ്കീ. 103:17–22 | മത്താ.18:1–10 |

ദൂതന്മാരാലും സ്വർഗീയ സൈന്യത്താലും നിരന്തരം വാഴ്ത്തി സ്തുതിക്കപ്പെടുന്ന മഹത്വമുള്ള ദൈവമേ, നിന്റെ ദൂതന്മാരുടെ കാവലിൽ ഞങ്ങളെ സംരക്ഷിച്ചു ബലപ്പെടുത്തി ഞങ്ങളെ ഉത്തേജിപ്പിക്കണമേ. നിന്റെ ശക്തിയാൽ ഇരുട്ടിന്റെയും മരണത്തിന്റെയും ശക്തികളെ അതിജീവിച്ച് വിജയകരമായ ജീവിതം നയിക്കുവാൻ ഞങ്ങളെ

സഹായിക്കണമെന്ന് പിതാവിനോടും പരിശുദ്ധാത്മാവി നോടുംകൂടെ ഏകദൈവമായി കാലാവസാനംകൂടാതെ ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലം അപേക്ഷിക്കുന്നു. **ആമേൻ.**

## ഒക്ടോബർ

### 2021 ഒക്ടോബർ 03, ഞായർ

***പെന്തക്കോസ്തിനു പിമ്പ് 19 – ാം ഞായർ***

**യുവജന ഞായർ**

**വ്യണിത ലോകത്തിന്റെ ശുശ്രൂഷയിൽ – യുവജനങ്ങളുടെ ഐക്യദാർഢ്യം**

| | |
|---|---|
| യെശ. 53: 1–6 | 2 തിമൊ. 2:1–10 |
| സങ്കീ. 20 | മത്താ: 10: 9–13 |

ദിവ്യസ്നേഹത്താൽ ഞങ്ങളെ പാപങ്ങളിൽ നിന്ന് മോചിപ്പിക്കുകയും ബന്ധനങ്ങളിൽ നിന്ന് വിടുവിക്കുകയും ചെയ്യുന്ന കാരുണ്യവാനായ ദൈവമേ, നിന്റെ കൃപയാൽ നിരന്തരം ഞങ്ങളെ വഴി നടത്തേണമേ. ഞങ്ങളുടെ ചുറ്റുമുള്ള സാഹചര്യങ്ങൾ പ്രവചനാതീതവും സുരക്ഷിത മല്ലത്തതും ആയി തീരുമ്പോൾ ഞങ്ങളെ നിന്റെ ആത്മാ വിൽ ബലപ്പെടുത്തേണമേ. തകർന്നും നുറുങ്ങിയും മുറിവേറ്റും കഴിയുന്നവരെ നിന്റെ രക്ഷാകരമായ പദ്ധതി യിലേക്ക് ആകർഷിക്കാൻ ഞങ്ങളെ പഠിപ്പിക്കേണമേ. അങ്ങനെ ഞങ്ങൾ നിന്റെ ദിവ്യഹിതം നിറവേറ്റി നിന്റെ വിശ്വസ്തരായിരിക്കുവാൻ സഹായിക്കണമെന്നു നിന്നോടും പരിശുദ്ധാത്മാവിനോടും കൂടെ ഏകദൈവ മായി കാലാവസാനം കൂടാതെ ജീവിച്ചു വാഴുന്ന യേശു ക്രിസ്തു മൂലം ഞങ്ങൾ അപേക്ഷിക്കുന്നു. **ആമേൻ.**

## 2021 ഒക്ടോബർ 10 ഞായർ

*പെന്തക്കോസ്തിനു പിമ്പ് 20 – ാം ഞായർ*

**ആശാഭവൻ ഞായർ**

**ഭിന്നശേഷിയുള്ളവർ – അന്തസ്സും അഭയവും**

| | | |
|---|---|---|
| രാ. | പുറ. 4:10–17 | അപ്പൊ.പ്ര. 3:1–10 |
| | സങ്കീ. 103:1–13 | മത്താ. 17:14–21 |
| വൈ. | സങ്കീ. 77 | മർക്കൊ.7:31–37 |

ദിനംതോറും ഞങ്ങളെ ശക്തീകരിക്കുന്ന ദൈവമേ, മരണത്തോടടുക്കുമ്പോഴും ഞങ്ങൾ നിന്നിൽ ജീവൻ കണ്ടെത്തുന്നു. കുരിശിന്റെ ശക്തിയാൽ ഞങ്ങളുടെ ദൗർബല്യങ്ങളെയും പരിമിതികളെയും അതിജീവിക്കുവാനും ബലഹീനതകളിൽ നിന്റെ കൃപ ഞങ്ങൾക്കു മതി എന്ന് ഉറയ്ക്കുവാനുമുള്ള ശക്തി ഞങ്ങൾക്കു നൽകണമെന്ന് നിന്നോടും പരിശുദ്ധാത്മാവിനോടുംകൂടെ എന്നും ജീവിച്ചു വാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവിലൂടെ ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു. **ആമേൻ.**

## 2021 ഒക്ടോബർ 17, ഞായർ

*പെന്തക്കോസ്തിനു പിമ്പ് 21 – ാം ഞായർ*

**എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു**

| | | |
|---|---|---|
| രാ. | സെഖ. 8:12–19 | റോമ. 5:1–5 |
| | സങ്കീ. 119:161–176 | മത്താ. 16:16–33 |
| വൈ. | നഹൂം 1:9–15 | യാക്കോ.3:13–18 |

ഞങ്ങളുടെ ബലഹീനതകളെ ബലമായും നിരാശയെ പ്രത്യാശയായും രൂപാന്തരപ്പെടുത്തുന്നവനായ സർവ്വശക്തനായ ദൈവമേ, ഞങ്ങളുടെ ദുഃഖങ്ങൾ സന്തോഷമായി മാറും എന്ന നിന്റെ ഉറപ്പിനായി ഞങ്ങൾ നന്ദി പറയുന്നു.

നിന്റെ വചനമുൾക്കൊണ്ട് സത്യത്തെയും സമാധാനത്തെയും പ്രിയപ്പെടുവാനും യാതനയും വേദനയും ദുരിതവും പകയും നിറഞ്ഞ ഈ ലോകത്തിൽ നിന്റെ ആത്മാവിന്റെ ശക്തിയാൽ സമാധാനത്തിന്റെയും അനുരഞ്ജനത്തിന്റെയും ദൂതുവാഹകരാകുവാനും ഞങ്ങളെ ബലപ്പെടുത്തണമേ. സമാധാന പ്രഭുവായി പിതാവിനോടും പരിശുദ്ധാത്മാവിനോടും കൂടെ കാലാവസാനം കൂടാതെ ജീവിച്ചു വാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലം ഞങ്ങൾ അപേക്ഷിക്കുന്നു. **ആമേൻ.**

## 2021 ഒക്ടോബർ 18, തിങ്കൾ

***സുവിശേഷകനും വൈദ്യനുമായ വി. ലൂക്കോസ്***

| | |
|---|---|
| യെശ. 35:3-6/സഭാ. 8:1-9 | കൊലോ.4:10-15 |
| സങ്കീ. 45 | ലൂക്കൊ.1:1-4 |

ഞങ്ങളുടെ പിതാവായ ദൈവമേ, വൈദ്യനായിരുന്ന ലൂക്കൊസിനെ നിന്റെ സുവിശേഷകനും പ്രേഷിതപ്രവർത്തകനുമായി വിളിച്ചതിനെ ഇന്നു ഞങ്ങൾ സ്മരിക്കുന്നു. ഞങ്ങളുടെ ജീവിതത്തെയും ചുറ്റുപാടുകളെയും ശ്രദ്ധയോടെ മനസ്സിലാക്കുവാനും വിലയിരുത്തുവാനും ആവശ്യമായ വിശ്വസ്തതയും ആത്മാർത്ഥതയും തുറന്ന മനസ്സും ഞങ്ങൾക്കു നൽകണമേ. അപ്രകാരം സൗഖ്യത്തിനും സമ്പൂർണ്ണതയ്ക്കും പ്രേരിപ്പിക്കുന്ന ഉപകരണങ്ങളായി ഞങ്ങളെ തീർ ക്കണമെന്ന് പിതാവിനോടും പരിശുദ്ധാത്മാവിനോടും കൂടെ ഏകദൈവമായി കാലാവസാനം കൂടാതെ ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലം ഞങ്ങൾ അപേക്ഷിക്കുന്നു. **ആമെൻ.**

## 2021 ഒക്ടോബർ 24, ഞായർ

*പെന്തക്കോസ്തിനു പിമ്പ് 22-ാം ഞായർ*

**ദാരിദ്ര്യത്തോടുള്ള ക്രിസ്തീയ സമീപനം**

| | | |
|---|---|---|
| രാ. | ആമോ.8:4-7 | യാക്കോ.2:1-7 |
| | സങ്കീ.145 | ലൂക്കോ.16:19-31 |
| വൈ. | ആമോ.2:4-8 | 2കൊരി.8:8-15 |

സൃഷ്ടിയെ പുതുക്കുകയും സമ്പൂർണ്ണതയിലേക്കു നയിക്കുകയും ചെയ്യുന്ന പരിപാലകനായ ദൈവമേ, ഞങ്ങളുടെ ചുറ്റുമുള്ള ലോകത്തിന്റെ ആവശ്യങ്ങൾ അറിയുവാൻ ഞങ്ങളുടെ ഹൃദയങ്ങളെയും മനസ്സുകളെയും തുറക്കേണമേ. എല്ലാവരോടുമുള്ള സ്നേഹത്തിലും കരുണയിലും ക്രൂശിൽ സ്വയം ശൂന്യവൽക്കരിച്ച യേശുക്രിസ്തുവിന്റെ പാതയിൽ ഞങ്ങളുടെ ജീവിതങ്ങളെയും ശക്തീകരിക്കേണമേ. പിതാവിനോടും പരിശുദ്ധാത്മാവിനോടും കൂടെ ഏകദൈവമായി കാലാവസാനം കൂടാതെ ജീവിച്ചുവാഴുന്ന യേശുക്രിസ്തു മൂലം ഞങ്ങൾ അപേക്ഷിക്കുന്നു, **ആമേൻ.**

## 2021 ഒക്ടോബർ 31, ഞായർ

*പെന്തക്കോസ്തിനു പിമ്പ് 23-ാം ഞായർ*

**നവീകരണ ഞായർ**

**സഭ: നവീകരിക്കപ്പെട്ടും നവീകരിച്ചും**

| | | |
|---|---|---|
| രാ. | ആവ. 26:4-11 | അപ്പൊ.പ്ര. 2:43-47 |
| | സങ്കീ. 109:21-31 | മത്താ. 13:33-35 |
| വൈ. | 2രാജാ. 23:21-27 | വെളി. 3:14-22 |

തന്റെ എല്ലാ സൃഷ്ടിയോടും ആർദ്രതയുള്ള നീതിയുടെ ദൈവമേ, രക്ഷയിലേക്കും സാക്ഷ്യജീവിതത്തിലേക്കുമുള്ള നേരായ പാത തിരിച്ചറിയാൻ ഞങ്ങളുടെ പൂർവ്വികർക്കു പരിജ്ഞാനം നൽകിയതിനായി ഞങ്ങൾ നിന്നെ

സ്തുതിക്കുന്നു. നിന്റെ രക്ഷാകരമായ കൃപയെക്കുറിച്ചുള്ള ഞങ്ങളുടെ ഇടുങ്ങിയ കാഴ്ചപ്പാടിനെയും തെറ്റുധാരണകളെയും വെല്ലുവിളിക്കാനും നിന്റെ സ്നേഹത്തിന്റെയും സമാധാനത്തിന്റെയും രൂപാന്തരപ്പെട്ട വക്താക്കളായിത്തീരാൻ ഞങ്ങളെ സഹായിക്കേണമെന്നു ഞങ്ങളുടെ കർത്താവായ യേശു ക്രിസ്തു മൂലം ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. **ആമേൻ.**

## നവംബർ

### 2021 നവംബർ 1, തിങ്കൾ

**സകല വിശുദ്ധരുടെയും നാൾ**

| | |
|---|---|
| യിരെ.31:31-34 | വെളി.7:2-4; 9-17 |
| സങ്കീ.150 | മത്താ.5:1-12 |

നിത്യനായ ദൈവമേ, നിന്നോടുകൂടെ വസിപ്പാൻ ഞങ്ങൾക്കു മുമ്പായി കടന്നുപോകുകയും തങ്ങളുടെ ധൈര്യം, ത്യാഗം, സാക്ഷ്യം, സംസർഗം എന്നിവയിലൂടെ ഇന്നും ഞങ്ങളെ പ്രചോദിപ്പിക്കുന്ന സാക്ഷികളുടെ അദൃശ്യസമൂഹത്തെ ഓർക്കുവാൻ സഹായിക്കണമേ. വിശുദ്ധരുടെ മാതൃക പിൻതുടർന്ന് ഞങ്ങൾ വിശ്വാസത്തിൽ ഉറച്ചുനിൽക്കേണ്ടതിനും നീ കാണിച്ചുതരുന്ന പുതിയ പാതകളിലൂടെ സഞ്ചരിക്കുവാൻ വേണ്ട ധൈര്യവും പ്രാഗത്ഭ്യവും പ്രാപിക്കേണ്ടതിനും തുണയ്ക്കണമേ. ഒടുവിൽ ഞങ്ങൾ അവരോടൊപ്പം നിന്റെ നിരന്തര സാന്നിദ്ധ്യത്തിന്റെ അനുഗ്രഹത്തിൽ പങ്കാളികളാകേണ്ടതിനു കൃപയരുളണമെന്ന് പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി കാലാവസാനംകൂടാതെ ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലം അപേക്ഷിക്കുന്നു. **ആമേൻ.**

## 2021 നവംബർ 2, ചൊവ്വ
### സകല ആത്മാക്കളുടെയും നാൾ

| | |
|---|---|
| യെശ.25:6-9 | 2കൊരി.5:1-10 |
| സങ്കീ.118:14-21 | യോഹ.11:21-27 |

നിത്യനായ ദൈവമേ, ഞങ്ങളുടെ ചുറ്റും നിൽക്കുന്ന അദൃശ്യരായ സാക്ഷികളുടെ സമൂഹത്തെ ഇന്ന് ഞങ്ങൾ സ്മരിക്കുന്നു. അവരുടെ ജീവിതത്തിലും മരണത്തിലും അവർ കാണിച്ച സാക്ഷ്യത്തിനായി ഞങ്ങൾ നിനക്ക് നന്ദി കരേറ്റുന്നു. നിത്യതയിൽ നിന്നിൽ മറഞ്ഞിരിക്കുന്ന അവർ അനുഭവിക്കുന്ന ഭാഗ്യാവസ്ഥ ഞങ്ങളും പങ്കിടുവാൻ ഈ ലോകത്തിൽ അവരുടെ ജീവിതത്തിനു യോഗ്യമായി ജീവിപ്പാൻ ഇടയാക്കണമെന്ന് പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി കാലാവസാനംകൂടാതെ ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലം ഞങ്ങൾ അപേക്ഷിക്കുന്നു.**ആമേൻ.**

## 2021 നവംബർ 7, ഞായർ
*പെന്തക്കോസ്തിനു പിമ്പ് 24 -ാം ഞായർ*
### സൺഡേസ്കൂൾ ഞായർ
### ദൈവരാജ്യത്തിന്റെ അവകാശികൾ

| | |
|---|---|
| യിരെമ്യാവ് 31:1-12 | സങ്കീർത്തനം 63 |
| 1 പത്രോസ് 1:3-5 | മത്തായി 5:1-12 |

തന്റെ പ്രിയ പുത്രനും ഞങ്ങളുടെ കർത്താവുമായ ക്രിസ്തുവിലൂടെ ദൈവരാജ്യത്തെ വെളിപ്പെടുത്തിയ പിതാവാം ദൈവമേ, ആത്മാവിന്റെ ദാരിദ്ര്യത്തിലൂടെയും നീതി നിമിത്തം ഉപദ്രവിക്കപ്പെടുന്നതിലൂടെയും ക്രിസ്തുവിന്റെ നാമം നിമിത്തം പഴിയും ഉപദ്രവവും ഏൽക്കുന്ന

തിലൂടെയും പ്രാപ്യമാകുന്ന ദൈവരാജ്യത്തിന്റെ അനുഗ്ര ഹിക്കപ്പെട്ട അവസ്ഥയ്ക്കായി ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. ഞങ്ങളുടെ ആയുസ്സിലും ദിനംതോറുമുള്ള ജീവിതത്തിലും അതിരാവിലെ അങ്ങയെ അന്വേഷിപ്പാനും ജീവനുള്ള പ്രത്യാശയോടുകൂടെ ദൈവദാനമായ ആയുസ്സിനെ തികെപ്പാനും അപ്രകാരം ആത്യന്തികമായി ക്ഷയം മാലിന്യം വാട്ടം എന്നിവ ഇല്ലാത്തതുമായി സ്വർഗ്ഗത്തിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്ന അവകാശത്തിനും യിസ്രായേലിനു വാഗ്ദത്തം ചെയ്ത വിശ്രമത്തിനും ഞങ്ങളെ ഒരുക്കണമെന്നു പിതാവിനോടും പരിശുദ്ധാത്മാവിനോടും കൂടെ ഏകദൈവമായി കാലാവസാനം കൂടാതെ ജീവിച്ചു വാഴുന്ന യേശുക്രിസ്തു മൂലം ഞങ്ങൾ അപേക്ഷിക്കുന്നു. ആമെൻ

## 2021 നവംബർ 14, ഞായർ

***പെന്തക്കോസ്തിനു പിമ്പ് 25-ാം ഞായർ***

**സഭൈക്യ ഞായർ**

**സി.എസ്.ഐ. – സി. എൻ. ഐ. – മാർത്തോമ്മാ**

**ഐക്യ ആഘോഷം**

**തണ്ടിൻമേൽ കത്തിച്ചു വെച്ച വിളക്ക്**

| | | |
|---|---|---|
| രാ. | സെഖ. 4:1-14 | 1 കൊരി. 3:10-15 |
| | സങ്കീ. 27 | മത്താ. 5:14-16 |
| വൈ. | സങ്കീ. 105:1-19 | വെളി. 1:12-20 |

നിത്യപ്രകാശമായ ദൈവമേ, അന്ധകാരത്തെ അകറ്റാൻ ഈ ലോകത്തിന്റെ വെളിച്ചമായി വന്ന യേശുക്രിസ്തുവിനായി ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു. കർത്താവേ, വിശ്വാസ സമൂഹത്തിൽ നീ ഞങ്ങൾക്ക് തന്നിരിക്കുന്ന വൈവിധ്യങ്ങൾക്കായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ഏകഇടയനായ യേശുക്രിസ്തുവിനെ അനുഗമി

ക്കുന്ന ഏക ആട്ടിൻകൂട്ടമാണു ഞങ്ങൾ ഞങ്ങളെന്നു വിശ്വസിക്കുന്നു. ഐക്യമുള്ളവരായിരിക്കാനും വ്യത്യസ്ത കാഴ്ചപ്പാടുകളെ അംഗീകരിക്കുന്നതോടൊപ്പം ഭിന്നതകളെ തരണം ചെയ്യാനുള്ള ശക്തിയും ഞങ്ങൾക്കു നൽകേണമേ. വൈവിധ്യങ്ങൾ ഞങ്ങളുടെ ഐക്യത്തെ ശക്തിപ്പെടുത്താൻ കാരണമാകേണമേ. അന്ധകാരം ഞങ്ങളെ കീഴ്പ്പെടുത്തുവാൻ സമ്മതിക്കാതെ തണ്ടിന്മേൽ കത്തിച്ചുവെച്ച വിളക്കുപോലെ അന്ധകാരത്തെ അകറ്റാൻ ഞങ്ങളെ സഹായിക്കണമെന്ന് നിന്നോടും പരിശുദ്ധാത്മാവിനോടും കൂടെ ജീവിച്ചു വാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലം ഞങ്ങൾ അപേക്ഷിക്കുന്നു. **ആമേൻ.**

## 2021 നവംബർ 21, ഞായർ

***പെന്തക്കോസ്തിനു പിമ്പ് 26-ാം ഞായർ***

**പെൺശിശു ഞായർ**

**പെൺകുഞ്ഞുങ്ങളെ സംരക്ഷിക്കുക**

| | | |
|---|---|---|
| രാ. | ഇയ്യോ. 42:10-17 | അപ്പൊ.പ്ര 16:16-18 |
| | സങ്കീ. 45:8-14 | മത്താ. 15:21-28 |
| വൈ. | ന്യായാ. 11:34-40 | അപ്പൊ.പ്ര 9:36-43 |

സ്രഷ്ടാവായ ദൈവമേ, നിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും പുരുഷനെയും സ്ത്രീയെയും സൃഷ്ടിച്ചല്ലോ. ഞങ്ങളുടെ സഭയിലെയും സമൂഹത്തിലെയും പെൺകുഞ്ഞുങ്ങൾക്കായി ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു. ലൈംഗിക ചൂഷണത്തിനും പീഡനത്തിനും ബാലവേലയ്ക്കും ഇരയാകുന്ന പെൺകുഞ്ഞുങ്ങൾക്കായി

പ്രാർത്ഥിക്കുന്നു. പെൺകുട്ടികളുടെ നേർക്കുണ്ടാകുന്ന അതിക്രമങ്ങൾക്കെതിരെയും പെൺഭ്രൂണഹത്യയ്ക്കെതിരെയും പോരാടുവാൻ ഞങ്ങൾക്കു ശക്തി നൽകേണമേ. പെൺകുഞ്ഞുങ്ങളെ ആദരിക്കാനും സംരക്ഷിക്കുവാനും അവരുടെ ഭാവി ഉറപ്പാക്കുവാനും ഞങ്ങളെ ശക്തരാക്കണമെന്ന് ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുമൂലം ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. **ആമേൻ.**

## 2021 നവംബർ 28, ഞായർ

***പെന്തക്കോസ്തിനു പിമ്പ് 27-ാം ഞായർ***

***ആഗമനത്തിന്റെ ഒന്നാം ഞായർ***

**മറിയ എലിസബേത്തിനെ കണ്ടുമുട്ടുന്നു**

**സുവാർത്തയുടെ ആഘോഷം**

| | | | |
|---|---|---|---|
| രാ. | പുറ. 2:1-10 | അപ്പൊ. പ്ര. | 9:10-18 |
| | സങ്കീ. 117 | ലൂക്കോ. | 1:39-56 |
| വൈ. | ഉല്പ. 45:16-28 | അപ്പൊ. പ്ര. | 11:19-26 |

ആനന്ദസ്വരൂപനായ കർത്താവേ, ദുരിതവും പകയും അക്രമവും നിറഞ്ഞ ലോകത്തിന് സുവിശേഷസന്ദേശമായി നിന്റെ പുത്രനായ യേശുക്രിസ്തുവിനെ അയച്ചല്ലോ. ജീവിതത്തിലെ തകർച്ചകളുടെ നടുവിൽ ആനന്ദവും സമാധാനവും അനുഭവിക്കാൻ കാത്തിരിക്കുന്നവരോട് സുവിശേഷം പ്രഘോഷിക്കുന്നതിന്റെ മാഹാത്മ്യം ഗ്രഹിക്കാൻ ഞങ്ങളെ സഹായിക്കണമേ. നിന്നോടും പരിശുദ്ധാത്മാവിനോടും കൂടെ ഏക ദൈവമായി കാലാവസാനം കൂടാതെ ജീവിച്ചു വാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലം അപേക്ഷിക്കുന്നു. **ആമേൻ.**

## 2021 നവംബർ 29, തിങ്കൾ

### ഉത്തരേന്ത്യാ സഭാദിനം

### (സഭയുടെ ഉദ്ഘാടന വാർഷികം)

### ആരാധനയിൽ ഐക്യം

| | |
|---|---|
| യെശ. 65:17-25 | 1കൊരി. 12:12-26 |
| സങ്കീ. 122 | യോഹ. 17:17-26 |

സർവ്വശക്തനായ ദൈവമേ നിന്നിൽ വിശ്വസിക്കുന്നവരെല്ലാം ഒന്നായിത്തീരണമെന്ന് നിന്റെ വാഴ്ത്തപ്പെട്ട പുത്രൻ പ്രാർത്ഥിച്ചതുപോലെ ഞങ്ങൾ ഏകമനസ്സോടും ഏകാത്മാവോടും കൂടെ ഈ സഭാദിനത്തിൽ ഞങ്ങളെത്തന്നെ സമർപ്പിക്കുവാനും നിന്റെ സ്നേഹത്തിന്റെ സാക്ഷികളാകുവാനും സഹായിക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു. പിതാവിനോടും പരിശുദ്ധാത്മാവിനോടും കൂടെ എന്നും ഏകദൈവമായി ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുമൂലം ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. **ആമേൻ.**

## 2021 നവംബർ 30, ചൊവ്വ

### അപ്പൊസ്തലനും രക്തസാക്ഷിയുമായ വി. അന്ത്രയോസ്

| | |
|---|---|
| ആമോ. 7:10-15 | ഫിലി.1:3-11 |
| സങ്കീ. 67 | യോഹ.12:20-26 |

സർവ്വശക്തനായ ദൈവമേ, നിന്റെ പുത്രനായ യേശുക്രിസ്തുവിന്റെ വിളിയെ മടികൂടാതെ സ്വീകരിക്കുവാൻ വിശുദ്ധ അന്ത്രയോസിൽ പ്രവർത്തിച്ച കൃപ ഞങ്ങളിലും പകരണമേ. അവൻ തന്റെ സഹോദരനെ നിന്റെ പുത്രന്റെ അടുക്കലേക്കു കൂട്ടിക്കൊണ്ടുവന്നല്ലോ. നിന്റെ വിശുദ്ധ വചനത്താൽ ഞങ്ങളെയും വിളിക്കണമേ. താമസംവിനാ നിന്നെ

അനുഗമിക്കുന്നതിനും നിന്റെ രാജ്യത്തിന്റെ സുവിശേഷം അറിയിക്കുന്നതിനുമുള്ള കൃപ ഞങ്ങൾക്കു നൽകണമെന്ന് പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി കാലാവസാനം കൂടാതെ ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലം അപേക്ഷിക്കുന്നു. **ആമേൻ.**

**ഡിസംബർ**

**2021 ഡിസംബർ 5 ഞായർ**

***ആഗമനത്തിൽ 2-ാം ഞായർ, വേദപുസ്തക ഞായർ***

**(യോഹന്നാൻ സ്നാപകന്റെ ജനനം)**

**ദൈവവചനം: പ്രചോദിക്കുവാൻ പ്രചോദിക്കപ്പെട്ട വചനം**

| | | |
|---|---|---|
| രാ. | 1 രാജാ. 19:1-21 | വെളി. 10:1-11 |
| | സങ്കീ. 119:33-40 | ലൂക്കോ. 1:39-45 |
| വൈ. | സങ്കീ. 33:1-12 | ന്യായ: 6:11-24 |

ജീവന്റെ ഉറവിടവും ഞങ്ങളുടെ ആശ്രയവുമായ സർവ്വശക്തനായ ദൈവമേ, വചനം ജഡമായിത്തീർന്ന യേശുക്രിസ്തുവിനായി സ്തുതിയും സ്തോത്രവുമർപ്പിക്കുന്നു. നീ പ്രവാചകന്മാരിലൂടെ അരുളിച്ചെയ്തിട്ട് അന്ത്യകാലത്ത് പുത്രനിലൂടെ അരുളിച്ചെയ്തല്ലോ. നിന്റെ വചനത്തിനു വെളിച്ചത്തെ സൃഷ്ടിക്കാനും ക്രമരാഹിത്യത്തിൽനിന്ന് ക്രമത്തെ ഉണ്ടാക്കാനും ശക്തിയുണ്ടല്ലോ. സൃഷ്ടാവായ ദൈവമേ, ഞങ്ങളുടെ ഹൃദയങ്ങളെ ഉടച്ചുവാർക്കണമേ. അങ്ങനെ ഞങ്ങൾ നിന്റെ വചനത്തിന്റെ ശക്തിയാൽ പ്രചോദിക്കപ്പെട്ട് മറ്റുള്ളവരെ പ്രചോദിപ്പിക്കാൻ സഹായിക്കണമെന്ന് പിതാവിനോടും പരിശുദ്ധാത്മാവിനോടും കൂടെ ഏകദൈവമായി എന്നും ജീവിച്ചു വാഴുന്ന ഞങ്ങളുടെ കർത്താവായ യേശു ക്രിസ്തുമൂലം ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. **ആമേൻ.**

## 2021 ഡിസംബർ 12, ഞായർ

*ആഗമനത്തിൽ 3-ാം ഞായർ*

**പാപബന്ധനത്തിൽ നിന്നു മോചനം**

| | | |
|---|---|---|
| രാ. | പുറ. 14:1-14 | റോമ. 8:1-11 |
| | സങ്കീ. 37:1-12 | യോഹ. 8:31-38 |
| വൈ. | അപ്പൊ. പ്ര. 3:17-26 | മത്താ. 8:1-17 |

സത്യത്തിന്റെയും നീതിയുടെയും ദൈവമേ, സർവ്വ പ്രപഞ്ചത്തിന്റെയും വിമോചകൻ നീയാകുന്നു. നിന്റെ പുത്രന്റെ മരണ പുനരുത്ഥാനങ്ങളാൽ ഞങ്ങൾക്കു പാപ ബന്ധനത്തിൽ നിന്നു വിമോചനം നൽകിയിരിക്കുന്നു. സത്യം പ്രവർത്തിക്കുന്നവരും പാപബന്ധനത്തിൽനിന്ന് അഴിഞ്ഞിരിക്കുന്നവരുമായിരിക്കാൻ ഞങ്ങളെ ബല പ്പെടുത്തണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഞങ്ങളുടെ വിമോചകനായ യേശുവേ, തിരുഹിതം ചെയ്യാൻ ഞങ്ങളു ടെ ഹൃദയങ്ങളെ ചായിപ്പിക്കണമെന്നും സ്വാതന്ത്ര്യം നൽകുന്ന നിന്റെ സുവിശേഷം പ്രസംഗിക്കാൻ ഞങ്ങളുടെ അധരങ്ങളെ തുറക്കണമെന്നും ഞങ്ങൾ വിനയമായി അപേക്ഷിക്കുന്നു. **ആമേൻ.**

## 2021 ഡിസംബർ 19, ഞായർ

*ആഗമനത്തിൽ 4-ാം ഞായർ*

**ക്രിസ്മസിനു മുമ്പുള്ള ഞായർ**

**മാറനാഥാ - കർത്താവേ, വരേണമേ**

| | | |
|---|---|---|
| രാ. | ആവ. 18:15-22 | 1 കൊരി. 16:13-24 |
| | സങ്കീ. 28 | യോഹ. 1:1-14 |
| വൈ. | സങ്കീ. 121 | എബ്രാ. 3:7-18 |

കാരുണ്യവാനായ ദൈവമേ, മരിച്ചവരെയും ജീവിക്കു ന്നവരെയും ന്യായം വിധിക്കാൻ, നീ മഹത്വത്തോടെ വീണ്ടും വരുമെന്ന് വാഗ്ദത്തം ചെയ്തല്ലോ. ഇന്ന് നിന്റെ

സ്വരം തിരിച്ചറിയാൻ ഞങ്ങളെ സഹായിക്കണമേ. നീ ഞങ്ങൾക്കു തന്നിട്ടുള്ള കൃപയെ ഞങ്ങളാൽ ആളിക്കത്തു മാറാക്കണമേ. നിന്റെ സത്യത്താൽ ഞങ്ങളെ നിറയ്ക്കണമേ. നിന്റെ പ്രത്യാശ ഞങ്ങളിൽ വർദ്ധിപ്പിക്കണമേ. ഞങ്ങൾ വിശ്വാസത്തിൽ ഉറച്ചു നിൽക്കുന്നതിനും എല്ലാം സ്നേഹത്തിൽ ചെയ്യു ന്നതിനും നിന്റെ വരവിനുവേണ്ടി ജാഗ്രതയോടെ കാത്തിരി ക്കുന്നതിനും തുണയ്ക്കണമേ. ജഡമായിത്തീർന്ന വചനമായവനും വീണ്ടും മഹത്വത്തോടെ വരുന്നവനുമായ ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങൾ അപേക്ഷിക്കുന്നു. **ആമേൻ.**

## 2021 ഡിസംബർ 21, ചൊവ്വ

### മാർത്തോമ്മാ സഭാദിനം

| | | |
|---|---|---|
| രാ. | യെശ. 22:20–24 | ഫിലി. 3:12–21 |
| | സങ്കീ. 100 | യോഹ. 14:1–7 |

സർവ്വശക്തനായ ദൈവമേ,യേശുക്രിസ്തുവിലൂടെ നീ ശിഷ്യന്മാരെ വിളിക്കുകയും അവരെ ഒരു വിശ്വാസ സമൂഹമാക്കുകയും ചെയ്തല്ലോ. വിശ്വാസത്തിലും സാക്ഷ്യത്തിലും ഞങ്ങളോട് ഐക്യപ്പെട്ടു നിൽക്കുന്ന മാർത്തോമ്മാ സഭയെ ഓർത്ത് പ്രത്യേകം ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. നിന്റെ അപ്പോസ്തലനായ തോമാസിന്റെ മാതൃകയെ സ്വീകരിച്ച് ആ സഭ നിന്റെ കൃപയുടെയും കരുണയുടെയും സമാധാനത്തിന്റെയും നീതിയുടെയും ഉപകരണമായി തുടർന്നും പ്രവർത്തിക്കാൻ സഹായിക്കണമെന്ന് പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ എന്നും ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവായ യേശു ക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങൾ അപേക്ഷിക്കുന്നു. **ആമേൻ.**

## 2021 ഡിസംബർ 24, വെള്ളി

### ക്രിസ്മസിന്റെ തലേനാൾ

### ഭൂമിയിൽ സമാധാനം

| | | |
|---|---|---|
| രാ. | യെശ. 52:7-10 | തീത്തോ. 2:11-14 |
| | സങ്കീ. 96 | ലൂക്കോ. 1:67-79 |

സ്നേഹവാനും കരുണാമയനുമായ ദൈവമേ, നിന്റെ ജ്ഞാനത്താലും സ്നേഹത്താലും ലോകത്തെ സൃഷ്ടിച്ച നിന്റെ സമൃദ്ധമായ കൃപയ്ക്കായി ഞങ്ങൾ നന്ദി അർപ്പിക്കുന്നു. സമാധാനപ്രഭുവായ യേശുക്രിസ്തുവിന്റെ ക്രൂശിലൂടെ ഞങ്ങളുടെ ഈ പാപലോകത്തെ വീണ്ടെടുക്കുകയും ഞങ്ങൾക്ക് നിത്യജീവൻ നൽകുകയും ചെയ്തല്ലോ. സമാധാനത്തിന്റെ യഥാർത്ഥ ദൂതുവാഹകരായിത്തീരാൻ ഞങ്ങളെ നിന്റെ പരിശുദ്ധാത്മാവിനാൽ വഴി നടത്തേണമേ. നിന്നോടും പരിശുദ്ധാത്മാവിനോടും കൂടെ എന്നും ഏക ദൈവമായി ജീവിച്ചു വാഴുന്ന ഞങ്ങളുടെ കർത്താവായ യേശു ക്രിസ്തുമൂലം ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. **ആമേൻ.**

## 2021 ഡിസംബർ 25, ശനി

### ക്രിസ്മസ് ദിനം

### ക്രിസ്മസ് : ഒരു പുതിയ പ്രഭാതം

| | |
|---|---|
| യെശ. 9:1-7 | ഗലാ. 4:1-7 |
| സങ്കീ. 98 | ലൂക്കോ. 2:1-14 |

ഞങ്ങളുടെ സഹചാരിയായ ദൈവമേ, കാലത്തികവിങ്കൽ കൃപയും സത്യവും നിറഞ്ഞവനായി ഞങ്ങളോടുകൂടെ വസിക്കാൻ നിന്റെ ഏക ജാതനായ പുത്രനെ ഈ ലോകത്തിലേക്കയച്ചല്ലോ. നിന്റെ വെളിപ്പാടുകൾ ഉൾക്കൊള്ളാൻ നിന്റെ ദിവ്യപ്രഭയാൽ ഞങ്ങളെ ശുദ്ധീകരിക്കണമേ.

നിന്റെ അനന്ത സ്നേഹത്തിന്റെ നീർച്ചാലുകളാകാൻ ഞങ്ങളെ ജീവിപ്പിക്കണമേ. നിന്റെ മക്കളായ ഞങ്ങൾ സന്തോഷത്തിന്റെയും ഉത്സാഹത്തിന്റെയും നവഗീതികൾ പാടാനും ആ പദവിയിൽ ഉല്ലസിച്ച് ഭൂമിയുടെ അറ്റത്തോളം എല്ലാവരോടും നിന്റെ സുവിശേഷം അറിയിക്കാനും സഹായിക്കേണമേ. പിതാവിനോടും പരിശുദ്ധാത്മാവിനോടും കൂടെ എന്നും ജീവിച്ചു വാഴുന്ന ഇമ്മാനുവേലായ യേശു ക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങൾ അപേക്ഷിക്കുന്നു. **ആമേൻ.**

## 2021 ഡിസംബർ 26, ഞായർ

*ക്രിസ്മസിനു പിമ്പ് 1-ാം ഞായർ*

**കുടുംബ ഞായർ**

**കുടുംബം – സൗഖ്യത്തിന്റെ താഴ്‌വര**

| | | |
|---|---|---|
| രാ. | ഉല്പ. 33:1–11 | എഫെ. 6:1–9 |
| | സങ്കീ. 91 | ലൂക്കോ. 15:11–24 |
| വൈ. | സങ്കീ. 68:1–10 | കൊലോ. 3: 12–17 |

കുടുംബത്തെ ഒരു സ്നേഹോപഹാരമായി ഞങ്ങൾക്കു നൽകിയ കരുണാമയനായ ദൈവമേ, മനുഷ്യർ പരസ്പര സ്നേഹത്തിലും കരുതലിലും ജീവിക്കുന്നിടയായ കുടുംബങ്ങളെ നീ തുടർന്നും അനുഗ്രഹിക്കേണമേ. കുടുംബത്തിന്റെ അന്തരീക്ഷത്തിൽ മനുഷ്യജീവിതത്തെ രൂപപ്പെടുത്തുകയും മെനഞ്ഞെടുക്കുകയും ചെയ്യുന്ന വാത്സല്യത്തിനായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. യേശു തന്റെ ത്യാഗനിർഭരമായ ജീവിതത്തിലൂടെ ഞങ്ങളെ പഠിപ്പിച്ചതുപോലെ പരസ്പരം സ്നേഹിക്കാനും മാനിക്കാനും കരുതാനും ഞങ്ങൾ പരിശീലിക്കുന്നതു കുടുംബാ

ന്തരീക്ഷത്തിലാണല്ലോ. കുടുംബത്തിലെ ഓരോ അംഗവും നിന്റെ കൃപയും പാപക്ഷമയും ദിവ്യസന്തോഷവും അനുഭവിക്കേണ്ടതിനു കുടുംബത്തെ ഒരു സൗഖ്യദായക സ്ഥലമാക്കിത്തീർക്കുവാൻ ഞങ്ങളെ സഹായി ക്കണമേ. ഞങ്ങളുടെ കർത്താവായ യേശു ക്രിസ്തുമൂലം ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. **ആമേൻ.**

## 2021 ഡിസംബർ 31, വെള്ളി

### വർഷാവസാന ആരാധന

### കർത്താവിന്റെ അടുത്തേക്കു വരിക, ഉല്ലസിക്ക

| | |
|---|---|
| യെശ. 1:1–20 | അപ്പൊ. പ്ര. 16:19–34 |
| സങ്കീ. 89:1–18 | ലൂക്കോ. 19:1–10 |

സർവ്വലോകത്തിന്റെയും സൃഷ്ടാവും പരിപാലകനുമായ നിത്യ ദൈവമേ, വർഷം അവസാനിച്ചാലും ഞങ്ങളെ പാലിക്കുന്ന, രക്ഷിക്കുന്ന, ഞങ്ങൾക്കു കാവൽ നിൽക്കുന്ന നിന്റെ അനന്തസ്നേഹം അവസാനിക്കുന്നില്ലല്ലോ. നിന്റെ വിശ്വസ്തത മഹത്തരമാകുന്നു. കഴിഞ്ഞ നാളുകളിൽ ഞങ്ങളുടെ പരീക്ഷകളിൽ നീ കൈനീട്ടി ഞങ്ങളെ വിടുവിക്കയും രോഗാവസ്ഥയിൽ നിന്റെ കരത്താൽ ഞങ്ങളെ സൗഖ്യമാക്കുകയും ചെയ്തു. വരും വർഷങ്ങളിൽ നീ ഞങ്ങളുടെ തുണയ്ക്കെത്തുമെന്നു വാഗ്ദാനവും ചെയ്തിരിക്കുന്നു. നിശ്ചയമില്ലാത്ത ഈ ലോകത്തിൽ ഓരോ നാളും നിന്നോടുള്ള ഇട മുറിയാത്ത കൂട്ടായ്മയിൽ ജീവിക്കാനും ഒടുക്കം നിത്യതയിൽ നിന്നോടൊപ്പം ചേരാനും ആവശ്യമായ ദിവ്യകൃപ ഞങ്ങൾക്ക് ഓരോരുത്തർക്കും തരണമെന്ന് ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുമൂലം ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു. അവൻ പിതാവിനോടും പരിശുദ്ധാത്മാവിനോടും കൂടെ എന്നേക്കും കാലാവസാനം കൂടാതെ ജീവിച്ചു വാഴുന്നുവല്ലോ.**ആമേൻ.**

# Special Days

## സ്ഥിരീകരണ ശുശ്രൂഷ

| | |
|---|---|
| യെഹ. 36:26–28 | റോമ. 8:12–17 |
| സങ്കീ. .....** | യോഹ. 14:15–17 |

നിന്റെ പുത്രനും ഞങ്ങളുടെ കർത്താവുമായ യേശു മശിഹായുടെ ഉപദേശത്താൽ ആശ്വാസപ്രദന്റെ വരവിനായി ശിഷ്യന്മാരെ ഒരുക്കിയ സർവ്വശക്തനായ ദൈവമേ, കൈവെപ്പിനാൽ പരിശുദ്ധാത്മവരം അന്വേഷിക്കുന്നവരായ നിന്റെ ഭൃത്യന്മാരുടെ ഹൃദയങ്ങളെയും മനസ്സുകളെയും ഒരുക്കണമേ. അങ്ങനെ അവർ അനുതാപവും വിശ്വസ്തതയുമുള്ള ഹൃദയം ഉള്ളവരായി അടുത്തു വരുന്നതിനാൽ പരിശുദ്ധാത്മാവിന്റെ അധിവാസത്താൽ നിറയപ്പെടേണ്ടതിനു കൃപ ചെയ്യണമെന്ന് പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ എന്നേക്കും ഏക ദൈവമായി ജീവിച്ചുവാഴുന്ന യേശുക്രിസ്തു മൂലം ഞങ്ങൾ അങ്ങയോട് അപേക്ഷിക്കുന്നു. **ആമേൻ.**

## വിളവെടുപ്പിനായി സ്തോത്രം
## ആദ്യഫല സ്തോത്രാർപ്പണം

| | | | |
|---|---|---|---|
| ആവ. | 26:1–11/ | 2കൊരി. | 9:6–15/ |
| 1ദിന. | 29:10–20 | 1തിമൊ. | 6:6–12 |
| സങ്കീ. | 65 | ലൂക്കൊ. | 21:1–4/ |
| | | യോഹ. | 6:26–35 |

കാരുണ്യവാനായ ദൈവമേ, നിന്റെ ജ്ഞാനത്താൽ ആഴിയുടെ ഉറവുകൾ തുറക്കുകയും മേഘം മഞ്ഞുപൊഴിക്കുകയും ചെയ്യുന്നുവല്ലോ. വിതയുടെയും കൊയ്ത്തിന്റെയും കാലങ്ങൾക്കും ഭൂമിയുടെ ഫലഭൂയിഷ്ഠതയ്ക്കും വിളവിനായും നീ ഞങ്ങളുടെ രാഷ്ട്രത്തിനും ജനങ്ങൾക്കും നൽകിയിരിക്കുന്ന എല്ലാ അനുഗ്രഹങ്ങൾക്കായും സ്തോത്രം ചെയ്യുന്നു. നിന്റെ കരുണയെ പരിപൂർണ്ണമായി ഗ്രഹിപ്പാനും ആയുസ്സിൻ നാളെല്ലാം വിശുദ്ധവും അനുസരണമുള്ളതും ബഹുമാന്യവുമായ ജീവിതം നയിപ്പാനും ഞങ്ങളെ സഹായിക്കേണമെ. **ആമേൻ.**

## ദൈവാലയ പ്രതിഷ്ഠ / വാർഷികം

| | | | |
|---|---|---|---|
| 1രാജാ. | 8:22-30/ | 1കൊരി. | 3:9-17/ |
| 2ദിന. | 7:11-16 | 1പത്രോ. | 2:1-10 |
| സങ്കീ. | 84 | മത്താ. | 16:13-20/ |

ഉന്നതനും വിശുദ്ധനുമായ നിത്യനാം ദൈവമേ, ഒരു കെട്ടിടത്തിനും ദൈവമഹത്വം ഉൾക്കൊള്ളുവാനും നിന്റെ സ്നേഹത്തിന്റെ അത്ഭുതങ്ങളെ വെളിവാക്കുവാനും സാദ്ധ്യമല്ലല്ലോ. സന്മനസ്സോടുകൂടെ വരുവാനുള്ള സ്ഥലമായി ഈ കെട്ടിടം ഉപയോഗിപ്പാനും സന്തോഷത്തോടെ നിന്നെ ആരാധിപ്പാനും വചനം പഠിക്കുന്നതിലൂടെ നീ സത്യം ഗ്രഹിപ്പാനും നീ ഞങ്ങളെ സഹായിക്കേണമേ. ഇവിടുത്തെ എല്ലാ കൂടിവരവുകളിലേക്കും നിന്റെ ആശീർവ്വാദം ഉണ്ടായി പ്രവർത്തന നിരതമായ ദൈവാത്മാവിന്റെ അടയാളമായി ഈ കെട്ടിടം നിലനിൽക്കുവാൻ സഹായിക്കേണമേ. **ആമെൻ.**

## സിനഡ്/ കൗൺസിൽ മീറ്റിംഗുകൾ

| | | | |
|---|---|---|---|
| മീഖാ | 6:6-8 | ഫിലി. | 2:1-11 |
| സങ്കീ. | 97 | യോഹ. | 15:1-8 |

ദൈവമേ, ബലഹീനരായ ഞങ്ങളെ നിന്റെ ജ്ഞാനത്താലും വിവേകത്താലും ശക്തീകരിക്കുകയും തീരുമാനങ്ങൾ എടുക്കുവാൻ പ്രാപ്തരാക്കുകയും ചെയ്യുന്നല്ലോ. ദൈവികമായ പ്രകാശത്താൽ ഇരുളിനെ വെളിച്ചമാക്കി മാറ്റുന്ന നിന്റെ കൃപയാൽ ഞങ്ങളുടെ സംശയങ്ങളെയും അനിശ്ചിതത്വത്തെയും നീക്കേണമേ. ഞങ്ങളിൽനിന്ന് നീ പ്രതീക്ഷിക്കുന്നത് എന്ത് എന്ന് ഞങ്ങൾക്കു വെളിവാക്കിത്തരേണമേ. തെറ്റായ തീരുമാനങ്ങൾ കൈക്കൊള്ളാതിരിക്കുവാനും നിന്റെ വെളിച്ചത്താൽ ഞങ്ങളുടെ കാഴ്ചപ്പാടുകൾക്കു തെളിമയുണ്ടാകുവാനും നേർപാതയിൽ നടക്കുന്നതിലൂടെ പ്രതിബന്ധങ്ങളെ തരണം ചെയ്യുവാനും നിന്റെ ആത്മാവിനാൽ ഞങ്ങളെ ശക്തീകരിക്കണമെന്ന് പരിശുദ്ധാത്മാവിലുള്ള ഐക്യത്തിൽ നിന്നോ

ടുകൂടെ എന്നേക്കും ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവും നിന്റെ പുത്രനുമായ യേശു ക്രിസ്തുവിന്റെ നാമത്തിൽ അപേക്ഷിക്കുന്നു. **ആമെൻ.**

| ആരാധനാവർണ്ണങ്ങൾ 2021 | | | | |
|---|---|---|---|---|
| ആരാധനയിൽ ഉപയോഗിക്കേണ്ട വർണ്ണങ്ങൾ താഴെപ്പറയുന്ന പ്രകാരം ആയിരിക്കും: | | | | |
| ജനുവരി | 01 മുതൽ | ജനുവരി | 06 വരെ | വെള്ള |
| ജനുവരി | 07 മുതൽ | ഫെബ്രുവരി | 14 വരെ | പച്ച |
| ഫെബ്രു. | 17 മുതൽ | ഏപ്രിൽ | 01 വരെ | വയലറ്റ് |
| ഏപ്രിൽ | 04 മുതൽ | മേയ് | 22 വരെ | വെള്ള |
| മേയ് | 23 മുതൽ | മേയ് | 29 വരെ | ചുവപ്പ് |
| മേയ് | 30 ത്രിത്വഞായർ | | | വെള്ള |
| ജൂൺ | 01 മുതൽ | നവംബർ | 27 വരെ | പച്ച |
| നവംബർ | 28 മുതൽ | ഡിസംബർ | 24 രാവിലെ വരെ | വയലറ്റ് |
| ഡിസംബർ | 24 വൈകിട്ട് | മുതൽ | ഡിസംബർ 31വരെ | വെള്ള |

**വെള്ള.** യേശുവിന്റെ മറുരൂപത്തിൽ തന്റെ ഉടുപ്പ് മിന്നുന്ന വെള്ളയായിത്തീർന്നു. വെളിപാടിൽ വിശുദ്ധന്മാർ തങ്ങളുടെ അങ്കികൾ കുഞ്ഞാടിന്റെ രക്തത്തിൽ അലക്കി വെളുപ്പിച്ചിരിക്കുന്നതായും (7:14), ദൈവം വെള്ളസിംഹാസനത്തിൽ ഇരിക്കുന്നതായും (20:11) വർണ്ണിച്ചിരിക്കുന്നു. വെള്ളനിറം വിശുദ്ധിയെ കുറിക്കുന്നു. അതുകൊണ്ട് യേശുവിന്റെ ജീവിതത്തോടനുബന്ധിച്ച എല്ലാ പെരുന്നാളുകളിലും ഈ നിറം ഉപയോഗിക്കുന്നു. ദൃഷ്ടാന്തമായി ക്രിസ്മസ്, ഈസ്റ്റർ, സ്വർഗാരോഹണം, രക്തസാക്ഷികളല്ലാത്ത വിശുദ്ധരുടെ ഓർമ്മ എന്നീ നാളുകളിൽ വെള്ളനിറമാണ് ഉപയോഗിക്കുന്നത്. കൂടാതെ ബപ്തീസ്മ, വിവാഹം മുതലായ പ്രത്യേക ആഘോഷ സന്ദർഭങ്ങളിലും ഈ നിറം ഉപയോഗിക്കാറുണ്ട്.

**ചുവപ്പ്.** രക്തത്തിന്റെയും തീയുടെയും നിറം. പരിശുദ്ധാത്മാവിലും തീയിലുംഎന്നുള്ള സ്നാപക യോഹന്നാന്റെ വാക്കുകളും അഗ്നിജ്വാലപോലെ പിളർന്നിരിക്കുന്ന നാവുകൾ പ്രത്യക്ഷമായി ശിഷ്യന്മാരുടെമേൽ പതിഞ്ഞുഎന്നുള്ള വിവരണവും നാം പുതിയനിയമത്തിൽ വായിക്കുന്നു. പരിശുദ്ധാത്മാവിന്റെ വരവിനെ അനുസ്മരിക്കുന്ന പെന്തക്കൊസ്തു കാലത്താണ് ഈ നിറം സാധാരണയായി ഉപയോഗിക്കുന്നത്.

കൂടാതെ പരിശുദ്ധാത്മ ദാനത്തിനായി പ്രത്യേകം പ്രാർത്ഥിക്കുന്ന സ്ഥിരീകരണം, പട്ടംകൊടുക്കൽ മുതലായ ശുശ്രൂഷകളിലും ഈ നിറത്തിന്റെ ഉപയോഗം പ്രസക്തമാണ്.

**വയലറ്റ് / കടുംനീല.** ഇത് അനുതാപത്തിന്റെ നിറമായി സഭ കരുതിവരുന്നു. അനുതാപം, സങ്കടം എന്നീ വികാരങ്ങളെ സൂചിപ്പിക്കുന്നതാണ് ഈ നിറം. ആഗമനം, നോമ്പ് എന്നീ കാലങ്ങളിലും അനുതാപം, ഉപവാസം മുതലായ അവസരങ്ങളിലും ചിലപ്പോൾ ശവസംസ്കാര ശുശ്രൂഷയിലും ഈ നിറം ഉപയോഗിക്കുന്നു.

**പച്ച.** ഇത് പ്രകൃതിയുടെ നിറമാണ്. പ്രത്യേകതയൊന്നുമില്ലാത്ത സാധാരണകാലങ്ങളിലാണ് ഈ പച്ചനിറത്തിന്റെ ഉപയോഗം. ക്രിസ്മസ്സിനു പിമ്പുള്ള ഞായറാഴ്ചകളിലും പെന്തക്കൊസ്തിനു പിമ്പുള്ള ഞായറാഴ്ചകളിലും ഈ നിറം ഉപയോഗിക്കുന്നു.

**കറുപ്പ്.** വലിയ വെള്ളിയാഴ്ചയിലും ശവസംസ്കാര ശുശ്രൂഷയിലും മറ്റു ദുഃഖാചരണവേളകളിലും ദുഃഖസൂചകമായ ഈ നിറം ഉപയോഗിച്ചുവരുന്നു.

ആധാരം: *Liturgy of the C. S. I. with notes (C. L. S.)*

## വിശുദ്ധ സംസർഗശുശ്രൂഷാമദ്ധ്യേ ഉപയോഗിപ്പാനുള്ള കാലോചിത അവതാരികകൾ

**ആഗമനം**

*ക്രിസ്മസ്സിനുമുമ്പു നാലാം ഞായറാഴ്ചയും ക്രിസ്മസ്സിന്റെ തലേനാൾ വരെയും.*

നിന്റെ പുത്രനും ഞങ്ങളുടെ രക്ഷിതാവുമായ യേശു ക്രിസ്തു മൂലമായിട്ടുതന്നെ. അവൻമൂലം ലോകത്തിന്മേൽ പ്രശോഭിപ്പാൻ ഒരു പുതിയ പ്രകാശത്തെ നീ ലോകത്തിലേക്ക് അയച്ചുവല്ലോ. അവൻ ലോകത്തെ നീതിയിൽ ന്യായം വിധിപ്പാൻ വീണ്ടും വരുമ്പോൾ, ആ പ്രകാശത്തിൽ സന്തോഷിക്കുന്നവരായ ഞങ്ങൾ ഞങ്ങളുടെ പാപങ്ങളിൽനിന്നു വെടിപ്പാക്കപ്പെട്ടിട്ടു ഭയംകൂടാതെ കണ്ടെത്തപ്പെടേണ്ടതിനു തന്നെ.

**ക്രിസ്മസ്**

*ക്രിസ്മസ് നാളിലും മഹത്വപ്രകാശനാളോ ക്രിസ്മസ്സിനു പിമ്പുള്ള രണ്ടാം ഞായറാഴ്ചയോ വരെയും.*

ദൈവമക്കളാകുവാൻ അവൻമൂലം ഞങ്ങൾക്ക് അധികാരമുണ്ടാകേണ്ടതിന് നിന്റെ ഏകപുത്രനായ യേശുക്രിസ്തുവിനെ ഞങ്ങൾക്കുവേണ്ടി മറിയയിൽ ജനിപ്പാൻ നീ തന്നതിനാൽ പ്രത്യേകമായി ഈ കാലത്തു ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

**മഹത്വപ്രകാശം**

*ജനുവരി 6-ാം തീയതി, അല്ലെങ്കിൽ ക്രിസ്മസ്സിനു പിമ്പ് രണ്ടാം ഞായറാഴ്ചയും പിന്നീടുള്ള ഏഴു ദിവസങ്ങളിലും.*

ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലംതന്നെ. അവൻ എല്ലാ മനുഷ്യരെയും അന്ധകാരത്തിൽനിന്നു തന്റെ അത്ഭുതപ്രകാശത്തിലേക്കു കൊണ്ടുവരേണ്ടതിന് മർത്യശരീരത്തിൽ നിന്റെ മഹത്വം പ്രത്യക്ഷപ്പെടുത്തി.

**നോമ്പ്**

*ചാമ്പൽ ബുധനാഴ്ചയും ഉയിർപ്പിനു മുമ്പുള്ള രണ്ടാം ഞായറാഴ്ച വരെയും.*

ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലംതന്നെ. അവൻ ഞങ്ങളെപ്പോലെ സകലത്തിലും പരീക്ഷിക്കപ്പെട്ടെങ്കിലും പാപം ഇല്ലാത്തവനായിരുന്നു. അവന്റെ കൃപയാൽ എല്ലാ പാപവികാരങ്ങളെയും കീഴ്പ്പെടുത്തുവാനും ഇനിയും ഞങ്ങൾക്കു വേണ്ടിയല്ല, ഞങ്ങൾക്കായി മരിച്ച് വീണ്ടും ഉയിർത്തെഴുന്നേറ്റവനുവേണ്ടി ജീവിപ്പാനും അവൻ ഞങ്ങളെ പ്രാപ്തിപ്പെടുത്തുകയും ചെയ്യുന്നു.

**പീഡാനുഭവ കാലം**

*ഉയിർപ്പിനുമുമ്പ് രണ്ടാം ഞായറാഴ്ചയും ഹോശാന ഞായറാഴ്ച ഒഴികെ ഉയിർപ്പിനു മുമ്പുള്ള വ്യാഴാഴ്ച വരെയും.*

ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലംതന്നെ. അവൻ ഭൂമിയിൽനിന്ന് ഉയർത്തപ്പെട്ടു സകല മനുഷ്യരെയും തങ്കലേക്കാകർഷിക്കേണ്ടതിന് അവൻ മനുഷ്യനായി വിളങ്ങി. തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ അനുസരണമുള്ളവനായിത്തീർന്നു.

**ഹോശാന ഞായറാഴ്ച**

ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലംതന്നെ. അവൻ നിന്റെ കൃപയാൽ തിരുവെഴുത്തുകളിൽ തന്നെക്കുറിച്ചുള്ള സകല പ്രവചനങ്ങളും ബേത്ലഹേമിലെ ജനനംമുതൽ യെരൂശലേമിലേക്കുള്ള പ്രവേശനംവരെയും നിവർത്തിച്ചു. കുരുത്തോലയും ഹോശാനയുമായി അവനെ എതിരേറ്റ എല്ലാവരോടും ചേർന്നു ഞങ്ങളും ഇപ്പോൾ അവനെ വാഴ്ത്തുന്നു.

**പെസഹാ വ്യാഴാഴ്ച**

ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലംതന്നെ. അവൻ ലോകത്തിൽ തനിക്കുള്ളവരെ സ്നേഹിച്ചിട്ട് അവസാനത്തോളം അവരെ സ്നേഹിച്ചു. ഞങ്ങൾ അവന്റെ കഷ്ടാനുഭവങ്ങളുടെ പ്രയോജനങ്ങളെ കൈക്കൊണ്ടും അവന്റെ ഉയിർത്തെഴുന്നേൽപ്പിനാൽ ജീവിപ്പിക്കപ്പെട്ടും അവന്റെ ദിവ്യസ്വഭാവ

ത്തിന്റെ കൂട്ടാളികളാകേണ്ടതിനും ദൈവത്തിന്റെ പൂർണ്ണ നിറവോളം നിറയപ്പെടേണ്ടതിനും അവന്റെ കഷ്ടാനുഭവങ്ങളുടെ തലേരാത്രിയിൽ ഈ വിശുദ്ധ മർമ്മങ്ങളെ നിയമിക്കുകയും ചെയ്തു.

**ഉയിർപ്പ്**

*ഉയിർപ്പുദിവസവും സ്വർഗാരോഹണം വരെയും.*

എന്നാൽ നിന്റെ പുത്രനും ഞങ്ങളുടെ കർത്താവുമായ യേശുക്രിസ്തുവിന്റെ മഹത്വമുള്ള പുനരുത്ഥാനത്തിനായി ഞങ്ങൾ പ്രത്യേകം നിന്നെ സ്തുതിക്കേണ്ടതാകുന്നു. അവൻ തന്റെ മരണംകൊണ്ടു മരണത്തെ നശിപ്പിക്കുകയും അവന്റെ ഉയിർത്തെഴുന്നേൽപ്പിനാൽ ഞങ്ങൾക്കു ജീവനെ വീണ്ടും നൽകുകയും ചെയ്തിരിക്കുന്നു.

**സ്വർഗാരോഹണം**

*സ്വർഗാരോഹണനാളിലും പെന്തെക്കൊസ്തു വരെയും.*

എന്നാൽ ഉയരത്തിലേക്കു കയറി ദൈവത്തിനും മനു ഷ്യർക്കും മദ്ധ്യേ ഏകമദ്ധ്യസ്ഥനായിരിക്കുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവിനായി ഞങ്ങൾ പ്രത്യേകം നിന്നെ സ്തുതിക്കേണ്ടതാകുന്നു. തന്റെ ദൈവത്വത്തിന്റെ കൂട്ടായ്മയിലേക്ക് ഞങ്ങളെ കൊണ്ടുവരുവാൻ തക്കവണ്ണം നിന്നോടുകൂടെ അവന് ഉണ്ടായിരുന്ന മഹത്വത്തിലും ഞങ്ങളിൽനിന്ന് അവൻ കൈക്കൊണ്ട ആ പ്രകൃതിയിലും അവൻ എന്നും അധിവസിക്കുന്നുവല്ലോ.

**പെന്തെക്കൊസ്ത്**

*പെന്തെക്കൊസ്തു നാളിലും ത്രിത്വ ഞായറാഴ്ചവരെയും; സിനഡിന്റെയും ഡയോസിസൻ കൗൺസിലുകളുടെയും സമ്മേളനങ്ങളിലും.*

ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലംതന്നെ. അവന്റെ വാഗ്ദത്തപ്രകാരം പരിശുദ്ധാത്മാവ് സ്വർഗത്തിൽ നിന്നു താണിറങ്ങി ശിഷ്യന്മാരെ ഉപദേശിപ്പാനും സകല സത്യത്തിലേക്കും അവരെ വഴിനടത്തുവാനും അവരുടെമേൽ ഇരിക്കുകയും, സകല ജാതികളോടും നിരന്തരമായി സുവിശേഷം പ്രസംഗിപ്പാൻ അവർക്കു ഭാഷാവരവും ഉജ്ജ്വല തീക്ഷ്ണതയോടുകൂടിയ ധൈര്യവും നൽകി.

**ത്രിത്വ ഞായറാഴ്ച**

ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലംതന്നെ. അവൻ നിന്നോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവവും, സാരാംശത്തിൽ ഒന്നും, അധികാരത്തിലും മഹത്വത്തിലും തുല്യനുമാകുന്നു.

**വിശുദ്ധന്മാർ**

*നവംബർ 1-ാം തീയതിയിലും ഒരു വിശുദ്ധന്റെ സ്മരണ കൊണ്ടാടുന്നതിനു നിയമിക്കപ്പെട്ട ഒരു ദിവസത്തിലും അതിനെത്തുടർന്നുള്ള ഏഴു ദിവസങ്ങളിലും.*

സാക്ഷികളുടെ ഇത്ര വലിയ സമൂഹം ചുറ്റും നിൽക്കുന്നതുകൊണ്ട് ഞങ്ങളുടെ മുമ്പാകെ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടേണ്ടതിനും അവരോടുകൂടെ മഹത്വത്തിന്റെ വാടാത്ത കിരീടം പ്രാപിക്കേണ്ടതിനും, നിന്റെ വിശുദ്ധന്മാരുടെ നീതിയിൽ ഞങ്ങൾക്കു ദൈവഭക്തിയുള്ള നടപ്പിന്റെ ഒരു ദൃഷ്ടാന്തവും അവരുടെ സൗഭാഗ്യത്തിൽ ഞങ്ങളുടെ വിളിയുടെ പ്രത്യാശയ്ക്ക് ഒരു മഹത്വമേറിയ ഉറപ്പും അവൻ ഞങ്ങൾക്കു നൽകിയിരിക്കുന്നു.

**ദൈവാലയ പ്രതിഷ്ഠ**

*ഒരു പള്ളിയുടെ പ്രതിഷ്ഠയിലോ, അതിന്റെ വാർഷികത്തിലോ.*

എന്തെന്നാൽ സ്വർഗാധിസ്വർഗംകൂടെ നിന്റെ ഇരിപ്പിടം ആകുന്നതിനു മതിയാകാത്തതും സർവ്വലോകവും നിന്റെ മഹത്വംകൊണ്ടു നിറഞ്ഞിരിക്കുന്നതും ആയിരിക്കെ നിന്റെ ആരാധനയ്ക്കായി പ്രത്യേക സ്ഥലങ്ങളെ നീ ശുദ്ധീകരിക്കുകയും നിന്റെ വിശ്വാസമുള്ള ജനങ്ങളുടെമേൽ കൃപാദാനങ്ങൾ ചൊരിയുകയും ചെയ്യുന്നുവല്ലോ.

**ദിയാക്കോനു പട്ടം കൊടുക്കുന്ന ശുശ്രൂഷ**

ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂഷിപ്പാനും അനേകർക്കു വേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും വന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലംതന്നെ.

**പ്രെസ്ബിറ്റർക്കു പട്ടം കൊടുക്കുന്ന ശുശ്രൂഷ/ബിഷപ്പിന്റെ പട്ടാഭിഷേക ശുശ്രൂഷ**

പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു എന്നു പറഞ്ഞ് തന്റെ ശിഷ്യന്മാർക്ക് അധികാരം നൽകിയ ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലമായിട്ടു തന്നെ.

## സി. എസ്. ഐ. സഭയിൽ പുതിയതായി അംഗമായിത്തീരുന്നതിനുള്ള നടപടികൾ

1. സഭയിലെ ഒരു അംഗത്തിന്റെ യോഗ്യതകൾ സി. എസ്. ഐ. മദ്ധ്യകേരള മഹായിടവകയുടെ ഭരണഘടന രണ്ടാം അദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുള്ളതാകുന്നു.

2. സി. എസ്. ഐ. സഭയിൽ പുതിയതായി അംഗമായിത്തീരുവാനുള്ള ആൾ/ കുടുംബം അപേക്ഷ സഭയുടെ കമ്മറ്റിക്കു നൽകേണ്ടതാണ്.

3. മഹായിടവകയിലെ ഒരു ഇടവക/ സഭയിൽനിന്ന് മഹായിടവകയിലെ മറ്റൊരു ഇടവക/ സഭയിലേക്ക് ട്രാൻസ്ഫർ ആകുന്നതിന് ബിഷപ്പിന്റെ അനുമതി ആവശ്യമില്ല. അപേക്ഷകന്റെ പ്രായം, സ്നാനം, സ്ഥിരീകരണം, വിവാഹം, ഏതെങ്കിലും ശിക്ഷണനടപടിക്കു വിധേയമായിട്ടുണ്ടോ എന്നിവയുടെ വിശദമായ വിവരം കാണിച്ചുള്ള ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് പുതുതായി ചേരുന്നതിനുള്ള സഭയുടെ കമ്മിറ്റിക്കു സമർപ്പിക്കേണ്ടതാണ്. അപേക്ഷകന്റെ ആവശ്യവും സഭയുടെ ഉന്നതിയും നിലനിർത്തിക്കൊണ്ട് നിയമാനുസൃതം കൂടുന്ന കമ്മറ്റിക്ക് തീരുമാനമെടുക്കാവുന്നതാണ്. വിടുതൽ സർട്ടിഫിക്കറ്റ് ലഭിക്കാതെവന്നാൽ അന്തിമ തീരുമാനം മഹായിടവക ബിഷപ്പിന്റേതായിരിക്കും.

4. ഇതര സഭയിൽനിന്ന് സി. എസ്. ഐ. സഭയിലേക്ക് അംഗമാകണം എങ്കിൽ മേൽപ്പറഞ്ഞ കാര്യങ്ങൾ അടങ്ങുന്ന കത്തോടുകൂടിയ അപേക്ഷ കമ്മിറ്റിക്കു സമർപ്പിക്കേണ്ടതാണ്. കമ്മറ്റി, അപേക്ഷ ശുപാർശ ചെയ്ത് മഹായിടവക ബിഷപ്പിനു സമർപ്പിക്കേണ്ടതാണ്.

5. മുൻപ് അംഗമായിരുന്ന ഇതര സഭയിൽനിന്നു വിടുതൽ സർട്ടിഫിക്കറ്റ് ലഭ്യമാകുന്നില്ലായെങ്കിൽ പ്രായം, സ്നാനം, സ്ഥിരീകരണം, വിവാഹം കഴിഞ്ഞതോ അല്ലയോ തുടങ്ങിയ കാര്യങ്ങൾ കാണിച്ച് അപേക്ഷകൻതന്നെ 50 രൂപ മുദ്രപത്രത്തിൽ അഫിഡവിറ്റ് അപേക്ഷയോടൊപ്പം ചർച്ച് കമ്മറ്റിക്കു സമർപ്പിക്കേണ്ടതാണ്.

6. ഇതര മതവിഭാഗത്തിൽനിന്ന് അപേക്ഷിക്കുന്ന ആൾ സി. എസ്. ഐ. സഭയിൽ ചേരുന്നത് തന്റെ സ്വന്ത ഇഷ്ടപ്രകാരം ആണെന്നും മറ്റാരുടെയും സമ്മർദ്ദമോ പ്രേരണയോകൊണ്ട് അല്ലെന്നും സി. എസ്. ഐ. സഭയുടെ വിശ്വാസ ആചാര അനുഷ്ഠാനങ്ങളും ഭരണഘടനയും അനുസരിച്ച് ജീവിച്ചുകൊള്ളാമെന്നും പ്രായം, വിവാഹം കഴിഞ്ഞതോ അല്ലയോ എന്നതും കാണിച്ച് 50 രൂപ മുദ്രപത്രത്തിൽ തയ്യാറാക്കിയ അഫിഡവിറ്റ് അപേക്ഷയോടൊപ്പം നൽകേണ്ടതാണ്. കമ്മറ്റി അപേക്ഷ പഠിച്ചതിനു ശേഷം യുക്തമെന്നു തോന്നുന്നുവെങ്കിൽ പട്ടക്കാരന്റെ ശുപാർശയോടുകൂടി അപേക്ഷ മഹായിടവക ബിഷപ്പിനു നൽകേണ്ടതും ബിഷപ്പിന്റെ അനുവാദത്തോടുകൂടിമാത്രം സഭയിൽ അംഗത്വം നൽകേണ്ടതുമാണ്.

7. ഒരു സി. എസ്. ഐ. സഭാംഗത്തെ വിവാഹം കഴിക്കുന്ന ഇതര സഭയിലെ സ്ത്രീ വിവാഹത്തീയതി മുതൽ സി. എസ്. ഐ. സഭയുടെ പൂർണ്ണ അംഗമായിത്തീരുന്നതാണ്.

8. വിവാഹം കഴിച്ച് മറ്റു സഭാവിഭാഗത്തിലേക്ക് അയയ്ക്കപ്പെടുന്നവർക്ക് സി. എസ്. ഐ. സഭയിലെ അംഗത്വം വിവാഹത്തീയതി മുതൽ നഷ്ടപ്പെടുന്നതായിരിക്കും. അങ്ങനെയുള്ളവർക്ക് കുടുംബമായി സ്ത്രീയുടെ മാതൃസഭയിൽ അംഗത്വം ആഗ്രഹിക്കുന്നുവെങ്കിൽ പുതുതായി അംഗമാകാനുള്ള നടപടികൾ എല്ലാംതന്നെ സ്വീകരിക്കേണ്ടതാണ്.

9. ഇതര സഭയിൽനിന്ന് പുതുതായി സി. എസ്. ഐ. സഭയിൽ ചേരുകയോ വിവാഹംമൂലം ഇതരസഭാംഗമായിത്തീർന്ന സ്ത്രീ വീണ്ടും സി. എസ്. ഐ. സഭയുടെ

അംഗത്വം എടുക്കുകയോ ചെയ്താൽ അഞ്ചു വർഷത്തിനു ശേഷമേ സഭയുടെ സ്ഥാപനങ്ങളിൽ അഡ്മിഷൻ, ജോലി എന്നിവയ്ക്ക് മുൻഗണന ലഭിക്കുവാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ.

## വിവാഹം നടത്തുന്നതിനുള്ള നടപടികൾ

1. രാജ്യത്തിന്റെ നിയമപ്രകാരം പ്രായപൂർത്തി ആയവർക്കു മാത്രമേ സഭയുടെ നിയമപ്രകാരം വിവാഹം കഴിക്കാൻ അവകാശമുള്ളൂ (പുരുഷന് 21 വയസ്സും സ്ത്രീക്ക് 18 വയസ്സും).
2. പൂരിപ്പിച്ച വിവാഹവിളിച്ചുചൊല്ല് ഫാറം ലഭിച്ചാൽ വിവാഹം നടത്തുന്നതിന് സഭയിൽ മൂന്നു പ്രാവശ്യം വിളിച്ചു ചൊല്ലുകയോ, ലൈസൻസിന് അപേക്ഷിച്ച് വാങ്ങുകയോ ചെയ്യണം.
3. മാതൃസഭയിൽനിന്ന് ആറു മാസത്തിലധികം മാറിനിൽക്കുന്ന വിവാഹാർത്ഥി താൻ ആയിരിക്കുന്ന സ്ഥലത്ത് സി. എസ്. ഐ. പള്ളിയുണ്ടെങ്കിൽ ആ പള്ളിയിലെ വികാരിയിൽനിന്നോ അല്ലെങ്കിൽ അവിടെയുള്ള സി. എസ്. ഐ. സഭയുമായി സംസർഗമുള്ള ക്രിസ്തീയ സഭകളിൽ നിന്നോ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
4. ലൈസൻസ് ലഭിച്ചാലും വിവാഹം സഭയിൽ വിളിച്ചു പറഞ്ഞ് പ്രാർത്ഥിക്കുന്നത് ഉചിതമാണ്.
5. സി. എസ്. ഐ. സഭ ഞായറാഴ്ച ദിവസം വിവാഹം അനുവദിക്കുന്നതല്ല. വിവാഹം ഞായറാഴ്ച നടത്തുകയോ ഞായറാഴ്ച നടത്തുന്ന വിവാഹത്തിന് നിശ്ചയം നടത്തുകയോ ദേശകുറി നൽകുകയോ ചെയ്യുവാൻ പാടില്ല. ഞായറാഴ്ച ദിവസം വധുവിനെ പ്രാർത്ഥിച്ചു വിടുന്നതിൽനിന്നും വിവാഹത്തിൽ സംബന്ധിക്കുന്നതിൽനിന്നും വികാരിമാർ ഒഴിവായിരിക്കണം.
6. നോമ്പുകാലങ്ങളിൽ വിവാഹം നടത്തുന്നത് നിരുത്സാഹപ്പെടുത്തേണ്ടതാണ്.

7. നോമ്പുകാലത്തും ആഗമന കാലത്തും വിവാഹം നടത്തണമെങ്കിൽ അതിന് ബിഷപ്പിന്റെ സ്പെഷൽ പെർമിഷനും അതോടൊപ്പം ലൈസൻസും എടുക്കേണ്ടതാണ്. ഇപ്രകാരം മഹായിടവക ബിഷപ്പിന്റെ അനുവാദത്തോടെ നടത്തപ്പെടുന്ന വിവാഹങ്ങൾ വിളിച്ചുചൊല്ലാൻ അനുവാദമില്ല. എന്നാൽ ആഗമന കാലവും നോമ്പുകാലവും കഴിഞ്ഞ് നടത്തുവാൻ ആഗ്രഹിക്കുന്ന വിവാഹങ്ങൾ വിളിച്ചുചൊല്ലുന്നതിനു തടസ്സമില്ല. നോമ്പ്/ ആഗമന കാലങ്ങളിലെ വിവാഹത്തിന് ബിഷപ്പിനെ ക്ഷണിക്കുന്നത് ഉചിതമല്ല.

8. കഷ്ടാനുഭവ ആഴ്ചയിൽ വിവാഹം നടത്തുവാൻ ഒരു കാരണവശാലും അനുവദിക്കുന്നതല്ല.

9. ലൈസൻസോ പ്രത്യേക അനുവാദമോ ആവശ്യമായി വരുമ്പോൾ സ്ത്രീയും പുരുഷനും സി. എസ്. ഐ. സഭാംഗങ്ങൾ ആകുന്നുവെങ്കിൽ രണ്ടുപേരും വ്യത്യസ്ത അപേക്ഷകൾ നൽകേണ്ടതാണ്.

10. ഇതരസഭയിലെ അംഗങ്ങളായ പുരുഷന്റെയോ സ്ത്രീയുടെയോ പള്ളിയിൽവച്ചല്ലാതെ മറ്റൊരു പള്ളിയിൽവച്ച് വിവാഹം നടത്തുവാൻ ആഗ്രഹിക്കുന്നു എങ്കിൽ അതിന് ബിഷപ്പിന്റെ അനുവാദം വാങ്ങിയിരിക്കണം. പുരുഷന്റെയും സ്ത്രീയുടെയും ദേശകുറി മണവാളന്റെ സഭയിലെ പട്ടക്കാരന്റെ കത്തോടുകൂടെ മൂന്നാം പള്ളിയിലെ പട്ടക്കാരനു നൽകേണ്ടതാണ്. ഉപസഭയിലെ വിവാഹം ഇടവക പ്പള്ളിയിൽവച്ചു നടത്തുമ്പോൾ മൂന്നാം പള്ളിക്കുള്ള അനുവാദം ആവശ്യമല്ല.

11. വിവാഹത്തിനു മുമ്പ് സ്ഥിരീകരണം കഴിഞ്ഞിരിക്കണം. ക്രിസ്തേതര വിശ്വാസത്തിൽനിന്നും വിവാഹസംബന്ധമായി സി. എസ്. ഐ. സഭയിൽ ചേരുന്നവർ വ്യക്തമായി സ്ഥിരീകരണ പാഠങ്ങൾ പഠിച്ചു എന്ന് ഇടവകപ്പട്ടക്കാരും സഭാപ്രവർത്തകരും ഉറപ്പുവരുത്തിയിരിക്കണം.

12. വിവാഹത്തിനു മുമ്പ് പുരുഷനും സ്ത്രീയും പ്രി-മാരിറ്റൽ കോഴ്സ് കഴിഞ്ഞിരിക്കണം. സർട്ടിഫിക്കറ്റിന്റെ കോപ്പി ഇട വകപ്പട്ടക്കാരനെ ഏൽപ്പിക്കുകയും വേണം.

13. പുരുഷന്റെയോ സ്ത്രീയുടെയോ പള്ളിയിൽനിന്ന് ദേശ കുറി ലഭിക്കുന്നില്ലായെങ്കിൽ പകരമായി പ്രായം, വിശുദ്ധ സംസർഗക്കാരനോ/ അല്ലയോ, മുൻപ് വിവാഹം കഴിഞ്ഞ തോ/ അല്ലയോ, സഭയുടെ ശിക്ഷണനടപടിക്കു വിധേയ നായിരിക്കുന്നുണ്ടോ എന്നീ കാര്യങ്ങൾ കാണിച്ച് സ്വന്തം പേരിൽ വാങ്ങിച്ച 50 രൂപ മുദ്രപത്രത്തിൽ അഫിഡവിറ്റ് രണ്ടു സാക്ഷികളുടെ ഒപ്പോടുകൂടി സമർപ്പിക്കേണ്ടതാണ്.

14. ഡയോസിസ് യഥാകാലം നിശ്ചയിക്കുന്ന വിളിച്ചുചൊല്ലു ഫീസും, സംഭാവനയും, വീഡിയോ ഫീസും പള്ളിയിലും; ലൈസൻസ്, നോമ്പുകാലത്ത് വിവാഹം നടത്താനുള്ള അനുവാദം, മൂന്നാം പള്ളി വിവാഹത്തിനുള്ള അനുവാദം തുടങ്ങിയവയ്ക്കുള്ള ഫീസ് ഡയോസിസൻ ഓഫീസിലും അടയ്ക്കേണ്ടതാണ്.

## പുനർവിവാഹത്തിന് അപേക്ഷിക്കുന്നവർ അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ

***വിവാഹമോചനവും അതിനെ തുടർന്ന് പുനർവിവാഹവും മഹായിടവക ഒരിക്കലും പ്രോത്സാഹിപ്പിക്കുന്നില്ല. ഒഴിച്ചു കൂടാൻ പാടില്ലാത്ത അവസരങ്ങളിൽ താഴെ പറയുന്ന കാര്യ ങ്ങൾ പാലിക്കണം.***

1. പുനർവിവാഹിതനാകുവാൻ ആഗ്രഹിക്കുന്ന ആളായിരി ക്കണം അപേക്ഷ സമർപ്പിക്കേണ്ടത്.

2. അപേക്ഷകൻ മദ്ധ്യകേരള മഹായിടവകയിലെ ഏതെ ങ്കിലും പള്ളിയിലെ അംഗമായിരിക്കണം. ആ സഭയിലെ കമ്മിറ്റിയുടെ തീരുമാനപ്രകാരം അച്ചന്റെ ശുപാർശയോടു കൂടി വേണം മഹായിടവക ബിഷപ്പിന് സമർപ്പിക്കുവാൻ. കമ്മിറ്റിയുടെ ശുപാർശയുടെ മിനിറ്റ്സിന്റെ കോപ്പി ഹാജ രാക്കണം.

3. നിയമാനുസൃതം വിവാഹമോചനം നേടിയതിന്റെ തെളിവ് (ഡിക്രി, കോടതിയിൽ സമർപ്പിച്ച ഹർജി, പത്രിക, സത്യ വാങ്മൂലം, കോടതിവിധിയുടെ പകർപ്പ് മുതലായവയുടെ അറ്റസ്റ്റ് ചെയ്ത കോപ്പികൾ) അപേക്ഷയോടുകൂടി സമർ പ്പിക്കേണ്ടതാണ്. അപേക്ഷകർ രജിസ്റ്റർ വിവാഹം നടത്തി യിട്ടുണ്ടെങ്കിൽ അതിന്റെ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ട താണ്.

4. പുനർവിവാഹം ചെയ്യുന്നതിനുള്ള അനുവാദം നൽകുന്ന തിനു മുമ്പ് വിവിധ വശങ്ങൾ പരിശോധിക്കേണ്ടതിനായി മാര്യേജ് കൺസ്റ്റ്യൻസ് കമ്മറ്റി കൂടേണ്ട ആവശ്യമുള്ളതു കൊണ്ട് പുനർവിവാഹത്തിനുള്ള ക്രമീകരണം ചെയ്യു ന്നതിന് കുറഞ്ഞത് മൂന്നു മാസങ്ങൾക്കു മുമ്പെങ്കിലും അപേക്ഷ ബിഷപ്പിനു ലഭിച്ചിരിക്കണം.

5. വിവിധ വശങ്ങൾ പഠിച്ചതിനുശേഷം കമ്മിറ്റിക്കു യുക്ത മെന്നു തോന്നിയാൽ മാത്രമേ പുനർവിവാഹത്തിനുള്ള ശുപാർശ കമ്മറ്റി മഹായിടവക ബിഷപ്പിനു നൽകുകയു ള്ളൂ. ബിഷപ്പിന്റെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

6. മഹായിടവക ഫിനാൻസ് ബോർഡ് അതാതു സമയങ്ങ ളിൽ നിശ്ചയിക്കുന്ന ഫീസ് അടച്ചതിന്റെ രസീതും അപേ ക്ഷയോടൊപ്പം വയ്ക്കേണ്ടതാണ്.

---

## സ്ഥിരീകരണ ശുശ്രൂഷ നടത്തുന്നതിനെ സംബന്ധിച്ചു പട്ടക്കാരും ഉപദേശിമാരും അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ

1. സ്ഥിരീകരണ ക്ലാസ്സുകൾ ആരംഭിക്കുന്നതിനുമുമ്പ് ബിഷ പ്പിന്റെ അനുവാദം വാങ്ങണം.

2. ക്ലാസ്സുകൾ കുറഞ്ഞത് 6 മാസമെങ്കിലും നടത്തിയിരി ക്കണം. അഭിവന്ദ്യ റൈറ്റ് റവ. റ്റി. ബി. ബെഞ്ചമിൻ തിരു മേനി എഴുതിയ **'സ്ഥിരീകരണ പാഠങ്ങൾ'** എന്ന പുസ്ത കമോ സിനഡ് പുറത്തിറക്കിയ പുസ്തകമോ പഠനത്തിന്

ഉപയോഗിക്കാവുന്നതാണ്. വേദപുസ്തകം, സഭാ വിജ്ഞാനീയം, വിശ്വാസപ്രമാണങ്ങൾ, പൊതുവിജ്ഞാനം, സി. എസ്. ഐ.യുടെയും മദ്ധ്യകേരള മഹായിടവകയുടെയും ചരിത്രം, ആചാരങ്ങൾ, സക്രമെന്തുകൾ, വിവാഹത്തിനുള്ള തയ്യാറെടുപ്പ്, കാലാനുസൃതമായി സഭ നിർദ്ദേശിക്കുന്ന പഠനവിഷയങ്ങൾ ഇവയെല്ലാം സിലബസ്സിൽ ഉൾപ്പെടുത്തണം.

3. പഠനം പൂർത്തിയാക്കിയതിനുശേഷം മാത്രം സ്ഥിരീകരണ ശുശ്രൂഷ നടത്തുവാനുള്ള തീയതി ബിഷപ്പുമായി ആലോചിച്ചു തീരുമാനിക്കണം. അപ്പോൾതന്നെ സ്ഥാനാർത്ഥികളുടെ ലിസ്റ്റ് ബിഷപ്പിനെ ഏൽപ്പിക്കണം.

4. മദ്ധ്യകേരള മഹായിടവകയ്ക്കുള്ളിലും മറ്റു സ്ഥലങ്ങളിലുമായി 400-ൽപരം പള്ളികളിൽ സ്ഥിരീകരണശുശ്രൂഷ നടത്തുന്നത് പ്രായോഗികമായി സാധിക്കാത്തതുകൊണ്ട് ഓരോ ഇടവകയിലെ ഏതെങ്കിലും ഒരു സ്ഥലം കേന്ദ്രീകരിച്ച് എല്ലാ ഉപസഭകളെയും ഉൾപ്പെടുത്തി ശുശ്രൂഷ ക്രമീകരിക്കേണ്ടതാണ്.

5. സ്ഥാനാർത്ഥികൾ സ്നാനപ്പെട്ടവരും 13 വയസ്സോ അതിനു മുകളിലോ പ്രായമുള്ളവരും ആയിരിക്കണം.

6. മറ്റ് ഇടവകകളിൽനിന്നും സ്ഥാനാർത്ഥികളെ അയയ്ക്കുമ്പോൾ, അവരെ ശരിയാംവണ്ണം പഠിപ്പിക്കുകയും ഒരുക്കുകയും ചെയ്തിട്ടുണ്ടെന്നുള്ളത് ആ ഇടവകയിലെ പട്ടക്കാരൻ രേഖാമൂലം അറിയിക്കേണ്ടതാണ്.

7. സ്ഥിരീകരണം കഴിയുന്നവർക്കുള്ള കാർഡുകൾ മഹായിടവക ബുക്ക് ഡിപ്പോയിൽനിന്നും നേരത്തെ വാങ്ങി ശുശ്രൂഷാദിവസം കൊടുക്കേണ്ടതാണ്. മറ്റു സമ്മാനങ്ങളും, ബൈബിളും കൊടുക്കുന്നത് ഉത്തമമാണ്.

8. സ്ഥിരീകരണ ശുശ്രൂഷാദിവസമുള്ള സ്തോത്രകാഴ്ച മുഴുവനായി മഹായിടവക ഓഫീസിൽ അടയ്ക്കേണ്ട താണ്. അന്ന് കുട്ടികളിൽനിന്നും പ്രത്യേക കവർപിരിവ് നടത്തി ലഭിക്കുന്നതു മാത്രമായി ഓഫീസിൽ അടയ്ക്ക രുത്.

9. ആരാധനയ്ക്കുള്ള എല്ലാ ക്രമീകരണങ്ങളും ഇടവക പട്ടക്കാരൻ നേരത്തെതന്നെ ബിഷപ്പിനോട് ആലോചിച്ച് ചെയ്യേണ്ടതാണ്.

10. സ്ഥാനാർത്ഥികൾ കഴിവതും വെള്ള വസ്ത്രധാരികളായി ആരാധനയിൽ സംബന്ധിക്കണം. മാതാപിതാക്കന്മാരും ജ്ഞാനമാതാപിതാക്കന്മാരും കഴിവുള്ളടത്തോളം ആരാ ധനയിൽ സംബന്ധിക്കണം.